# കത്തോലിക്കാ വിദ്യാഭ്യാസം

## ചില സിദ്ധാന്തങ്ങളും ചില വൃത്താന്തങ്ങളും.

### കർമ്മലകുസുമത്തിൻെറയും സത്യനാദത്തിൻെറയും ആക്ഷേപങ്ങൾ.

---

"Da Eccleesiae tuae.........superbe non sapere.........".

ഐ. സി. ചാക്കോ

ബി. എസ്സി., (ലണ്ടൻ) ബി. എ., എ. ആർ. എസ്. എം.,
എ. ആർ. സി. എസ്.

OCTOBER 1952. PRICE As. 4

## ഉള്ളടക്കം

1. ഉപോദ്ഘാതം
2. സ്ഥാപന
3. കർമ്മലകുസുമത്തിനു പ്രത്യാഖ്യാനം
4. കുസുമം പത്രാധിപരും ഐ. സി. ചാക്കോയും
—സി. കെ. ജോസഫ്
5. ഒരു തിരിഞ്ഞുനോട്ടം
6. അനുബന്ധങ്ങൾ:
    I. കർമ്മലകുസുമത്തിന്റെ ലേഖനം
    II. സത്യനാദത്തിന്റെ പ്രസ്താവനകളും–മറുപടികളും

---

ആലപ്പുഴ ബി. കെ. എം. പ്രസ്സിൽ അച്ചടിക്കപ്പെട്ടതു്

# ഉപോദ്ഘാതം

ഈ ലഘുലേഖ 'കൎമ്മലകുസുമം' എന്ന വൈദികമാസികത്തിന്റെയും 'സത്യനാദം' എന്ന വൈദികവാരികത്തിന്റെയും പരിഹാസങ്ങളുടെ ആനൎത്ഥക്യത്തെ വെളിപ്പെടുത്തുന്നതിനായി എഴുതപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ഇവിടെ വിജിഗീഷയല്ല എന്റെ ഉദ്ദേശം. പരിഹാസത്തിൽ അടങ്ങിയിരിക്കുന്ന അസത്യങ്ങളെ വിവരിക്കയെന്നുള്ളതു മാത്രമാണെന്റെ ലക്ഷ്യം.

കത്തോലിക്കരുടെ പ്രതിനിധികൾ സമ്മതിച്ചതനുസരിച്ചാണല്ലൊ പനമ്പള്ളിപ്പദ്ധതിയെന്നു വ്യവഹരിക്കപ്പെടുന്ന അദ്ധ്യാപകവേതനപദ്ധതി ഗവമ്മെന്റു സ്വീകരിച്ചതു്. അതു പ്രസിദ്ധീകരിക്കപ്പെട്ടതിനു ശേഷം ചില ബുദ്ധിമാന്മാർ ആലോചിച്ചു കണ്ടുപിടിച്ചു ഗവൎമ്മെന്റിനെ, വിശിഷ്യ ശ്രീ പനമ്പള്ളിയെ, ഒന്നു ഭീഷണിപ്പെടുത്തിയാൽ അദ്ധ്യാപകന്മാരുടെ ശമ്പളം കൊടുക്കുന്നതിനായി ഗവൎമ്മെന്റു നീക്കിവെയ്ക്കുന്ന മുതൽ മാനേജർമാരുടെ ഇഷ്ടംപോലെ ചെലവിടത്തക്കവിധത്തിൽ ഗ്രാന്റായിട്ടു കിട്ടുമെന്ന്. ഓരോ തത്പരകക്ഷിക്ക് ഈ നയം ഓരോ വിധത്തിൽ ശോഭനമായിട്ടു തോന്നി. ഗൃധ്നുക്കളായവൎക്കു തോന്നി പണം സ്വാധീനത്തിൽ വരുത്തുന്നതിന് ഇതൊരു നല്ല വാദമാണെന്ന്. അദ്ധ്യാപകന്മാരുടെ മേൽ അധീശത്വം സ്ഥാപിച്ചു പ്രാഭവം നേടാമല്ലൊ എന്നു മററു ചിലർ വിചാരിച്ചു. ഒരു പ്രക്ഷോഭണമുണ്ടാക്കിയാൽ അതിന്റെ കല്ലോലശൃംഗങ്ങളിൽ എത്തി പ്രസിദ്ധിയും നേതൃത്വവും ജീവികാസാധനവും സമ്പാദിക്കാമെന്നു ചില ലൗകികപ്രമാണികളും നിശ്ചയിച്ചു. ഇതിന്റെയെല്ലാം ഫലം സാധുക്കളായ അദ്ധ്യാപകന്മാരുടെ ചിരപ്രാൎത്ഥിതമായ കാൎയ്യം അവതാളത്തിലാകുമെന്നുള്ളതുമായിരുന്നു.

ഇതിന് എനിക്കെന്താണ്? വൈദികാദ്ധ്യക്ഷന്മാരുടെ നിൎദ്ദേശമനുസരിച്ച് ചില വൈദികരും കുറെ ലൗകികപ്രമാണികളും കൂടി കത്തോലിക്കാസഭയുടെ നാമത്തിൽ ആ സഭയുടെ സംസ്ഥിതിക്കുവേണ്ടി നടത്തുന്ന ഒരു പ്രക്ഷോഭണത്തെ ആക്ഷേപിക്കാൻ എനിക്കെന്തു കാൎയ്യം? എന്നു ചിലർ ചോദിക്കാറുണ്ട്. പ്രയോജനാപേക്ഷ കൂടാതെ സത്യത്തിനും ധൎമ്മത്തിനും വേണ്ടി പ്രവൎത്തിക്കുന്നവരും ഈ ലോകത്തിലുണ്ടെന്നു മാത്രം ഇതിനു സമാധാനം പറഞ്ഞാൽ മതിയാകും.

എന്നാൽ പ്രയോജനാപേക്ഷിത്വം എനിക്കില്ലെന്നു ഞാൻ പറയുന്നില്ല. കത്തോലിക്കാസഭയുടെ ആദൎശങ്ങളെന്തെന്ന് ഓരോ കാലത്തും അതിനെ ഭരിച്ചിരുന്ന പരമാധികാരികളുടെ പ്രബോധനങ്ങളിൽ നിന്നും വിശുദ്ധന്മാരുടെ മാതൃകകളിൽ നിന്നും ഗ്രഹിക്കുവാൻ ശ്രമിച്ചിട്ടുള്ളവനും ശ്രമിച്ചുകൊണ്ടിരിക്കുന്നവനുമാണു ഞാൻ. പ്രക്ഷോഭണം കത്തോലിക്കാസഭയെ കേരളത്തിൽ അപഹാസ്യവും ക്ഷീണവുമാക്കിത്തീൎക്കുമെന്നെനിക്കു കാണാമായിരുന്നു. ആ ഫലത്തെ ചൂണ്ടിക്കാണിച്ചു പ്രക്ഷോഭണത്തെ അവസാനിപ്പിക്കേണമെന്ന് എനിക്ക് ആഗ്രഹമുണ്ടായി. അതിനായി ഞാൻ ശ്രമിക്കയും ചെയ്തു.

വൈദികാദ്ധ്യക്ഷന്മാർ പ്രക്ഷോഭണം നിർദ്ദേശിച്ചിരിക്കുമ്പോൾ അതിനെ അപലപിക്കുവാൻ ഞാൻ ആരാണ്? ഇതിനു പറയാനുള്ളത് വൈദികമേലദ്ധ്യക്ഷന്മാർ യാതൊരു പ്രക്ഷോഭണവും നിർദ്ദേശിച്ചിരുന്നില്ലെന്നാണ്. പനമ്പിള്ളി പദ്ധതിയിൽ ഇന്ന ഭേദഗതി വരുത്തേണ്ടതാണെന്നവർ നിർദ്ദേശിച്ചുവെന്നുള്ളതു വാസ്തവമാണ്. അതു പ്രക്ഷോഭണത്തിനുള്ള ഒരു പ്രരോചനയാണെന്നു കത്തോലിക്കാജനങ്ങളെ സ്വാധീനപ്പെടുത്തുന്നതിനായി പ്രക്ഷോഭണകുതുകികൾ പറഞ്ഞു പരത്തിയതാണ്. സമാധാനാശംസികളായ വൈദികാദ്ധ്യക്ഷന്മാർ ഇങ്ങനെയൊരു പ്രരോചന നൽകുമെന്ന് കാര്യജ്ഞാനമുള്ളവർക്കു വിശ്വസിക്കാൻ നന്നേ പ്രയാസം.

പ്രക്ഷോഭണം വിജയത്തിൽ അവസാനിച്ചുവെന്നു 'കർമലകുസുമ'വും 'സത്യനാദ'വും അഭിമാനം കൊള്ളുന്നു. ഭാവന ചെയ്യുന്ന ആ വിജയത്തിന്റെ ലഹരിയിൽ പ്രക്ഷോഭണം തന്നെയാണ് കാര്യസിദ്ധിക്ക് ഉത്തമമായ കരണമെന്ന് കുസുമം പത്രാധിപർ ഉദ്ബോധിപ്പിക്കയും ചെയ്യുന്നു. പക്ഷെ വിജയം എവിടെ? പ്രക്ഷോഭകന്മാർ യാതൊരു വിജയവും സമ്പാദിച്ചതായി കാണുന്നില്ല. പ്രക്ഷോഭണം നടത്തി പരാജയത്തിലെത്തുന്നവർ ചിലപ്പോൾ തങ്ങൾ ജയിച്ചുവെന്നു ഘോഷിക്കാറുണ്ട്. കാര്യമെന്തെന്നറിയാതെ നേതാക്കന്മാരുടെ ആഹ്വാനമനുസരിച്ച് പ്രക്ഷോഭണത്തിൽ ചേർന്നവരെ സമാധാനപ്പെടുത്തുന്നതിനായി ഇങ്ങനെ ഒരു കള്ളംകൂടെ പറഞ്ഞു പരത്തേണ്ടതാകുന്നു. 'കുസുമ'വും 'നാദ'വും ആ കൃത്യവും നിർവ്വഹിച്ചിരിക്കുന്നു. അല്ലെങ്കിൽ പ്രക്ഷോഭണാഹ്വാനങ്ങളെ അനുസരിക്കുവാൻ മേലിൽ ആളില്ലാതാകുമല്ലോ.

കത്തോലിക്കാസഭയുടെ സംസ്ഥിതിക്കോ പരിപോഷണത്തിനോ വേണ്ടിയെന്നും പറഞ്ഞ് ആരംഭിക്കപ്പെടുന്ന യാതൊരു സംരംഭവും അസത്യത്തിലോ, വഞ്ചനയിലോ, അനീതിയിലോ, ഗർവത്തിലോ, ഭീഷണിയിലോ അധിഷ്ഠിതമായിരിക്കരുത്. ഈ ദോഷങ്ങൾ പ്രയോഗിക്കപ്പെടുന്നത് തന്റെ കാര്യത്തിനുവേണ്ടിയായിരുന്നാലും ക്രിസ്തുവിനതു ഹിതമായിരിക്കുകയില്ലെന്നു ഗ്രഹിക്കുന്നതിനു സന്മാർഗ്ഗശാസ്ത്രവിശാരദന്മാരായ വൈദികവരേണ്യന്മാരുടെ സാഹായ്യം ആവശ്യമില്ല. ഈ ദോഷത്തിലേക്കു ജനങ്ങൾക്കു പ്രചോദനം നൽകുന്നവർ വൈദികരായിരുന്നാലും, അവർ ക്രിസ്തുവിനുവേണ്ടിയല്ല, സ്വാർത്ഥത്തിനു വേണ്ടിയാണങ്ങനെ ചെയ്യുന്നതെന്നു വിചാരിച്ചാൽ അതിൽ തെറ്റൊന്നുമില്ല.

പുളിംകുന്ന്,<br>
10—8—52

ഐ. സി. ചാക്കോ

# അദ്ധ്യാപകപ്രശ്നം.

## കർമലകുസുമത്തിന്റെ വിമർശനം.

### സ്ഥാപന

കത്തോലിക്കാസഭയുടെ ശ്രദ്ധാ (വിശ്വാസ) സംഹിതയ്ക്കു ഭംഗം വരാത്ത വിധത്തിൽ കാത്തോലിക്കാ ബാലന്മാക്ക് വിദ്യാഭ്യാസം നൽകണമെന്നുള്ള കാര്യത്തിൽ കത്തോലിക്കരുടെയിടയിൽ അഭിപ്രായവ്യത്യാസമില്ല. ശ്രദ്ധയെ അല്ലെങ്കിൽ വിശ്വാസത്തെ അഭംഗമായി പാലിച്ചെങ്കിൽ മാത്രമേ ഓരോ വ്യക്തിയും സ്വർഗ്ഗത്തിന്നർഹരായിത്തീരുകയുള്ളുവെന്ന് സഭാദേശികന്മാർ ഉപദേശിക്കുന്നു. അതിനാൽ ഓരോ വ്യക്തിയുടേയും മനസ്സിൽ ശ്രദ്ധയെ യഥാരൂപം സ്ഥാപിക്കയും അതിനു ഭംഗം വരുത്താത്തവിധത്തിൽ അതിനെ പാലിക്കുന്നതിനു വേണ്ട വിജ്ഞാനം ഓരോരുത്തക്കും നൽകുകയും ചെയ്യേണ്ടതു കത്തോലിക്കാസഭയുടെ അനുപേക്ഷണീയമായ കർത്തവ്യമായിതീരുന്നു. ഈ കർത്തവ്യം നിർവഹിക്കുന്നതിന് ഏററം ക്ഷമമായ ഉപകരണം വിദ്യാലയവുമാകുന്നു.

കത്തോലിക്കരുടെ ഈ മനോവൃത്തി മററു പല മതങ്ങളുടേയും അനുയായികൾക്ക് ശരിയായിട്ടു മനസ്സിലാക്കുവാൻ പ്രയാസമുണ്ടായിരിക്കാം. ഭാരതത്തിൽ കത്തോലിക്കരുടെ സഹവാസികളായ ഹിന്ദുക്കൾക്കുതന്നെ ഇതു മനസ്സിലാക്കുവാൻ പ്രയാസമുണ്ടായിരിക്കും. ശ്രദ്ധയേക്കാൾ പ്രധാനമായി ഹിന്ദുമതം ഗണിക്കുന്നതു് കർമ്മത്തെയാണ്. ഒരുവന്റെ ശ്രദ്ധ അല്ലെങ്കിൽ വിശ്വാസം എന്തുതന്നെയായിരുന്നാലും അവൻ ശാസ്ത്രവിഹിതങ്ങളായ കർമ്മങ്ങൾ യഥാവിധി നിർവ്വഹിച്ചാൽ അവയുടെ ഫലങ്ങൾ അവനു ലഭിക്കുന്നതായിരിക്കും. എന്നാൽ ക്രിസ്ത്യാനിയുടെ വീക്ഷണമിങ്ങനെയല്ല. ഒരുവൻ എത്രനല്ല കർമ്മങ്ങൾ ചെയ്താലും അവന്റെ ശ്രദ്ധ പിഴച്ചതാണെങ്കിൽ അവൻ പിഴച്ചവൻതന്നെ.

ശ്രദ്ധയെക്കുറിച്ചുള്ള ഈ നിഷ്കർഷയാണ് മതകാര്യങ്ങളിൽ അന്യോന്യം വർജ്ജിക്കുന്ന അനേകം ക്രിസ്ത്യാനിസഭകൾ അല്ലെങ്കിൽ ക്രിസ്ത്യാനിസമുദായങ്ങൾ ഉണ്ടായിരിക്കുന്നതിന്റെ കാരണം. ശ്രദ്ധാവിഷയങ്ങളായ ക്രിസ്തുവിന്റെ ഉപദേശങ്ങൾ മനുഷ്യബുദ്ധികൊണ്ടു മാത്രം വ്യാഖ്യാനിച്ചാൽ ഭിന്നാർത്ഥങ്ങളായ പല നിഗമനങ്ങളുമുണ്ടാകാം. എന്നാൽ ഒരേ കാര്യത്തെക്കുറിച്ച് വിരുദ്ധങ്ങളായ നിഗമനങ്ങൾ ഉണ്ടാകുന്നതു് യുക്തിക്കുചേരാത്തതും പ്രായോഗികങ്ങളായ വൈഷമ്യങ്ങൾ ഉണ്ടാക്കുന്നതുമായിരിക്കുമല്ലോ. ശക്യസ്വീകാരങ്ങളായ പല നിഗമനങ്ങളിൽ ഏതാണു സ്വീകാര്യമെന്നു നിർണ്ണയിക്കുന്നതിനുള്ള അധികാരം ക്രിസ്തു പത്രോസിനും പത്രോസിന്റെ അനന്തരന്മാരായ മാപ്പാപ്പാമാക്കും നൽകിയിട്ടുണ്ടെന്ന് കത്തോലിക്കർ വിശ്വസിക്കുന്നു. യഥാതഥം ശ്രദ്ധയെ ഗ്രഹിക്കയും

അതിനെ പാലിക്കയും ചെയ്യണമെന്നു ക്രിസ്തു ഉപദേശിച്ചിട്ടുള്ളതിനാൽ അതു് സ്വർഗ്ഗപ്രാപ്തിക്ക് അവശ്യംവേണ്ട ഒരുപാധിയാണെന്നും കാത്തോലിക്കർ വിശ്വസിക്കുന്നു. സാമുദായികമായിട്ടും ഇതിനൊരു പ്രയോജനമുണ്ട്. ഐകശ്രദ്ധ്യത്തിൽനിന്നു ഐകമത്യം ഉത്ഭവിക്കുന്നു. സംഘാതപ്രവൃത്തികൾക്ക് അവശ്യംവേണ്ട ഒരുപാധിയാണല്ലൊ ഇതു്. എന്നാൽ സ്വാർത്ഥത്തിനുവേണ്ടി നൃത്തംചെയ്യുന്നവർ ഐകശ്രദ്ധ്യതത്വത്തെ തെററിദ്ധരിപ്പിച്ച പ്രക്ഷോഭണങ്ങൾക്ക് വേണ്ടി കത്തോലിക്കരിൽ ഐകമത്യം ജനിപ്പിക്കുന്നതിനു ശ്രമിച്ചേയ്ക്കാം. കഴിഞ്ഞ വിദ്യാഭ്യാസപ്രക്ഷോഭണത്തിൽ സംഭവിച്ചതാണെന്നു മററൊരു ഭാഗത്തു ഞാൻ തെളിയിക്കുന്നതായിരിക്കും.

ഏതെങ്കിലും ആദർശങ്ങൾ നില നിർത്തണമെന്ന് ആഗ്രഹിക്കുന്ന ഒരു സമുദായം ആ ആഗ്രഹത്തിനനുരോധമായ വിധത്തിൽ വിദ്യാഭ്യാസനപദ്ധതി രൂപീകരിക്കേണ്ടതാകുന്നു. ശ്രദ്ധാനരൂപമായ വിദ്യാഭ്യാസം നൽകുന്ന കാര്യത്തിൽ കത്തോലിക്കാസഭ എല്ലാക്കാലത്തും നിർബന്ധം കാണിച്ചിട്ടുണ്ട്. ഏറെക്കുറെ എല്ലാ മതകീയ സമുദായങ്ങൾക്കും ഈ നിർബ്ബന്ധമുണ്ട്. രാഷ്ട്രവ്യവസ്ഥിതിക്കു ഭംഗം വരുത്താത്ത ഏവംവിധങ്ങളായ സമുദായാഭിലാഷങ്ങൾക്കു രാഷ്ട്രാധികാരികൾ പ്രതിബന്ധങ്ങൾ ഉണ്ടാക്കരുതാത്തതാകുന്നു.

വിദ്യാഭ്യാസനത്തിൽ മതാദർശങ്ങൾ സംരക്ഷിക്കുന്നതിനായി കത്തോലിക്കർ വളരെ ത്യാഗങ്ങൾ ചെയ്യുന്നുണ്ട്. എന്നാൽ കത്തോലിക്കാ വിദ്യാലയങ്ങൾ ഉദ്ദിഷ്ടഫലം ഉളവാക്കുന്നുണ്ടെന്നു വിശ്വസിക്കുവാൻ എൻെറ അനുഭവങ്ങൾ എന്നെ അനുവദിക്കുന്നില്ല. വിദ്യാർത്ഥികളുടെ സ്വഭാവരൂപീകരണത്തിൽ കത്തോലിക്കാ വിദ്യാലയങ്ങൾ മററു വിദ്യാലയങ്ങളെക്കാൾ മെച്ചമാണെന്നെനിക്കറിവില്ല.

കത്തോലിക്കാ വിദ്യാലയങ്ങളിലേയും പാഠപദ്ധതികൾ നിർണ്ണയിക്കുന്നതു ഗവർമ്മെണ്ടാണല്ലോ. പാഠ്യഗ്രന്ഥങ്ങൾ തിരഞ്ഞെടുക്കുന്നതിനുള്ള അവകാശം കത്തോലിക്കർക്കില്ലെങ്കിൽ അവരുടെ വിദ്യാലയങ്ങളിൽ കത്തോലിക്കാ അന്തരീക്ഷം പൂർണ്ണമായി പാലിക്കപ്പെടുന്നുണ്ടെന്നു പറയാൻ നിവൃത്തിയില്ല. ജഗൽപ്രസിദ്ധനായ ഒരു ഗ്രന്ഥകാരൻെറ (ഉദാ: നെഹ്രു.) പുസ്തകത്തിലുള്ള ഒരാശയം ത്യാജ്യമാണെന്ന് അത്രയ്ക്കു് പ്രസിദ്ധനല്ലാത്ത ഒരദ്ധ്യാപകൻ പറഞ്ഞാൽ അതു വിദ്യാർത്ഥികളിൽ വിശ്വാസം ജനിപ്പിക്കയില്ലെന്നു പറയേണമെന്നില്ലല്ലൊ. ഇങ്ങനെയുള്ള ആശയങ്ങൾ വർജ്ജ്യങ്ങളാണെന്നു വിചാരിക്കുന്നവർ അവയെ ആദർശങ്ങളിൽ സ്ഥിരത ലഭിച്ചിട്ടില്ലാത്ത ബാലവിദ്യാർത്ഥികളുടെ മുൻപിൽ അവതരിപ്പിക്കാതെയിരിക്കയാണു വേണ്ടതു്. പാഠ്യപുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം അവർക്കില്ലെങ്കിൽ ഇതു് സാധിക്കയുമില്ല. ഇങ്ങനെയുള്ള അനുപേക്ഷണീയങ്ങളായ കാര്യങ്ങൾ സാധിക്കുന്നതിൽ ഉദാസീനന്മാരായിരിക്കുന്നവർ തത്വത്തിൽ എങ്ങനെയായാലും പ്രയോഗത്തിൽ

വ്യത്യാസമൊന്നുമില്ലാത്ത മൗലികാവകാശങ്ങൾക്കു വേണ്ടി ജനങ്ങളെ ഇളക്കിമറിച്ചു രാഷ്ട്രത്തെ അസ്വസ്ഥമാക്കുന്നതിൽ ആത്മാർത്ഥതയുണ്ടോ എന്നു ചിലർ സംശയിക്കുന്നതിൽ അത്ഭുതത്തിന്നവകാശമില്ല.

കത്തോലിക്കർ സ്വാദർശങ്ങൾ പാലിക്കുന്നതിനായി സ്വയം വിദ്യാലയങ്ങൾ നടത്തുന്നതിൽ കാണിക്കുന്ന ഉത്സാഹത്തിന്നനുരൂപമായ ഗുണം ആ വിദ്യാലയങ്ങളിൽ നിന്നുത്ഭവിക്കുന്നുണ്ടെന്ന് എനിക്കൊരിക്കലും തോന്നിയിട്ടില്ല. കത്തോലിക്കാ വിദ്യാലയങ്ങളിൽ പഠിച്ചു ലോകത്തിൽ വന്നിട്ടുള്ള കത്തോലിക്കർ മററു വിദ്യാലയങ്ങളിൽ പഠിച്ചുവന്നിട്ടുള്ള മററു കത്തോലിക്കരെക്കാളോ, കത്തോലിക്കരല്ലാത്തവരെക്കാളോ, സന്മാർഗ്ഗനിരതരാണെന്നെനിക്കനുഭവപ്പെട്ടിട്ടില്ല. കത്തോലിക്കാ വിദ്യാലയങ്ങളിൽനിന്നു പഠിച്ചിറങ്ങിയിട്ടുള്ള വർ ആ വിദ്യാലയങ്ങളെക്കുറിച്ചാകട്ടേ, അവയുടെ വൈദികമേധാവികളെക്കുറിച്ചാകട്ടേ, ഭക്തിബഹുമാനങ്ങളോടുകൂടെ സംസാരിക്കുന്നതു ഞാൻ കേട്ടിട്ടില്ലെന്നു സാമാന്യമായി പറയാം. എന്നാൽ പലരും അവജ്ഞാപൂർവം സംസാരിക്കുന്നതു ഞാൻ കേട്ടിട്ടുമുണ്ട്. കത്തോലിക്കരായ പല അദ്ധ്യാപകന്മാരും തങ്ങളുടെ വൈദികാധികാരികളുടെ അന്യായങ്ങളെക്കുറിച്ചു പരാതികൾ പറയുന്നതും അമർഷം പ്രദർശിപ്പിക്കുന്നതും സാധാരണമാണ്.

ഇങ്ങനെയുള്ള അനുഭവങ്ങളുള്ളവർ അവയുടെ കാരണങ്ങളെക്കുറിച്ചു ചിന്തിച്ചുപോയെങ്കിൽ അതു ഗർഹണീയമായിരിക്കയില്ല. പ്രസ്തുത യഥാർത്ഥ കാരണങ്ങൾ കണ്ടുപിടിച്ച് അവയെ പരിഹരിക്കുന്നതിനു സകല കത്തോലിക്കരും പ്രയത്നിക്കേണ്ടതാകുന്നു. എൻെറ അനുഭവങ്ങൾ തന്നേ യഥാർത്ഥമായിരിക്കുമെന്നെനിക്കു വാദമില്ല. ഞാൻ കണ്ടുപിടിച്ചു വിവരിക്കുവാൻ പോകുന്ന കാരണങ്ങൾ ശരിയായിരിക്കണമെന്നും എനിക്കു വാദമില്ല. എന്നാൽ എൻെറ അനുഭവങ്ങളെയും ഞാൻ ഉന്നയിക്കുന്ന കാരണങ്ങളെയും അവഹേളനംകൊണ്ടു നിരാകരിച്ചുകളയാമെന്നു വിചാരിച്ച് ആരെങ്കിലും അതിനൊരുമ്പെട്ടാൽ അത് അധർമ്മ്യമായിരിക്കും. എന്നു മാത്രമല്ല, അവഹേളനംകൊണ്ടു തൃപ്തിപ്പെട്ടിരുന്നാൽ ഉള്ളതാണെങ്കിൽ നീക്കേണ്ടതായ ദോഷങ്ങൾ നീക്കപ്പെടാതിരിക്കയും ചെയ്യും. ഇതു കത്തോലിക്കാ സഭയ്ക്കു ശ്രേയസ്കരമായിരിക്കയുമില്ല.

വൈദികരും ലൗകികരും അദ്ധ്യാപകന്മാരായിട്ടുള്ള വിദ്യാലയങ്ങളിൽ വ്യക്തമല്ലാത്തതെങ്കിലും സത്തയുള്ള ഒരു മാനസികവൈരുദ്ധ്യം സാമാന്യമായി പ്രവൎത്തിച്ചുകൊണ്ടാണിരിക്കുന്നത്. ലൗകികരായ അദ്ധ്യാപകരിൽ ആധശ്ശബുദ്ധി ജനിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടെയാണ് മിക്ക വൈദികാധികാരികളും പ്രവൎത്തിക്കുന്നത്. മനുഷ്യരുടെ പരമലക്ഷ്യ

മായ ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയിൽ മദ്ധ്യസ്ഥരായി നിൽക്കുന്നവരാണല്ലോ വൈദികർ. അവർ ക്രിസ്തുവിന്റെ പ്രതിപുരുഷന്മാരും തൻമൂലം ആദരണീയന്മാരുമാണ്. സംശയമില്ല. കത്തോലിക്കരെല്ലാം ഈ ഔന്നത്യം സമ്മതിച്ചുകൊടുക്കുന്നുമുണ്ട്, എന്നാൽ വൈദികരും ലൗകികരും തുല്യകർമ്മങ്ങൾ ചെയ്യുകയും തുല്യാദരം അർഹിക്കുകയും ചെയ്യുന്ന രംഗങ്ങളിൽ വൈദികർ തങ്ങളുടെ ഔന്നത്യം പ്രകടിപ്പിച്ചുകൊണ്ട് സഹകാരികളായ ലൗകികരുടെ അധമത്വത്തെ പ്രദർശിപ്പിച്ചുതുടങ്ങിയാൽ അതിന്റെ ഫലം അന്യോന്യവൈരുദ്ധ്യമായിരിക്കും. പല കത്തോലിക്കാ വിദ്യാലയങ്ങളിലും ഇതു സംഭവിക്കുന്നുണ്ട്. തങ്ങളുടെ പ്രവൃത്തികൾ തങ്ങളുടെ മതബോധത്താൽ പ്രേരിതങ്ങളാണെന്ന് ഈ വൈദികാധികാരികൾ വിശ്വസിക്കുന്നുണ്ടായിരിക്കാം. എന്നാൽ ഇവർ മന:ശാസ്ത്രതത്വങ്ങളെ അവഗണിക്കുന്നുവെന്നു പറയേണ്ടിയിരിക്കുന്നു. ചിലർ മതതീഷ്ണതയെന്നു വിചാരിക്കുന്നതു കേവലം അഹംഭാവമാണെന്നും വരാവുന്നതാണ്. അവരുടെ നടപടികൾ സ്വാർത്ഥപ്രേരിതമാണെന്നും വരാം. അവരുടെ പ്രവൃത്തികളാൽ പരിതപ്തരായിത്തീരുന്നവർ ഏവംവിധങ്ങളായ വ്യാഖ്യാനങ്ങൾ നൽകിയാൽ അതിൽ വിസ്മയത്തിനവകാശമില്ല.

വിദ്യാഭ്യാസത്തിന്റെ രക്ഷാധികാരിയായി കത്തോലിക്കാസഭ സ്വീകരിച്ചിരിക്കുന്നതു ജോൺബാപ്റ്റിസ്റ്റ് ദലസാൾ എന്ന വിശുദ്ധനെയാണല്ലോ. ഈ വിശുദ്ധൻ വിദ്യാഭ്യാസനത്തിൽ വ്യാപൃതനായിരുന്നു എന്നു നമുക്കറിയാമല്ലോ. ഇദ്ദേഹം അദ്ധ്യാപകന്മാരുടെ ഒരു സന്യാസിസംഘം സ്ഥാപിച്ചിട്ടുമുണ്ട്. ഈ സംഘത്തിനൊരുവിശേഷമുണ്ട്. സംഘാംഗങ്ങൾ ആരും വൈദികരായിരിക്കരുത്. അദ്ധ്യാപകന്മാർ വൈദികരായിരുന്നാൽ വൈദികർ അവശ്യം നിർവഹിക്കേണ്ടതെന്നു കത്തോലിക്കാസഭ നിശ്ചയിച്ചിരിക്കുന്ന കർത്തവ്യങ്ങളാൽ അദ്ധ്യാപനത്തിന്നു വേണ്ട സ്വാതന്ത്ര്യവും സൗകര്യവും അവക്കു പൂർണ്ണമായി ഉണ്ടായിരിക്കയില്ലല്ലോ. സംഘാംഗങ്ങൾ വൈദികരായിരിക്കരുതെന്നുള്ള വ്യവസ്ഥയുടെ ഒരു കാരണമിതാണ്. വൈദികരെ ഈ സംഘത്തോടു ഘടിപ്പിച്ചിട്ടില്ല. വൈദികരും ലൗകികരും ചേർന്ന് അദ്ധ്യാപനം നടത്തിയാൽ ഇവർ തമ്മിൽ ഉണ്ടാകാവുന്ന ഔന്നത്യാധമത്വബുദ്ധി ശിക്ഷണത്തെ സാരമായി സ്പർശിക്കുമെന്നുള്ള അഭിപ്രായവും വിശുദ്ധനുണ്ടായിരുന്നു. തന്റെ അധികാരത്തിൻകീഴ് അദ്ധ്യാപകരായിരുന്ന ലൗകികർ നികൃഷ്ടരും ധിക്കൃതരുമായി ഗണിക്കപ്പെടാതിരിക്കുന്നതിനായി അവരെ ദലസാൾ തന്റെ കൂടെ താമസിപ്പിച്ചിരുന്നു. ദലസാൾ മഹാപണ്ഡിതനും പുണ്യവാനും വൈദികനുമായിരുന്നതിനു പുറമേ ഒരു പ്രഭുവുമായിരുന്നു. തന്നെപ്പോലെ കുലീനത്വമോ പ്രാഭവമോ

പാണ്ഡിത്യമോ ഇല്ലാതിരുന്ന ഈ സാധാരണന്മാരെ തന്റെ കൂടെ താമസിപ്പിക്കയും അവരുടെ കൂടെത്തന്നേ ഭക്ഷണം കഴിക്കയും മററും ചെയ്തിരുന്നതിൽ അദ്ദേഹത്തിന്റെ സംബന്ധികൾ അദ്ദേഹത്തെ പഴിച്ചിരുന്നു. അദ്ദേഹം അതൊന്നും കൂട്ടാക്കിയില്ല. സാധാരണന്മാൎക്ക് അപ്രാപ്യമായ വിശുദ്ധിയുടെ പ്രചോദനത്താലാണു വി. ഡലസാൾ ഇങ്ങനെ ചെയ്തിരുന്നതെന്നു കല്പിച്ചുകൊണ്ട് ഇത്ര ഉന്നതമായ വിശുദ്ധി ലക്ഷ്യമാക്കിയിട്ടില്ലാത്തവർ അദ്ദേഹത്തിന്റെ മാതൃകയെ അനുകരിക്കുവാൻ ശ്രമിക്കാതിരുന്നേക്കാം. എന്നാൽ ഇതിൽ സമുദായ ജീവിതത്തിനത്യാവശ്യമായ ഒരു മനഃശാസ്ത്രതത്വമടങ്ങിയിരിപ്പുണ്ട്. വിദ്യാലയാധികാരികൾ ആ തത്വം ഗ്രഹിച്ചിരുന്നാൽ അവരുടെ കൎത്തവ്യം സുകരമായിത്തീരും.

വൈദികാധികാരികൾ തങ്ങളുടെ അധികാരം തെററായി പ്രയോഗിച്ച് വിദ്യാലയത്തിന്റെ ശിക്ഷണം നശിപ്പിക്കയും ലൗകികാദ്ധ്യാപകന്മാരിൽ വൈരുദ്ധ്യബുദ്ധി ജനിപ്പിക്കയും ചെയ്യുന്നതിനൊരുദാഹരണം പറയാം. ഒരു വൈദികസഭ വകയായ ഒരു വിദ്യാലയത്തിൽ ഒരിക്കൽ ആ സഭയിൽപെട്ട ഒരു വൈദികൻ ഹെഡ്മാസ്റ്ററായിരുന്നു. ആ സഭയിൽപെട്ട ഹെഡ്മാസ്റ്ററന്മാരിൽ പലരിലും കാണുന്ന ഒരു നയവൈകല്യം അവർ വിദ്യാൎത്ഥികളിൽ ചിലരെ പ്രകടമായിട്ടു തങ്ങളുടെ വാത്സല്യഭാജനങ്ങളാക്കുമെന്നുള്ളതാണ്. ഈ വാത്സല്യഭാജനങ്ങൾ അവരുടെ ചാരന്മാരായിരിക്കും. ഇവർ വഴിയായിട്ടാണു ഹെഡ്മാസ്റ്റർ അദ്ധ്യാപകന്മാരുടെയും മററു വിദ്യാൎത്ഥികളുടെയും കുററങ്ങൾ കണ്ടുപിടിക്കുന്നത്. ഈ ചാരസമ്പ്രദായം വിദ്യാലയാന്തരീക്ഷത്തെ ദുഷിപ്പിക്കുമെന്നു കാണുവാൻ പ്രയാസമില്ല. ഈ ചാരന്മാർ അദ്ധ്യാപകന്മാൎക്കും മററു വിദ്യാൎത്ഥികൾക്കും ദ്വേഷ്യന്മാരായിത്തീരുമെന്നു കാണുവാനും പ്രയാസമില്ല. ഈ ബാലചാരന്മാർ സദസദ്വിവേചനം ചെയ്യുവാൻ കഴിവുള്ള പക്വബുദ്ധികളായിത്തീരുമ്പോൾ അവൎക്കു ഹെഡ്മാസ്റ്ററച്ചനെക്കുറിച്ചു തന്നെ അവജ്ഞയുണ്ടാകും. ഇങ്ങനെയുള്ള അന്തരീക്ഷത്തിൽ വിദ്യാഭ്യാസം കഴിക്കുന്ന് വിദ്യാൎത്ഥികൾക്കു തങ്ങളുടെ വിദ്യാലയത്തെക്കുറിച്ചു ബഹുമാനമുണ്ടായിരിക്കയുമില്ല.

ഒരു ഹെഡ്മാസ്റ്ററച്ചനു് ഇങ്ങനെ വാത്സല്യഭാജനമായിരുന്ന ഒരു കുട്ടി ഒരിക്കൽ ക്ലാസ്സിൽ എന്തോ അധികപ്രസംഗം കാണിച്ചു. അപ്പോൾ ക്ലാസെടുത്തുകൊണ്ടിരുന്ന അദ്ധ്യാപകൻ ആ കുട്ടി ക്ലാസിനു വെളിക്കു പോകുവാൻ ആജ്ഞാപിച്ചു. കുട്ടി ഉടനെ ഹെഡ്മാസ്റ്ററച്ചന്റെ പക്കൽ ചെന്നു സങ്കടം ബോധിപ്പിച്ചു. കുട്ടിയെ ഉടനെ ക്ലാസിലെടുത്തുകൊള്ളണമെന്നു് അദ്ദേഹം ചിററുകൊടുത്തയച്ചു. വിദ്യാൎത്ഥി പറഞ്ഞതിനെ മാത്രം ആധാരമാക്കിക്കൊണ്ട് അദ്ധ്യാപകന്റെ ആജ്ഞയെ ഇങ്ങനെ നിരാകരി

ച്ചാൽ വിദ്യാലയാന്തരീക്ഷം വളരെ അധഃപതിക്കുമെന്നു പറയേണ്ടതില്ലല്ലൊ. താൻ കാര്യം ബോധിപ്പിക്കുന്നതുവരെ ഉത്തരവു നിൎത്തിവെക്കേണമെന്ന് അദ്ധ്യാപകൻ ചിററിൽ കുറിച്ചുകൊടുത്തു കുട്ടിയെ ഹെഡ്മാസ്റ്ററച്ചൻെറ പക്കലേക്കു തിരിച്ചയച്ചു. അപ്പോഠം അദ്ദേഹം ചെയ്തതു് ഇതിനെക്കാഠം ഗർഹണീയവും കഠിനവുമായിരുന്നു. അച്ചൻ ഉടനേ ക്ലാസിലേക്കു ചെന്നു. എന്നിട്ടു കുട്ടിയെ നോക്കിക്കൊണ്ടു "കുട്ടി, നീ അകത്തേക്കു കയറുക" എന്നും അദ്ധ്യാപകനോടായിക്കൊണ്ടു "താൻ പുറത്തേക്കിറങ്ങുക. തന്നെ ഞാൻ സസ്പെൻറു ചെയ്തിരിക്കുന്നു" എന്നും ആജ്ഞാപിച്ചു. ഹെഡ്മാസ്റ്ററച്ചൻെറ പ്രാഭവം സ്ഥാപിക്കപ്പെട്ടു. പക്ഷേ, വിദ്യാലയത്തിലെ ശിക്ഷണാന്തരീക്ഷം എങ്ങനെയായി!

കത്തോലിക്കാ വിദ്യാലയങ്ങളിലെല്ലാം ഇങ്ങനെയുള്ള അക്രമങ്ങഠം നടക്കുന്നുണ്ടെന്നെനിക്കു വിവക്ഷയില്ല. വിവേകികളായ വൈദിക ഹെഡ്മാസ്റ്റർമാരും വൈദികമാനേജർമാരും പലരുണ്ടെന്നെനിക്കറിയാം. എന്നാൽ കത്തോലിക്കാസഭ ഉദ്ദേശിക്കുന്ന ലക്ഷ്യത്തെ പ്രാപിക്കുന്ന കത്തോലിക്കാ വിദ്യാലയങ്ങഠം എൻെറ അനുഭവത്തിൽ വളരെ കുറവാണ്.

വിദ്യാലയങ്ങഠം നടത്തുന്നതിനു നാം വഹിക്കുന്ന ഭാരത്തിന്ന് ആനുപാതികമായ പ്രയോജനം നമുക്കു ലഭിക്കുന്നില്ലെന്നു മാത്രമല്ല അധികാരികളുടെ നോട്ടപ്പിഴകൊണ്ടു് വിദ്യാർത്ഥികളുടെ സ്വഭാവരൂപീകരണത്തിൽ പല ദോഷങ്ങളും സംഭവിക്കുന്നുമുണ്ടു്. ശുദ്ധാതതത്വങ്ങളും സന്മാൎഗ്ഗതത്വങ്ങളും എല്ലാ കത്തോലിക്കാ വൈദികന്മാരും ഗ്രഹിച്ചിട്ടുണ്ടെന്നു സാമാന്യമായി പറയാമെങ്കിലും ഈ തത്വങ്ങഠം അദ്ധ്യേതാക്കളെ ഗ്രഹിപ്പിക്കുന്നതിനു വൈദികാധികാരികഠം സ്വീകരിക്കുന്ന മാർഗ്ഗങ്ങഠം എല്ലായ്പ്പോഴും കാര്യക്ഷമങ്ങളല്ല. കത്തോലിക്കാസഭ പാറപ്പുറത്തു സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണു, ക്രിസ്തു എല്ലായ്പ്പോഴും അതിൻെറ കൂടെയുണ്ടായിരിക്കും, ലോകാവസാനം വരെ അതു നിലനിൽക്കും എന്നിങ്ങനെയുള്ള ശുദ്ധാതതത്വങ്ങളെ ആശ്രയിച്ചുകൊണ്ടു തങ്ങഠം ഏതു പദ്ധതി സ്വീകരിച്ചാലും അതു കാര്യക്ഷമമായിരിക്കുമെന്നു ചിലർ വിശ്വസിക്കുന്നതുപോലെ കാണപ്പെടുന്നു. ക്രിസ്തുവിൻെറ സഭയ്ക്കു് ഈ വരങ്ങഠം നൽകിയ ദൈവം ചില പ്രകൃതിനിയമങ്ങളും നിർമ്മിച്ചിട്ടുണ്ടു്. ദൈവം സഭയ്ക്കു് നൽകിയിട്ടുള്ള വരങ്ങളെ മാത്രം അവലംബിച്ചുകൊണ്ടു ഈ പ്രകൃതിനിയമങ്ങളെ ലംഘിച്ചു പ്രവൎത്തിക്കുന്നവർ ദൈവത്തെയോ സഭയെയൊ സേവിക്കുന്നുവെന്നു പറയുവാൻ നിവൃത്തിയില്ല.

വൈദികസ്വമായ ഒരു വിദ്യാലയത്തിൽ ഒരിക്കൽ ഹെഡ്മാസ്റ്ററായിരുന്ന വൈദികൻ താൻ കാര്യനിർവഹണപടുവാണെന്നു സ്വയം അഭി

മാനിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു. തന്റെ വിദ്യാലയത്തിലുള്ള സകല കത്തോലിക്കക്കുട്ടികളെയും വിശുദ്ധന്മാരാക്കിത്തീർക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ നിശ്ചയം. ഇതു പ്രശംസാർഹമായ ഒരു നിശ്ചയം തന്നെയായിരുന്നു. കത്തോലിക്കാ വിദ്യാർത്ഥികളെല്ലാം ആഴ്ചയിൽ ഒരു പ്രാവശ്യം കുർബാന കൈക്കൊണ്ടുകൊള്ളണമെന്നൊരു നിയമം അദ്ദേഹം നടപ്പിലാക്കി. ഈ നിയമത്തെ ലംഘിക്കുന്നവർക്കുള്ള ശിക്ഷ പരസ്യമായ അടിയായിരുന്നു. ഉപരിപ്ലവബുദ്ധികൾക്ക തോന്നിയേക്കാം ഇതൊരു നല്ല ശിക്ഷണക്രമമായിരുന്നുവെന്ന്. പക്ഷേ ഈ വൈദിക ഹെഡ്മാസ്റ്റർ കത്തോലിക്കാസഭയെക്കുറിച്ച്‌വമതിയും ശ്രദ്ധാസംഹിതയെക്കുറിച്ചു സംശയവുമുള്ള പല കത്തോലിക്കാ യുവാക്കന്മാരേയും സൃഷ്ടിക്കയാണു ചെയ്തിട്ടുള്ളതു്.

കുർബാന ഏററം പാവനമായ ഒരു വസ്തുവാണ്. അതു സ്വീകരിക്കുന്നതു പാപമില്ലാതെയും ആത്മശുദ്ധിയോടുകൂടിയും വേണമെന്നുപദേശമുണ്ട്. അയോഗ്യതയോടുകൂടെ കുർബാന സ്വീകരിച്ചാൽ അതു പാപമായിരിക്കുമെന്നും ഉപദേശമുണ്ട്. ഒരുവന്റെ ഹൃദയശുദ്ധി എങ്ങനെയിരിക്കുന്നുവെന്ന് അവനും ദൈവത്തിനും മാത്രമേ അറിയുവാൻ പാടുള്ളൂ. ഇങ്ങനെയിരിക്കെ ഒരധികാരി തന്റെ അധികാരത്തിൻകീഴുള്ളവർ ഇന്നയിന്ന ദിവസങ്ങളിൽ കുർബാന കൈക്കൊണ്ടുകൊള്ളണമെന്നു ശിക്ഷയിൻകീഴ കല്പിച്ചാൽ അതിന്റെ ആദ്ധ്യാത്മികപ്രത്യാഘാതങ്ങൾ ഭയങ്കരമായിരിക്കും. ഈ കാരണംകൊണ്ട് കുർബാന കൈക്കൊള്ളുന്നതിന് നിർബ്ബന്ധിക്കരുതെന്ന് സഭ ഉപദേശിക്കുന്നുമുണ്ട്.

കുർബാനസ്വീകരണം അധികാരികൾ ശക്തിയിൻകീഴ കല്പിക്കുന്നതുകൊണ്ടു രണ്ടുതരം ദോഷങ്ങൾ ഉളവാകുന്നുണ്ട്. അഭീഷ്ടസിദ്ധിക്ക് ഏതുകാര്യവും ഏതു പ്രകാരത്തിലെങ്കിലും ചെയ്യുന്നതിനു സന്നദ്ധരായ ഒരു ത്രം ആളുകളെ നാം കാണാറുണ്ടല്ലോ. ഇവർ ആദർശശുദ്ധിയെക്കുറിച്ച് വിചാരിച്ച് ക്ലേശിക്കുന്നവരല്ല. ഈ സ്വഭാവത്തോടുകൂടിയവർ ബാലന്മാരുടെയിടയിലുമുണ്ട്. കുർബാന കൈക്കൊള്ളുന്നതു ഹൃദയശുദ്ധിയോടുകൂടിയല്ലെങ്കിലും ഹെഡ്മാസ്റ്ററച്ചനെ സന്തോഷിപ്പിച്ചു മാർക്കും ക്ലാസ്സുകയററവും സമ്മാനവും സമ്പാദിക്കുന്നതിനിവർ സന്നദ്ധരായിരിക്കും. എന്നാൽ വിദ്യാർത്ഥികളിൽ ആദർശവാന്മാരായിട്ടും ചിന്താശീലന്മാരായിട്ടുമുള്ളവരും ഒരു വിഭാഗം കാണും. നിർദ്ദിഷ്ടകാലങ്ങളിൽ കുർബാന കൈക്കൊള്ളണമെന്ന് ഈ വിഭാഗത്തിൽപെട്ടവരെ ശിക്ഷയിൻകീഴ നിർബ്ബന്ധിച്ചാൽ ഒരു പ്രതിഷേധമനോഭാവം അവരിൽ ആവിർഭവിക്കാം. ഈ പ്രതിഷേധമനോഭാവം ആദിയിൽ ഇങ്ങനെ നിർബന്ധിക്കുന്ന അധി

കാരികളോടും കാലക്രമേണ അവർ എന്തിന്റെ നാമത്തിൽ ഈ നിർബ്ബന്ധം ചെലുത്തുന്നു അതിനോടും ആയിരിക്കും. യാതൊരടിസ്ഥാനവുമില്ലാതെ വെറും സങ്കല്പംകൊണ്ടു വകഞ്ഞുകെട്ടിയുണ്ടാക്കിയ ഒരു ദോഷാരോപണമാണിതെന്നു വായനക്കാർ ധരിച്ചുപോകരുത്. ഇങ്ങനെയുള്ള അനുഭവങ്ങൾ കഴിഞ്ഞു പുരുഷപ്രായമായി ലോകരംഗത്തിൽ വന്നിട്ടുള്ള പലരെയും എനിക്കറിയാം. ഇവരോടുള്ള സംഭാഷണങ്ങളിൽനിന്ന് ഇവക്ക് അനുഭവഗോചരമായ പ്രത്യാഘാതങ്ങൾ എന്തെന്നെനിക്കറിയാം.

ക്രിസ്തുവിന്റെ ഉപദേശങ്ങളെ വ്യക്തങ്ങളായ രണ്ടു വിഭാഗങ്ങളായി തിരിക്കാം. ഒരു വിഭാഗത്തിൽ ഉപദേശിക്കപ്പെട്ടിരിക്കുന്ന ധർമ്മങ്ങൾ ആദ്ധ്യാത്മികങ്ങളാണ്. രണ്ടാംവിഭാഗത്തിലെ ധർമ്മങ്ങൾ സാമുദായികങ്ങളുമാകുന്നു. ആദ്ധ്യാത്മികധർമ്മങ്ങളുടെ ഫലം നമ്മുടെ ഇന്ദ്രിയങ്ങൾക്കു ഗോചരമല്ല. അതിനെ നമ്മുടെശ്രദ്ധയാൽ [വിശ്വാസത്താൽ] മാത്രമേ നമുക്കു ഗ്രഹിക്കുവാൻ സാധിക്കുകയുള്ളു. ക്രിസ്തുവിന്റെ പ്രാമാണ്യംകൊണ്ടുമാത്രം ആദ്ധ്യാത്മികസുകൃതങ്ങളുടെ ഫലം നാം കാണുന്നു. എന്നാൽ സാമുദായികസുകൃതങ്ങളുടെ അവസ്ഥ ഇതല്ല. സാമുദായികസുകൃതങ്ങളുടെ ഫലം മനുഷ്യേന്ദ്രിയങ്ങൾക്കു ഗോചരമാണ്. ഇങ്ങനെ പരോക്ഷഫലങ്ങളും പ്രത്യക്ഷഫലങ്ങളുമായി രണ്ടുതരം സുകൃതങ്ങൾ അല്ലെങ്കിൽ ധർമ്മങ്ങൾ ക്രിസ്തു നമുക്കുപദേശിച്ചുതന്നിരിക്കുന്നു.

ഈ രണ്ടുതരം ധർമ്മങ്ങൾ തമ്മിലുള്ള ബന്ധമെന്തായിരിക്കണം? ഈ പ്രശ്നത്തിന്റെ മറുപടി എന്റെ സ്വന്ത വാക്കുകളിൽ ഞാൻ പറയുന്നില്ല. ഓമർ എംഗെൽബെർത്തി (Omel Emglebert) വിശുദ്ധന്മാരുടെ ജീവചരിത്രത്തിന്റെ മുഖവുരയിൽ വിശുദ്ധന്മാക്കെല്ലാം യോജിക്കുന്നതായി കൊടുത്തിരിക്കുന്ന ഒരു ലക്ഷണോക്തി ഞാൻ മറുപടിയായി ഉദ്ധരിക്കുന്നു.

"Far from seeking in his supernatural virtues a pretext to elude the natural law, he avoided lying, double-dealing, deceit, stealing, and flattery of his neighbour; he was always straightforward and regarded all his brothren as having been created for God and not for himself."

കത്തോലിക്കരെല്ലാം വിശുദ്ധന്മാരെന്നു പ്രഖ്യാപനം ചെയ്യപ്പെട്ടിട്ടുള്ളവരേപ്പോലെ സുകൃതധീരന്മാരായിരിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല. എന്നാൽ സകല കത്തോലിക്കരുടേയും ലക്ഷ്യമായിരിക്കേണ്ടതു് വിശുദ്ധന്മാരുടെ മാതൃകയായണ്.

കത്തോലിക്കാവിദ്യാലയങ്ങളുടെ ഭരണകർത്താക്കളായ വൈദികരെല്ലാം ഏവംവിധമായ ഒരു മാതൃകയാണോ സ്വഭാവരൂപീകരണത്തിനായി തങ്ങളെ ഏൾപ്പിച്ചിരിക്കുന്ന കുട്ടികളുടെമുൻപിൽ പ്രകടിപ്പിക്കാറുള്ളതു്? ആണെന്നു പറയുന്നവരോടു യോജിക്കുവാൻ എനിക്കു യാതൊരു നിവൃത്തിയുമില്ല. പരോക്ഷഫലങ്ങളായ ധർമ്മങ്ങൾ വിദ്യാർത്ഥികളെ ഗ്രഹിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ പ്രത്യക്ഷഫലങ്ങളായ സാമുദായിക ധർമ്മങ്ങളിൽ നല്ല മാതൃകകൾ കാട്ടിക്കൊടുക്കേണ്ടതാകുന്നു. ഈ മാതൃകകളിൽനിന്നാണു് പരോക്ഷഫലങ്ങളായ ആദ്ധ്യാത്മികകാര്യങ്ങളിൽതങ്ങൾക്കു നൽകപ്പെടുന്ന ഉപദേശങ്ങൾ യഥാർത്ഥമാണെന്നും അനുകരണീയമാണെന്നും ബാലന്മാർ ഗ്രഹിക്കേണ്ടതു്. അസത്യം, വിദ്വേഷം, പക്ഷപാതം, ഗർവം മുതലായ ദുർഗ്ഗുണങ്ങൾ പ്രത്യക്ഷമായി പ്രകടിപ്പിക്കുന്ന ഉപദേഷ്ടാക്കൾ ബാലന്മാരുടെ സ്വഭാവത്തെ സംസ്കരിക്കുന്നുവെന്നു വിചാരിക്കുവാൻ പാടില്ല.

തങ്ങളുടെ കുട്ടികൾക്കു ശരിയായ മതപ്രബോധനം നൽകുന്നതിനുവേണ്ടിയാണു് വളരെ ബുദ്ധിമുട്ടി കത്തോലിക്കർ വിദ്യാലയങ്ങൾ നടത്തുന്നതെന്നു് അവർ അവകാശപ്പെടുന്നു. കത്തോലിക്കാവിദ്യാർത്ഥികൾക്കുവേണ്ടി അവരുടെ അദ്ധ്യാപനത്തിൽ കത്തോലിക്കർതന്നെ നേതൃത്വം വഹിക്കേണമെന്നു് തിരുസിംഹാസനത്തിൽനിന്നു നിർദ്ദേശവുമുണ്ടു്. ഈ ഉദ്ദേശത്തിന്റെ സിദ്ധിക്കുവേണ്ടി പല ദേശങ്ങളിലും കത്തോലിക്കാസഭയും രാഷ്ട്രാധികാരികളും തമ്മിൽ ദ്വന്ദ്വയുദ്ധവും നടക്കുന്നുണ്ടു്. എന്നാൽ കത്തോലിക്കർക്കു ലഭിച്ചിട്ടുള്ള അവകാശങ്ങളുടെയും അധികാരങ്ങളുടെയും പ്രയോഗംകൊണ്ടു് ഉദ്ദേശസിദ്ധിയുണ്ടാകുന്നുണ്ടോ? പര്യാപ്തമായ സിദ്ധി ഉണ്ടാകുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു.

കുട്ടികളിൽ മതശീലം സ്ഥാപിക്കുവാനായി പല വൈദികാധികാരികളും സ്വീകരിക്കുന്ന പദ്ധതി ഇതിന്റെ കാർക്കശ്യവും മനസ്തത്വവൈരുദ്ധ്യവും നിമിത്തം ഉദ്ദിഷ്ടമായ ഫലത്തിനു വിപരീതമായ ഫലമാണു ജനിപ്പിക്കുന്നതെന്നു ഞാൻ മുകളിൽ കാണിച്ചിട്ടുണ്ടു്. വേദോപദേശത്തിന്റെ അദ്ധ്യാപനവും സാധകമാണെന്നു പറയുവാൻ നിവൃത്തിയില്ല. ഒന്നാമതായി, ഗവർമ്മെന്റിന്റെ നിയന്ത്രണത്തിലുള്ളവിദ്യാലയങ്ങളിൽ (എല്ലാ വിദ്യാലയങ്ങളും ഗവർമ്മെന്റധീനത്തിലാണുതാനും) വേദോപദേശത്തിനു കിട്ടുന്ന സ്ഥാനം അതിന്റെ ആവശ്യകതയെ ദ്യോതിപ്പിക്കുന്നതല്ല. ഇതു് വിദ്യാലയാധികാരികളുടെ തെറ്റുകൊണ്ടല്ലെങ്കിലും ഇതു് വേദോപദേശത്തിന്റെ ഹീനത്വത്തെ ദ്യോതിപ്പിക്കുന്ന ഒരു ന്യൂനതയാ

ണ്. ഈ ന്യൂനതയ്ക്കനുരൂപമായ ഒരു മനോവൃത്തി വിദ്യാർത്ഥികൾക്കു ണ്ടാകാതെയിരിക്കയുമില്ല.

വേദോപദേശത്തിന്റെ അദ്ധ്യാപനത്തിനു ലഭിച്ചിട്ടുള്ള സൗക ര്യംതന്നെ ശാസ്ത്രീയമായി വിനിയോഗിക്കപ്പെടുന്നുണ്ടെന്നു പറയാനും പാ ടില്ല. മിക്ക വിദ്യാലയാധികാരികളും അർത്ഥമില്ലാത്ത ഒരു ചടങ്ങുപോ ലെയാണ് വേദോപദേശാദ്ധ്യാപനത്തെ ഗണിച്ചിരിക്കുന്നത്. സാമാന്യ മായി മനഃശാസ്ത്രതത്വങ്ങളിൽ ഒരു വൈദഗ്ദ്ധ്യവുമില്ലാത്തവരാണ് ഈ ചടങ്ങിനു നിയോഗിക്കപ്പെടാറുള്ളത്. അദ്ധ്യാപനവിഷയത്തിൽ നമ്മെ ക്കാൾ വളരെയധികം പുരോഗമിച്ചിട്ടുള്ള ഇംഗ്ലണ്ടിൽപോലും വേദോപദേ ശാദ്ധ്യാപനം പര്യാപ്തമായിരിക്കുന്നില്ലെന്നുള്ള ആക്ഷേപമുണ്ട്. ഈ ക ഴിഞ്ഞ മേയ്മാസം 10-ാംനു-യിലെ എക്സാമിനർ വാരിക ഫാ. ഡ്രിങ്ക് വാട്ടറിന്റെ "Educational Essay" എന്ന പുസ്തകത്തിന്റെ നിരൂ പണത്തിൽ പറഞ്ഞിട്ടുള്ളത് ഇവിടെ പ്രസക്തിയുള്ളതാണ്.

"The aim of religious education, Fr. Drinkwater insists, is to help our children to become good practising Catholics in after-life. To achieve this it is not sufficient to fill their minds with knowledge of Cotholic doctrine, but there must also be training of the will. Now, the will cannot be trained by external discipline; motives must be supplied. Fr. Drinkwater warns against the creation in a school of an atmosphere of repugnance to religion by a discipline that consists in religion drill, public inquisition about the fulfilment of religious obligations and devotional practices, singling out defaulters who are made the targets of censure or, worse still, sarcasm and contempt. Such a procedure defeats its own end; its chief result is 'to associate religion in a child's mind not only with school life, but actually with the most unpleasant moments of school life', so that when the child leaves school he also drops religious practice."

ഫാ. ഡ്റിങ്ക്വാട്ടർ പരിഷ്ക്കാരത്തിലും വിദ്യാഭ്യാസത്തിലും മുന്ന ണിയിൽ നിൽക്കുന്ന ഒരു കത്തോലിക്കാസമുദായത്തിൽ തനിക്കുണ്ടായിട്ടു ള്ള അനുഭവങ്ങളെ ആസ്പദമാക്കിയാണ് ഏവംവിധങ്ങളായ അഭിപ്രാ

യങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതു്. മനഃശാസ്ത്രതത്വങ്ങൾ ഇംഗ്ലണ്ടിലും ഇവിടെയും ഒന്നുതന്നെയാണല്ലോ.

ഈ ദേശത്തിലെ കത്തോലിക്കാസ്ക്കൂളുകളിൽ പഠിച്ചു ലോകത്തേക്കിറങ്ങുന്ന യുവാക്കന്മാരിൽ ചിലർ സാക്ഷാൽ മതഭക്തിയുള്ളവരാണെന്നു സമ്മതിക്കാം. എന്നാൽ വളരെപ്പേരും മതകാര്യങ്ങളിൽ ഉദാസീനന്മാരായിട്ടാണു കാണപ്പെടുന്നതു്. പിന്നെ കുറേപ്പേർ സാക്ഷാൽ മതവിരോധികളായിട്ടാണു ലോകത്തിൽ വരുന്നതു്. കത്തോലിക്കാമതം വൈദികരുടെ പ്രാഭവത്തിനുവേണ്ടി ചമച്ചിട്ടുള്ള ഒരു ജീവിതപദ്ധതിയാണെന്നുള്ള ഒരു ബോധമാണു വിദ്യാലയങ്ങളിലെ വൈദികാധികാരികളുടെ നടപടികളിൽനിന്നു് ഇവർ ധരിച്ചു വശമാകുന്നതു്. ഇതിനു് ആ അധികാരികൾ ഉത്തരവാദികളല്ലെന്നു പറയുവാൻ പാടില്ല.

നമുക്കു യൂറോപ്പിലേക്കൊന്നു കണ്ണുതിരിച്ചു നോക്കാം. അവിടെ ഏതു രാഷ്ട്രങ്ങളിലാണു് കൊമ്മ്യൂണിസം പ്രബലപ്പെട്ടു നിൽക്കുന്നതു്? കത്തോലിക്കാസഭയുടെ പരമാധികാരിയായ മാർപ്പാപ്പായുടെ നിവാസമായ ഇററലിയിലാണു സോവിയെററുയവനികയ്ക്കു പുറത്തു കൊമ്യൂണിസ്ററുകക്ഷി ഏററം ശക്തിമത്തായിരിക്കുന്നതു്. കത്തോലിക്കാരാജ്യമെന്നു പ്രസിദ്ധിയുള്ള ഫ്രാൻസിലും ഈ കക്ഷിക്കു വലിയ ശക്തിയുണ്ടു്. കത്തോലിക്കക്കു വലിയ ശക്തിയുണ്ടായിരുന്ന പോളണ്ടു്, ചെക്കൊസ്ലോവെക്യ, ഹംഗറി, ഈ രാഷ്ട്രങ്ങൾ കൊമ്യൂണിസ്ററുവലയത്തിൽ പെട്ടതു യാദൃച്ഛികമായി സോവിയെററുഭരണത്തിൽ പെട്ടുപോയതുകൊണ്ടാണെന്നു നമുക്കു സമാധാനപ്പെടാം. ഇററലിയെക്കുറിച്ചെന്തു സമാധാനം പറയാം?

ഭാരതത്തിലേ കഥതന്നേ നോക്കുക. കത്തോലിക്കാസഭയ്ക്കേററം ശക്തിയുള്ള തിരുവിതാംകൂർ കൊച്ചിയിലാണു കൊമ്യൂണിസം ഏററം ശക്തിപ്പെട്ടിരിക്കുന്നതു്. കൊമ്യൂണിസ്ററുനേതാക്കന്മാരിൽ പലരും കത്തോലിക്കരാണു താനും. ഈ സംനിപാതത്തിനു കാരണമെന്തെന്നു കത്തോലിക്കാവിദ്യാലയങ്ങളുടെ അധികാരികൾ പറയേണ്ടതാകുന്നു. ഇങ്ങനെയുള്ള വൈപരീത്യങ്ങളെ തടയുന്നതിനു വേണ്ടിയാണു വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ തങ്ങൾ തീക്ഷ്ണതയോടുകൂടെ പ്രവൎത്തിക്കുന്നതെന്നാണല്ലൊ അവർ പറയുന്നതു്.

കത്തോലിക്കായുവാക്കന്മാരിൽ ശരിയായ മതബോധവും ശരിയായ മതശീലവും ജനിപ്പിക്കുന്നതിനായിട്ടാണു തങ്ങൾ വിദ്യാലങ്ങൾ നടത്തുന്നതെന്നാണു ഭാരവാഹികൾ പറയാറുള്ളതു്. കത്തോലിക്കാബാലന്മാരുടെ അദ്ധ്യാപനം കത്തോലിക്കരുടെ നിയന്ത്രണത്തിലായിരിക്കണ

മെന്നു് ആജ്ഞാപിച്ചിട്ടുള്ള പരമാധികാരികളുടെ ഉദ്ദേശം ഇതുതന്നെയാണു്. സംശയമില്ല. സ്വാൎത്ഥസിദ്ധിക്കു വേണ്ടി ഉന്നതങ്ങളായ ആദൎശങ്ങളെ ഉന്നയിക്കുന്ന പലരേയും നാം ലോകത്തിൽ കാണുന്നുണ്ടു്. നമ്മുടെ നാട്ടിലുള്ള സാമുദായികവിദ്യാലയങ്ങളിൽ പലതും ജനസേവനമെന്ന ഉന്നതാദൎശത്തിന്റെ പേരിൽ അവയുടെ ഭാരവാഹികളുടെ സ്വാധീനശക്തിയെ വൎദ്ധിപ്പിക്കുന്നതിനായി നടത്തപ്പെടുന്നതാകുന്നു. അവരുടെ ഈ ശക്തികാംക്ഷയ്ക്കു പിൻബലം കിട്ടുന്നതിനായി സമുദായാഭിമാനത്തെ അവർ ഉന്നയിക്കുകയും ചെയ്യും. നമ്മുടെ നാട്ടിലുള്ള സാമുദായികവിദ്യാലയങ്ങളിൽ പലതും ഇങ്ങനെ, സേവനകാംക്ഷയിൽ നിന്നല്ല, പ്രാഭവകാംക്ഷയിൽനിന്നു ജനിച്ചിട്ടുള്ളവയാകുന്നു.

ആദ്യം ഈ നാട്ടിൽ ക്രിസ്ത്യാനികളായിരുന്നു നവീനസമ്പ്രദായത്തിലുള്ള വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനു സവിശേഷം ഉൽസുകരായിരുന്നതു്. ഉന്നതമായ ഒരാദൎശമായിരുന്നു അവരെ ഇതിനു പ്രേരിപ്പിച്ചിരുന്നതു്. കാലക്രമേണ ഇവർ, പ്രത്യേകം കത്തോലിക്കർ, ഈ ജനസേവനത്തെക്കുറിച്ചു വൻപു പറവാൻ തുടങ്ങി. ഈ വൻപു പറച്ചിൽ മററു സമുദായങ്ങളിൽ അമൎഷം ജനിപ്പിച്ചു. നായർസമുദായത്തിന്റെ പ്രശസ്തിക്കു നായർവിദ്യാലയങ്ങൾ വേണം, ഈഴവരുടെ പ്രശസ്തിക്കു് ഈഴവവിദ്യാലയങ്ങൾ വേണം, എന്നെല്ലാമുള്ള മനോഭാവങ്ങൾ സംജാതമായി. രാഷ്ട്രാധികാരികൾ നിഷ്പക്ഷപാതം അദ്ധ്യവസാനം ചെയ്യേണ്ടതായ വളരെ പ്രശ്നങ്ങൾ സമുദായങ്ങളുടെ ഈ അഹമഹമികയിൽനിന്നുളവായിക്കൊണ്ടുമിരിക്കുന്നു.

സ്വാൎത്ഥം വെടിഞ്ഞു, അഹംഭാവവും വികത്ഥനവും കൂടാതെ ചെയ്യപ്പെടുന്ന ജനസേവനത്തെ എല്ലാവരും അഭിനന്ദിക്കും. ആരും അതിനു വിഘ്നമുണ്ടാക്കുകയില്ല.

## കർമ്മലകുസുമത്തിന്റെ വാദവിശേഷം

“ശ്രീ. ഐ. സി. ചാക്കോ ‘കുസുമ’ത്തിന്റെ നേരെ” എന്ന തലക്കെട്ടിൽ 1951 സെപ്റ്റംബർ മാസത്തിലെ കൎമ്മലകുസുമത്തിൽ അതിന്റെ പത്രാധിപരുടെ പേരിൽ പ്രസിദ്ധം ചെയ്തിട്ടുള്ള ഒരു പരിഹാസലേഖനം ഈ ലഘുലേഖയിൽ അന്യത്ര ഉദ്ധരിക്കപ്പെട്ടിട്ടുണ്ടു്. പനമ്പള്ളി പദ്ധതിക്കെതിരായി ചില വൈദികരുടെ പ്രചോദനത്താൽ കാൎയ്യങ്ങൾ യഥാൎത്ഥം ഗ്രഹിക്കാതെയോ പരശ്ശുഘർഷണത്തിനു വേണ്ടിയോ കുറെ ക

ത്തോലിക്കർ നടത്തിക്കൊണ്ടിരുന്ന ആപൽക്കരമായ പ്രക്ഷോഭണത്തിനെതിരായി സമുദായത്തിൻെറ ഗുണത്തെമാത്രം പരിഗണിച്ചുകൊണ്ടു ഞാൻ ഉന്നയിച്ചിരുന്ന ചില വാദങ്ങൾക്കൊരു മറുപടിയാണിതെന്നു പത്രാധിപർ ഭാവിക്കുന്നു. കുസുമം വായിക്കുന്നതരം വായനക്കാരിൽ ചിലർ വിചാരിച്ചേക്കാം എൻെറ വാദങ്ങൾ കത്തോലിക്കാസമുദായത്തിനു ദോഷകരമായിരുന്നുവെന്നും പത്രാധിപർ അവയെ സമത്ഥമായി ഖണ്ഡിച്ചുവെന്നും. അത്ഥമില്ലാത്ത പരിഹാസം യുക്തിയാകുമെങ്കിൽ പത്രാധിപരുടെ ഉദ്ദേശം സാധിച്ചിട്ടുണ്ടെന്നു സമ്മതിക്കണം. അദ്ദേഹത്തിൻെറ മനോഭാവത്തെ പരാമശിച്ചു ശ്രീ. സി. കെ. ജോസഫ് എഴുതിയിട്ടുള്ള ഒരു നിരൂപണവും ഈ ലഘുലേഖയിൽ ചേത്തിട്ടുണ്ടു്. അതിൽനിന്നു കാണാം യുക്തിയുടെ കാര്യത്തിൽ കുസുമംപത്രാധിപരുടെ ഉപന്യാസത്തിൻെറ മൂല്യം ശൂന്യമാണെന്നു്. ഔദ്ധത്യത്തിലും പരിഹാസത്തിലും നല്ല വിശ്വാസമുള്ള ഒരാളാണു കുസുമംപത്രാധിപരെന്നുള്ളതു അദ്ദേഹം കുടുംബദീപം പത്രാധിപരായിരുന്ന കാലത്തും പ്രത്യക്ഷമായിരുന്നു. ഇതെല്ലാം സാമത്ഥ്യമായിരിക്കാം. എന്നാൽ പാവനചരിതരായ സന്ന്യാസിവയ്യന്മാരാൽ ക്രിസ്തുവിൻെറ മാഗ്ഗം തെളിയിക്കുവാനായി സ്ഥാപിക്കപ്പെട്ട ഒരു സന്ന്യാസിസംഘത്തിൻെറ നാമത്തിൽ ഇങ്ങനെയുള്ള മനോഭാവങ്ങൾ ആവിഷ്കരിക്കപ്പെടുമ്പോൾ ദുസ്സഹമായ ഒരു വൈരുദ്ധ്യബോധം മുൻപും പിൻപും നോക്കി ആലോചിക്കുന്നവക്കനുഭവപ്പെടുന്നു.

കുസുമംവായനക്കാരുടെ ഇടയിൽ എന്നെക്കുറിച്ചു ദ്വേഷവും അവജ്ഞയും ജനിപ്പിക്കുന്നതിനും എന്നെ പരിഹസിക്കുന്നതിനും വേണ്ടി കുസുമംപത്രാധിപർ ഉന്നയിക്കുന്ന പ്രതിവാദങ്ങളെല്ലാം എടുത്തു് അപഗ്രഥനം ചെയ്തു നഗ്നമാക്കി അദ്ദേഹത്തിൻെറ അജ്ഞത അല്ലെങ്കിൽ അസാന്മാഗ്ഗികത്വം വെളിപ്പെടുത്തുവാൻ ആരംഭിച്ചാൽ ഇതു വലിയ ഒരു പുസ്തകമായിത്തീരും. അതിനു ഞാൻ ഉദ്യമിക്കുന്നില്ല. ചില വാദങ്ങൾ മാത്രം ഉദാഹരണങ്ങളായെടുത്തു് അവയുടെ ആനത്ഥക്യവും അദ്ദേഹത്തിൻെറ പരിഹാസതല്പരതയും പ്രത്യക്ഷമാക്കുന്നതിനു മാത്രമേ ഞാനിവിടെ ഉദ്യമിക്കുന്നുള്ളു.

"Crimine ab uno disce omnes"

1. പനമ്പിള്ളിപ്പദ്ധതിക്കെതിരായി നടത്തപ്പെട്ട പ്രക്ഷോഭണത്തിൻെറ നേതാക്കന്മാർ സുറിയാനിക്കമ്മ്ലീത്താവൈദികരായിരുന്നുവെന്നു തെളിയിക്കുന്നതിനായി എൻെറ ഒരു ലഘുലേഖയിൽ പ്രക്ഷോഭണത്തെ ഉത്തേജിപ്പിക്കുന്നതിനായി ദീപികയും കർമലകുസുമവും ചെയ്ത

ശ്രമങ്ങളെ ഞാൻ പരാമർശിച്ചിരുന്നു. എൻെറ പ്രതിജ്ഞ (പ്രമേയം) തെളിയിക്കുന്നതിനുള്ള വാദത്തിൽ ഈ പത്രങ്ങൾ രണ്ടും കമ്മലിത്താസഭ വകയാണെന്നുള്ളതു അവശ്യം ഉന്നയിക്കപ്പെടേണ്ട ഒരു വാദാവയവമാണല്ലോ. ദീപികയും കർമലകുസുമവും കമ്മലീത്താസഭ വകയാണെന്നുള്ളതു പ്രസിദ്ധമായ ഒരു വാസ്തവമായിരിക്കാം. എങ്കിലും പ്രതിജ്ഞ സ്ഥാപിക്കുന്നതിനു പ്രസിദ്ധമായ ആ വാസ്തവവും ഉന്നയിക്കപ്പെടേണ്ടതാണെന്നു തക്കശാസ്ത്രത്തിൻെറ ഗന്ധമെങ്കിലുമുള്ളവർക്കറിയാമല്ലോ. എന്നാൽ കുസുമംപത്രാധിപർ ഈ വാദാവയവത്തിൽ കടന്നുപിടിച്ചുകൊണ്ടു പ്രസിദ്ധങ്ങളായ വാസ്തവങ്ങൾ പറഞ്ഞു ചർവിതചവ്ണംചെയ്യുന്ന ഒരു മൂഢനാണു ഞാനെന്നു ധ്വനിപ്പിച്ചുകൊണ്ടു എന്നെ പരിഹസിക്കുന്നു. ഇങ്ങനെയുള്ള പരിഹാസങ്ങൾഎനിക്കു ദുസ്സഹമല്ല. പക്ഷേ പരിഹാസംകൊണ്ടു സത്യംമറച്ചു സ്വാത്ഥം നേടുവാൻ ശ്രമിക്കുന്നവരെക്കുറിച്ച് എനിക്ക് വലിയ അവജ്ഞയുണ്ട്. ഇങ്ങനെ ചെയ്യുന്നവർ ശമദമാദികളാൽ ശോഭിക്കേണ്ടവരായ കത്തോലിവൈദികർ, പ്രത്യേകം കത്തോലിക്കാസന്യാസികൾ, ആയിരിക്കുമ്പോൾ എനിക്കു വലിയ ദുഃഖവുമുണ്ടാകുന്നു. ഇതെല്ലാം കാണുമ്പോൾ കത്തോലിക്കാസഭയുടെ ഉന്നതങ്ങളായ ആദർശങ്ങളെക്കുറിച്ചെനിക്കുള്ള പ്രതീതി തകരുന്നതുപോലെ എനിക്കു തോന്നിപ്പോകുന്നു. എങ്കിലും ഉന്നതാദർശങ്ങളോടുകൂടിയ സകലസംഘങ്ങളിലും പ്രത്യക്ഷപ്പെടാറുള്ള അപവാദം ആണ് കുസുമംപത്രാധിപർ എന്നു കരുതിക്കൊണ്ട് എൻെറ ആ പ്രതീതിയെ സംരക്ഷിക്കാമെന്നു ഞാൻ വിശ്വസിക്കുന്നു.

2. 'ഇത്തരം പരസ്യമായ വൈദികവിമശനം 2000 കൊല്ലത്തെ കേരളസഭാചരിത്രത്തിൽ എപ്പോഴെങ്കിലും ഒരു കത്തോലിക്കനിൽനിന്നും ഉണ്ടായിട്ടുണ്ടോ എന്നുതന്നെ ഞങ്ങൾ സംശയിക്കുന്നു' എന്നു കുസുമംപത്രാധിപർ പറയുന്നു. രണ്ടായിരം വർഷത്തെ ചരിത്രം പോകട്ടെ. മുക്കാൽ ശതാബ്ദത്തിലെ ചരിത്രം പരിശോധിച്ചു നോക്കാം. വരാപ്പുഴയുടെ മെത്രാപ്പോലീത്തായായിരുന്നു കേരളസുറിയാനിസഭയെ ഭരിച്ചുകൊണ്ടിരുന്ന ലെയൊണാർദു മെത്രാപ്പോലീത്തായെ ഇപ്പോൾ ഈ സന്മാർഗ്ഗവാദം ചെയ്യുന്ന കുസുമംപത്രാധിപരുടെ സഭയിൽപ്പെട്ട വൈദികന്മാർ ദ്രോഹിച്ചു സങ്കടപ്പെടുത്തിയില്ലേ? പത്തുനാല്പതു വർഷങ്ങൾക്കു മുൻപു ചങ്ങനാശ്ശേരിരൂപതയെ ഭരിച്ചുകൊണ്ടിരുന്ന മാക്കീൽമെത്രാൻ തിരുമനസ്സിനെതിരായി സകല വടക്കുംഭാഗയിടവകകളിലും യോഗങ്ങൾ കൂടിയും മററും അദ്ദേഹത്തെ സങ്കടപ്പെടുത്തിയില്ലേ? അദ്ദേഹത്തിൽനിന്നു ലഭിച്ച ആശീർവാദത്തെക്കുറിച്ച് അഭിമാനം പ്രകടിപ്പിക്കുന്ന കുസുമം അന്ന് ആ പ്രക്ഷോഭണത്തിനെതിരായി ഒരക്ഷരം മിണ്ടിയില്ലല്ലോ. ബ. പത്രാധിപരേ, ആ കാലങ്ങളിൽ താങ്കളുടെ സഭയുടെ താല്പര്യം ലെയൊണാർദു മെത്രോപ്പോ

ലിത്തായെയും മാക്കീൽ മെത്രാനെയും നിഷ്ക്കാസനം ചെയ്യണമെന്നായിരുന്നു. ഇന്നു താങ്കളുടെ താല്പര്യം മൗലികാവകാശമെന്നും മററും ചില മുദ്രാവാക്യങ്ങൾ ഉച്ചരിച്ചു രാഷ്ട്രകോശത്തിൽനിന്നു യഥേഷ്ടം ചെലവു ചെയ്യുന്നതിനായി കുറെ പണം ലഭിക്കേണമെന്നാണ്. വൈദികാദ്ധ്യക്ഷന്മാരുടെ പ്രസ്താവന അതിനനുകൂലമാണെന്നു കണ്ടതുകൊണ്ടല്ലേ താങ്കൾ ആ പ്രസ്താവനയെ ആശ്രയിച്ചുകൊണ്ടു വ്യവസ്ഥാപിതമായ ജനകീയഗവമ്മെണ്ടിനെതിരായി അധമ്മ്യമായ പ്രക്ഷോഭണം നടത്തുന്നതു ശരിയല്ലെന്നു ചൂണ്ടിക്കാണിച്ച എന്നെ പരിഹാസംകൊണ്ടഭിഷേകം ചെയ്യുന്നതു്?

3. ഞാൻ പലതിന്റെയും പലരുടെയും മേൽ 'കുതിരകയററം നടത്തുന്ന' കൂട്ടത്തിൽ 'വിശുദ്ധ കോൺഗ്രസ് പ്രെസിഡെൻറിയും' മേൽ കുതിര കയറുന്നുവെന്നു കുസുമംപത്രാധിപർ പറയുന്നു. മെത്രാന്മാരും ഉൾപ്പെടുന്ന ഒരു ഗണത്തിലാണു പത്രാധിപർ കത്തോലിക്കാകോൺഗ്രസ് പ്രെസിഡെൻറിനു വൈശിഷ്ട്യം നൽകിയിരിക്കുന്നതു്. കത്തോലിക്കാകോൺഗ്രസ്സിനാകട്ടെ അതിന്റെ പ്രെസിഡെൻറിനാകട്ടെ കത്തോലിക്കരുടെമേൽ എന്തെങ്കിലും അധികാരം ലഭിച്ചിട്ടുള്ളതായി എനിക്കറിവില്ല. കത്തോലിക്കാകോൺഗ്രസും അതിന്റെ പ്രെസിഡെൻറും എന്തെങ്കിലും നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ അവരെ അഭിനന്ദിക്കുന്നതിനും ചീത്തക്കാര്യങ്ങൾ ചെയ്യുമ്പോൾ അവരെ വിമർശിക്കുന്നതിനും എനിക്കു പൂണ്ണമായ അവകാശമുണ്ടെന്നാണു ഞാൻ ധരിച്ചിരിക്കുന്നതു്. 'കത്തോലിക്കാ' എന്ന വിശേഷണം, കത്തോലിക്കാബാങ്കു മുതലായവയിൽ എന്നപോലെ, ഏതു പദാർത്ഥത്തോടെങ്കിലും ഘടിപ്പിച്ചു കണ്ടാൽ കത്തോലിക്കർ അവയെ മുട്ടുകുത്തി വണങ്ങിക്കൊള്ളണമെന്നാണോ കുസുമംപത്രാധിപരുടെ ഭാവം? ഇതെല്ലാം എന്റെ മേൽ 'കുതിരകയറു'ന്നതിനു വേണ്ടി പത്രാധിപർ വകഞ്ഞുകെട്ടിയുണ്ടാക്കിയിട്ടുള്ള ദോഷാരോപണങ്ങളല്ലേ?

എന്റെ നിരൂപണങ്ങളാൽ ധിക്കൃതനെന്നു പത്രാധിപർ പറയുന്ന കത്തോലിക്കാകോൺഗ്രസ്പ്രെസിഡെൻറു് ഐക്യമുന്നണിക്കാരുമായിക്കൂട്ടുചേന്നു തിരു-കൊച്ചി ഭരണഭാരം ഏറെറടുക്കുവാൻശ്രമിച്ചു എന്നുള്ള വൃത്താന്തം ഇപ്പോൾ സുവിദിതമായിത്തീന്നിട്ടുണ്ടല്ലോ. ഇപ്പോൾ കുസുമം പത്രാധിപർ ക. കോ. പ്രെസിഡെൻറിന്റെ പൂജ്യതയെക്കുറിച്ച് എന്തു പറയും? പ്രെസിഡെൻറുപട്ടം പോയപ്പോൾ സ്വഭാവവും ആദർശങ്ങളും ദുഷിച്ചു പോയതാണെന്നായിരിക്കുമോ പത്രാധിപരുടെ വാദം? സ്വാർത്ഥസിദ്ധിക്കുവേണ്ടി ആരിലും ഇല്ലാത്ത അധികാരം ആരോപിക്കയും ആരെയും അർഹാതീതമായി സ്തുതിക്കുകയും ആരെയും അനർഹമായി പരിഹസിക്കയും ചെയ്യാതിരിക്കയാണുത്തമം.

4. 'പനമ്പള്ളിപദ്ധതിയെയും സവനറോളയെയും സാധൂകരിക്കുവാൻ വേണ്ടി പരിശുദ്ധപിതാക്കന്മാരായ പതിനൊന്നാം പീയൂസിനെയും ആറാം അലാക്സാണ്ടറെയും അനാദരപൂർവ്വം' ഞാൻ രംഗത്തു കൊണ്ടുവന്നുവെന്നു കുസുമംപത്രാധിപർ പറയുന്നു. ഇവിടെ സവണാറൊളയെക്കുറിച്ചും ആറാം അലക്സാണ്ടർ പാപ്പായെക്കുറിച്ചും യാതൊരറിവുമില്ലാത്ത കുസുമംവായനക്കാരുടെ അജ്ഞതയെ ആശ്രയിച്ചുകൊണ്ടു കത്തോലിക്കാസഭയെക്കുറിച്ചു യാതൊരു ബഹുമാനവുമില്ലാത്ത ഒരു പതിതനാണു ഞാനെന്നു സ്ഥാപിക്കുവാനാണു പത്രാധിപരുടെ പ്രയത്നം. ഒരുപക്ഷേ അദ്ദേഹത്തിൻെറ അജ്ഞത തന്നേ ഈ പ്രയത്നത്തിൻെറ നിദാനമായിരിക്കാം.

ഒന്നാമതായി പതിനൊന്നാം പീയൂസ് പാപ്പായുടെ നേരെ അനാദരം ദ്യോതിപ്പിക്കുന്നതായി ഞാനൊന്നും ഒരിടത്തും പറഞ്ഞിട്ടില്ല എന്നുള്ളതു വായനക്കാരെ ഗ്രഹിപ്പിക്കേണ്ടിയിരിക്കുന്നു. ആ മാർപ്പാപ്പായുടെ സിദ്ധികളെക്കുറിച്ചു വളരെ ബഹുമാനമുള്ള ഒരാളാണു ഞാൻ. ഇങ്ങനെയിരിക്കെ അദ്ദേഹത്തിനെതിരായി ഒന്നും ഞാൻ പറഞ്ഞിരിക്കാനിടയുമില്ല. കുസുമം പത്രാധിപർ എന്നെ ധിക്കൃതനാക്കുവാൻ വേണ്ടി സൃഷ്ടിച്ചിട്ടുള്ള ഒരു ദോഷാരോപണമാണിതെന്നു പറയേണ്ടിയിരിക്കുന്നു.

ആറാം അലക്സാണ്ടർ പാപ്പാ ക്രിസ്തീയധർമ്മങ്ങളിൽനിന്നു വ്യതിചലിച്ചു സ്വാർത്ഥലാഭത്തിനായി അധർമ്മങ്ങൾ ചെയ്തിട്ടുള്ള ഒരു പാപ്പായായിരുന്നുവെന്നുള്ളതു ചരിത്രപ്രസിദ്ധമാണ്. അങ്ങനെയാണെങ്കിലും ഒരു കത്തോലിക്കന് അതു തുറന്നു പറയാമോ? എന്നാണു ചില കത്തോലിക്കരുടെ പ്രശ്നം. കത്തോലിക്കർ ആ വാസ്തവം ഗോപനം ചെയ്തുകൊണ്ടിരുന്നാൽ അതു വെളിക്കു വരാതിരിക്കുമോ? കത്തോലിക്കരല്ലാത്ത എത്രയോ ചരിത്രപണ്ഡിതന്മാർ കിടക്കുന്നു. അവർ അതു വെളിക്കു കൊണ്ടുവരാതിരിക്കുകയില്ല. നിരാകരിക്കപ്പെട്ടുവാൻ പാടില്ലാത്ത തെളിവുകളോടുകൂടെ അവർ അതു വെളിക്കു കൊണ്ടുവരും. അപ്പോൾ കത്തോലിക്കർ സ്വസംസ്ഥിതിക്കായി സത്യം ഗോപനം ചെയ്യുന്നവരാണെന്നു വന്നുകൂടും. അതിനെക്കാൾ നല്ലതു് ആ സത്യങ്ങൾ കത്തോലിക്കർ തന്നേ പ്രകടമായി സമ്മതിക്കയും ആ സത്യങ്ങൾ കത്തോലിക്കാസഭയുടെ അപ്രമാദിത്വത്തെയോ ദൈവികമായ ഉല്പത്തിയെയോ വിശുദ്ധിയെയോ സ്പർശിക്കയില്ലെന്നു തെളിയിച്ചുകൊടുക്കായാണെന്നു വാദിക്കുന്ന കത്തോലിക്കപണ്ഡിതന്മാർ വളരെയുണ്ടു്. ഈ പക്ഷത്തിലാണ് ഞാൻ. അലക്സാണ്ടർ പാപ്പയെയും സവണാറൊളയെയും കുറിച്ചു് ഞാൻ ആവിഷ്കരിച്ച ആശയങ്ങൾ മോൺ. ഒക്കൊണ്ണോർ വൈദികാനുമതിയോടുകൂടെ പ്രസിദ്ധംചെയ്തിട്ടുള്ള ഒരു പുസ്തകത്തിൽനിന്നാണെന്ന് എൻെറ ലഘുലേഖയിൽ സ്പഷ്ടമാക്കിയിട്ടുണ്ടായിരുന്നു. ആ വാസ്തവം കുസുമംവായന-

ക്കാരിൽനിന്നു ഗോപനംചെയ്തുകൊണ്ടു് 'പരിശുദ്ധപിതാവാ'യ അലക്സാൻ ണ്ടർ പാപ്പായെ ഞാൻ എൻെറ ഔദ്ധത്യംകൊണ്ടു് സ്വമേധയാ അവഹേളിച്ചിരിക്കുന്നുവെന്നു് അവരെ തെററിദ്ധരിപ്പിച്ചു് എന്നെ ദ്വേഷ്യനാക്കിത്തീൎക്കുവാൻ പത്രാധിപർ ചെയ്തിരിക്കുന്ന പ്രയത്നത്തെ ഏതു സന്മാൎഗ്ഗശാസ്ത്രംകൊണ്ടു് അദ്ദേഹം സാധൂകരിക്കുമെന്നു് ഞാൻ കാണുന്നില്ല. അലക്സാൻണ്ടർ പാപ്പാ മഹാദുഷ്ടനായിരുന്നുവെന്നുള്ള വാസ്തവം യൂറോപ്പിൻെറ ചരിത്രം പഠിക്കുന്ന സകല വിദ്യാൎത്ഥികൾക്കും അറിയാവുന്നതാണു്. അതിനെ ഗോപനംചെയ്തുകൊണ്ടു് സഭയെ ത്രാണനം ചെയ്യുവാൻ മുതിരുന്നവൻ പരിഹാസ്യനായിത്തീരുമെന്നു പറയേണമെന്നില്ലല്ലൊ. സഭയും പരിഹാസ്യമായിത്തീരും.

സവണാറൊളയുടെ കാൎയ്യമെടുക്കാം. അദ്ദേഹം വലിയ ഒരു പണ്ഡിതനും വാഗ്മിയുമായ ഒരു സന്ന്യാസിയായിരുന്നു. ഇതിനുപുറമേ അദ്ദേഹം വലിയ സന്മാൎഗ്ഗനിഷ്ഠനുമായിരുന്നു. ഈ നിഷ്ഠയാൽ ചില രാഷ്ട്രീയകക്ഷികളുടെ സന്മാൎഗ്ഗവിരുദ്ധമായ നടപടികളെ തൻെറ പ്രസംഗങ്ങളിൽ തീവ്രമായി പരാമൎശിക്കാറുണ്ടായിരുന്നു. ആ കക്ഷികൾക്ക് ഇതുകൊണ്ടു് അദ്ദേഹത്തോടു വലിയ വൈരമുണ്ടായിത്തീൎന്നു. എന്നാൽ അന്നത്തെ നിയമസംഹിതയനുസരിച്ചു കത്തോലിക്കാസഭയിലെ ഒരു വൈദികനായിരുന്ന ഇദ്ദേഹത്തെ ആക്കും സ്പൎശിക്കുന്നതിനു് നിവൃത്തിയില്ലായിരുന്നു. അവർ അലക്സാൻണ്ടർ പാപ്പായുടെ പക്കൽ അടുത്തുകൂടി. പാപ്പാതന്നെ പരസ്യമായി ഒരു ദുൎജ്ജീവിതമാണു നയിച്ചിരുന്നതു്. അതിൻെറ സൂചനകളും വലിയ സന്മാൎഗ്ഗനിഷ്ഠനായിരുന്ന അദ്ദേഹത്തിൻെറ പ്രസംഗങ്ങളിൽ സ്ഫുരിക്കുമായിരുന്നു. അതിനാൽ പാപ്പായ്ക്കും അദ്ദേഹത്തോടൊരു ചൊരുക്കുണ്ടായിരുന്നു. സാങ്കേതിങ്ങളായ ചില കാരണങ്ങളുദ്ധരിച്ചുകൊണ്ടു പാപ്പാ അദ്ദേഹത്തെ മഹറോൻ ചൊല്ലി. അപ്പോൾ അദ്ദേഹം തൻെറ രാഷ്ട്രീയവൈരികളുടെ പിടിയിൽപെട്ടു. അവർ അദ്ദേഹത്തെ പിടിച്ചു തീയിലിട്ടു ദഹിപ്പിക്കയും ചെയ്തു. ഇതാണു് അതിസംക്ഷിപ്തമായി സവണാറൊളയുടെ ചരിത്രം.

പ്രബലരാഷ്ട്രീയകക്ഷിയിൽ പെട്ടിരുന്ന ഇദ്ദേഹത്തിൻെറ വൈരികളാണു് അദ്ദേഹത്തിൻെറ ജീവചരിത്രം ആദ്യമെഴുതിയതു്. അതിൽ അദ്ദേഹം വലിയ ഗൎവ്വിഷ്ഠനും ധിക്കാരിയും മററും ആണെന്നാണു് ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നതു്. അതിൽനിന്നായിരുന്നു വളരെ കാലത്തേയ്ക്കു ലോകത്തിനു സവണാറൊളയെക്കുറിച്ചു അറിവു സിദ്ധിച്ചുകൊണ്ടിരുന്നതു്. അതിനെ ആശ്രയിച്ചാണു് 'അപ്നാദേശ്' എന്നെ സവണാറൊളയാക്കാൻ ശ്രമിച്ചതും.

എന്നാൽ ആധുനികരായ ചരിത്രഗവേഷകന്മാർ തദാനീന്തനങ്ങളായ രേഖകൾ പരിശോധിച്ചിട്ട സവണാറൊള അത്യന്തം ധർമ്മിഷ്ഠനും നിരപരാധിയും ധീരനുമായിരുന്നുവെന്നും അലക്സാൻണ്ടർ പാപ്പാ ഉൾപ്പെടെയുള്ള സ്വാർത്ഥലോലുപന്മാരായ ചില ദ്രോഹികളുടെ ദുർന്നയത്താൽ കൊല്ലപ്പെട്ടവനാണെന്നുമുള്ള നിഗമനത്തിലാണ് ചെന്നെത്തിയിരിക്കുന്നത്. സവണാറൊളയുടെ ഈ ചരിത്രം ജോൺ ഓഫ് ആക്കിന്റെ ചരിത്രത്തോട സാമ്യം വഹിക്കുന്നുണ്ട്. ആ വിശുദ്ധയാൽ പരാജിതരായ ഇംഗ്ലീഷുകാർ അവളെ ചില കൌശലങ്ങൾകൊണ്ട തടവുകാരത്തിയായി പിടിച്ചു തീയിലിട്ട ദഹിപ്പിച്ചു. തീയിലിട്ട ദഹിപ്പിക്കപ്പെട്ടവാൻ അർഹയാണെന്നു വിധിയെഴുതിയത് ഒരു മെത്രാന്റെ അഗ്രാസനാധിപത്യത്തിൽ കൂടിയ ഒരു കോടതിയായിരുന്നു. ആ സാധ്വിയെ തല്ലരകക്ഷി വാശികേറി ദഹിപ്പിച്ചതിന്റെ ശേഷം അഞ്ചു ശതാബ്ദങ്ങൾ കഴിഞ്ഞപ്പോൾ അവളെ കത്തോലിക്കാസഭ ഒരു വിശുദ്ധയായിട്ട പ്രഖ്യാപനം ചെയ്തിരിക്കുന്നു.

നാം നമ്മുടെ യുവജനങ്ങൾക്ക് ഉന്നതവിദ്യാഭ്യാസം നൽകുന്നതിനായി വിദ്യാലയങ്ങൾ സ്ഥാപിച്ചിട്ടുണ്ടല്ലോ. കൂടുതൽ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനു നാം പ്രയത്നിക്കയും ചെയ്യുന്നു. ഈ പ്രയത്നങ്ങളുടെ ഫലമായിട്ട ചരിത്രത്തിലും ശാസ്ത്രങ്ങളിലും ജനങ്ങളുടെ ഇടയിൽ വിജ്ഞാനം വൎദ്ധിച്ചുവരികയും ചെയ്യുന്നുണ്ടല്ലോ. വൈദികർ പുൾപ്പിറ്റുകളിൽ നിന്ന് എന്തു പറഞ്ഞാലും അതിനെ ആരും അവിടെ വെച്ചുതന്നെ പ്രതിഷേധിക്കയില്ല. അതു പാടില്ലെന്നാണല്ലോ നിയമം. കർമ്മലകുസുമത്തിൽ പത്രാധിപർ എന്തു പറഞ്ഞാലും അതും അപ്രതിഷേദ്ധ്യമാണെന്നു വിചാരിക്കുന്നകത്തോലിക്കരും ഉണ്ടായിരുന്നേക്കാം. രണ്ടായാലും പത്രാധിപരുടെ സമ്മതം കൂടാതെ അദ്ദേഹത്തിന്റെ പത്രത്തിൽ അതു നടക്കയില്ലല്ലോ. പരിഹാസംകൊണ്ട് അസത്യം പ്രചരിപ്പിക്കുവാൻ ബദ്ധപരികരനായിരിക്കുന്ന പത്രാധിപർ ആ സമ്മതം നൽകുമെന്ന് പ്രതീക്ഷിക്കയും വേണ്ടാ. എന്നാൽ പത്രാധിപരും പത്രാധിപർ കുസുമം ഉപയോഗിച്ചതുപോലെ പുൾപ്പിറ്റുകൾ ഉപയോഗിക്കുന്ന മററു വൈദികരും ഒരു കാര്യം ഓർത്തിരിക്കണം. വിദ്യാഭ്യാസംകൊണ്ട കാര്യാകാര്യവിവേചനത്തിനു ശക്തരായിത്തീർന്നിട്ടുള്ള ജനങ്ങൾ അവരുടെ ദുർവാദങ്ങളേയും ആ വാദങ്ങളുടെ ഉദ്ദേശങ്ങളേയും വിമർശിക്കാറുണ്ട്. ജനങ്ങളോടുള്ള സംഭാഷണങ്ങളിൽനിന്ന് ഇതെനിക്കറിയാം. കാലക്രമേണ ഇതിന്റെ ഫലം സഭയുടെ ശൈഥില്യമായിരിക്കും. ഇതാണു സാഹസികരായ വൈദികർ ഓർത്തിരിക്കേണ്ട കാര്യം. എല്ലാററിനും ഒരു മര്യാദയുണ്ട്. അതു ലംഘിക്കുന്നത് ഉടനെയല്ലെങ്കിൽ കാലക്രമേണ ആപൽകരമായിരിക്കും.

5. ബൃഹത്തായ തന്റെ പരിഹാസകോശത്തിനും ക്ഷയം സംഭവിച്ചതുപോലെ കുസുമം പത്രാധിപർ 'സത്യനാദ'ത്തിന്റെ കോശത്തിൽനിന്ന് പരിഹാസം കടം വാങ്ങിച്ചിരിക്കുന്നു. സത്യനാദവും ഞാനും തമ്മിൽ ഉണ്ടായ ഒരു ചെറിയ ആശയവിനിമയത്തെ അനുസ്മരിപ്പിച്ചുകൊണ്ട കുസുമം പത്രാധിപർ പറയുന്നു: "അഹങ്കാരം എന്ന ദോഷം" കത്തോലിക്കാ തിരുസഭയ്ക്കുണ്ടെന്നു ലത്തീൻ പേച്ചിൽ പറഞ്ഞു മലയാളികളെ മനസ്സിലാക്കുന്ന പണ്ഡിതശിരോമണി (ഇതു് എന്നെ ഊന്നിയാണ്) മണ്ടനാണെന്നു വിനീതനായ അദ്ദേഹമല്ലാതെ മററാരെങ്കിലും പറയുമോ?" എന്ന്. ഇതു നാനാമുഖമായ ഒരു പരിഹാസമാണ്. നാനാമുഖങ്ങളിൽ തത്വസംബന്ധമായ ഒന്നിനെ മാത്രം ഞാനിവിടെ പരാമർശിക്കുന്നു. കത്തോലിക്കാസഭയ്ക്കു അഹങ്കാരമുണ്ടെന്നു ഞാൻ പറഞ്ഞിട്ടില്ല. 'ഉണ്ടാകാം' എന്നാണ് ഞാൻ സത്യനാദത്തിൽ പറഞ്ഞതു്. അതിനു തെളിവായിട്ട് "ലത്തീൻ പേച്ചിൽ' ഞാനൊരു വാക്യമുദ്ധരിച്ചു, അതു ശരിതന്നെ. അതു ഞാനുദ്ധരിച്ചതു് പ്രധാനമായി സത്യനാദം പത്രാധിപരുടെ ബോധനത്തിനുവേണ്ടിയാണ്. സത്യനാദം ആപ്പീസിൽ ഞാനുദ്ധരിച്ച പ്രാർത്ഥന 'ലത്തീൻ പേച്ചിൽ' ആണ്ടുതോറും ചൊല്ലുന്നവരുണ്ടെന്നെനിക്കറിയാം. ഇങ്ങനെ സത്യനാദത്തിനുള്ള പ്രാമാണ്യത്താൽ, ഞാനുദ്ധരിച്ചതു ശരിയാണെന്നു 'മലയാളി'കളായ വായനക്കാർ ധരിച്ചുകൊള്ളുമെന്നായിരുന്നു എന്റെ അഭിപ്രായം. ഞാനുദ്ധരിച്ച 'ലത്തീൻപേച്ചി'നെ സത്യനാദം നിഷേധിച്ചുമില്ല. സത്യനാദം മററു പ്രകാരങ്ങളിൽ എന്നെ കളിയാക്കുവാൻ ശ്രമിച്ചതേയുള്ളുവെന്ന് ഈ ലഘുലേഖയുടെ ഒരനുബന്ധമായി ചേർത്തിരിക്കുന്ന സത്യനാദവും ഞാനും തമ്മിലുണ്ടായ വിവാദത്തിൽനിന്നു വായനക്കാർക്കു മനസ്സിലാക്കാം.

ഞാൻ 'ലത്തീൻപേച്ചിൽ' ഉദ്ധരിച്ചതു് ഏതോ അസംബന്ധമാണെന്നും കത്തോലിക്കാസഭയ്ക്കു് അഹങ്കാരമെന്ന ദോഷം ഉണ്ടാകുവാൻ പാടില്ലെന്നും ധ്വനിപ്പിക്കുവാനുള്ള ഒരു ശ്രമമാണ് കുസുമം പത്രാധിപർ ചെയ്തിരിക്കുന്നതു്. അതിനെ പ്രതിഷേധിക്കാനാണു ഈ കഥ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്.

ആണ്ടുതോറും ജൂൺമാസം 15–ാംനു- ധ്രുവം മുതൽ ധ്രുവംവരെ വ്യാപിച്ചു സ്ഥിതിചെയ്യുന്നതും പ്രാമാണികമെന്നു കുസുമം പത്രാധിപരും സമ്മതിക്കേണ്ടതുമായ റോമൻസഭയിലെ സകല വൈദികരും കുർബാനയിലും കാനോനാപ്രാർത്ഥനകളിലും ചൊല്ലുന്ന ഒരു പ്രാർത്ഥനയാണ് ഞാൻ ഉദ്ധരിച്ചിരുന്നതു് (അനുബന്ധംനോക്കുക). സഭയെ ഗർവ്വത്തിൽനിന്നു രക്ഷിക്കണമെന്നും വിനയത്താൽ ഗുണം ഗ്രഹിക്കുന്നതാക്കിത്തീ

ക്കണമെന്നും ആ പ്രാർത്ഥന ദൈവത്തോടഭ്യർത്ഥിക്കുന്നു.

സംഭവിക്കുവാൻ പാടില്ലാത്ത ഒന്നു സംഭവിക്കരുതെന്നു പ്രാൎത്ഥിക്കുന്നതു പ്രയോജനരഹിതമായിരിക്കുമല്ലൊ. എന്നു മാത്രമല്ല, അതു ദൈവത്തെ ആക്ഷേപിക്കുന്നതിനു തുല്യമായിരിക്കും. കത്തോലിക്കാസഭ അപ്രമാദിയായിരിക്കണമെന്നു നാം പ്രാൎത്ഥിക്കാറില്ല. സഭ സനാതനമായിരിക്കണമെന്നും നാം പ്രാർത്ഥിക്കാറില്ല. എന്തുകൊണ്ടെന്നാൽ ഇതു രണ്ടും ക്രിസ്തുവിനാൽ പ്രതിശ്രുതങ്ങളാണ്. ഇവയ്ക്കുവേണ്ടി പ്രാൎത്ഥിക്കുന്നതു ക്രിസ്തുവിൻെറ വാക്കിൽ വിശ്വസിക്കാതിരിക്കുന്നതിനു തുല്യമായിരിക്കുമല്ലൊ. എന്നാൽ സഭയെ ശവ്വിഷ്ഠയാക്കരുതെന്നും സകല അധൎമ്മങ്ങളും സഭയിൽനിന്നു നീക്കണമെന്നും ഔദ്യോഗികപ്രാൎത്ഥനകളിൽസഭ സർവദാ ദൈവത്തോടൎത്ഥിച്ചുകൊണ്ടിരിക്കുന്നു. ഗവ്വും അധർമ്മവും സഭയ്ക്കുണ്ടാകാമെന്നാണല്ലൊ ഇതിൽനിന്നു ഗ്രഹിക്കേണ്ട അനുമാനം.

സഭ വിശുദ്ധയാണെന്നു വിശ്വാസപ്രമാണത്തിൽ തന്നെ പ്രഖ്യാപിതമാണല്ലൊ. ഗവ്വും അധർമങ്ങളും വിശുദ്ധിക്കു വിപരീതങ്ങളായ ഗുണങ്ങളാണ്. ഈ വിപരീതഗുണങ്ങൾ കത്തോലിക്കാസഭയിൽ എങ്ങനെ ഒരുമിച്ചു നിലനില്ക്കാം എന്നു ചിലർ ചോദിച്ചേയ്ക്കാം. ഈ പ്രശ്നത്തിന് സമാധാനമുണ്ട്. എന്നാൽ അതിൻെറ വിവരണത്തിനായി വിസ്തരഭയത്താൽ ഞാനിവിടെ തുനിയുന്നില്ല. എങ്കിലും ഗവ്വും അധൎമ്മങ്ങളും സഭയിൽ ഉണ്ടാകാമെന്നു സഭയുടെ ഔദ്യോഗികപ്രാൎത്ഥനകൾ പ്രകടമായി സമ്മതിക്കുന്നുവെന്നും ഇതുകൊണ്ട് ഈ ദോഷങ്ങൾ സഭയിൽ ശക്യസംഭവങ്ങളാണെന്നും ഏവരും സമ്മതിക്കണം.

വിദ്യാഭ്യാസപ്രക്ഷോഭണത്തെ നയിച്ചുകൊണ്ടിരുന്ന വൈദികരിലും ലൌകികരിലും പ്രത്യക്ഷമായിരുന്നതു കത്തോലിക്കാസഭ വർജ്ജ്യമായി കരുതുന്ന ഈ ഗർവമായിരുന്നു. കുസുമപത്രാധിപരിൽ അതു സവിശേഷം തെളിഞ്ഞു കാണുന്നുമുണ്ട്.

6. പരിഹാസമൊഴിച്ച് മറെറന്താശയമാണു കുസുമം പത്രാധിപർ സ്ഥാപിക്കുവാൻ ഉദ്യമിക്കുന്നതെന്നു കാണുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഏതെങ്കിലും സത്യം ഉന്നയിക്കുന്നിടത്തെല്ലാം അദ്ദേഹം അബദ്ധങ്ങളാണ് പറഞ്ഞുകൂട്ടുന്നതു്. ഒരുദാഹരണം ഇവിടെ ഉന്നയിക്കാം അദ്ദേഹം പറയുന്നു: "ആശ്രമഭിത്തിക്കുള്ളിൽനിന്നു മരണപരിയന്തം (അദ്ദേഹം ഉദ്ദേശിക്കുന്നതു പൎയ്യന്തമായിരിക്കാം) പുറത്തു വരുവാൻ നിയമം നിരോധിക്കുന്ന ഏകാന്ത സന്യാസമന്ദിരങ്ങളിലെ കന്യാസ്ത്രീകളോട് രാഷ്ട്രീയനേതാക്കന്മാരെ തിരഞ്ഞെടുക്കുന്നതിനു പുറത്തുവന്നു വോട്ടുചെയ്യുവാൻ പന്ത്രണ്ടാം പീയൂസ് അടുത്ത കാലത്തു ആജ്ഞാപിച്ചതും സന്യാസി

മാരെ അൾമായവേഷത്തിൽ തിരുമേനി വിദ്യാഭ്യാസരംഗത്തേയ്ക്കു പറഞ്ഞയച്ചതും മററും കുസുമം ഭക്തികാര്യങ്ങൾ മാത്രമേ പ്രതിപാദിക്കാവു എന്നു ശഠിക്കുന്ന മി. ചാക്കോയിക്കജ്ഞാതമായിരിക്കാൻ നിവൃത്തിയില്ലെന്നാണ് ഞങ്ങളുടെ വിശ്വാസം." കുസുമം പത്രാധിപരുടെ വിശ്വാസം ശരിതന്നേ. എന്നാൽ മാപ്പാപ്പാ തിരുമനസ്സിൽനിന്ന് ഇങ്ങനെയെല്ലാം ആജ്ഞാപിച്ചതിന്റെ അർത്ഥം അദ്ദേഹം മനസ്സിലാക്കിയിട്ടില്ലെന്നു പറയേണ്ടിവന്നിരിക്കുന്നു.

കത്തോലിക്കാസഭയ്ക്കു വലിയ വ്യാപ്തിയും പ്രാബല്യവുമുള്ള ഒരു ദേശമാണല്ലൊ ഇററലി. എന്നാൽ അവിടെ നടന്ന കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്ററുകാർ വിജയികളായിത്തീരുമെന്നുള്ള ശങ്ക പ്രബലമായിത്തീർന്നു. സമ്മതിദായകരിൽ ബഹുഭൂരിപക്ഷവും കത്തോലിക്കർ എന്ന നാമം വഹിക്കുന്നവരായിരുന്നു. അവരിൽ ഭൂരിപക്ഷം കമ്യൂണിസത്തെ അനുകൂലിച്ചു വോട്ടുചെയ്യുമെന്നുള്ള ശങ്കകൊണ്ടാണ് പരിശുദ്ധപിതാവ് ആശ്രമങ്ങൾക്ക് പുറത്തു വ്യാപരിക്കുക പതിവില്ലാത്ത സന്യാസികളും സന്യാസിനികളും പുറത്തിറങ്ങി വോട്ടുരേഖപ്പെടുത്തണമെന്നു കല്പിച്ചതു്. പരിശുദ്ധപിതാവിനെ ഇങ്ങനെ ചെയ്യുന്നതിനു നിർബ്ബന്ധിച്ച സാഹചര്യങ്ങളെ നാം ശോചിക്കയാണു വേണ്ടതു്. അതിനു പകരം വൈദികരെയും സന്യാസികളെയും സന്യാസിനികളെയും തിരുമനസ്സിൽ നിന്നും രാഷ്ട്രീയരംഗങ്ങളിലേയ്ക്കു ഉഛ്രുംഖലരായി വിട്ടിരിക്കുന്നുവെന്നുള്ള തെററായ വ്യാഖ്യാനമാണ് കുസുമംപത്രാധിപർ ഈ സംഗതിക്കു നൽകിയിരിക്കുന്നതു്.

ജനങ്ങളിൽ ഭൂരിപക്ഷം കത്തോലിക്കരായിരിക്കുന്ന ഇററലിയിൽ കമ്യൂണിസ്ററുസ്ഥാനാർത്ഥികൾ ഭൂരിപക്ഷത്തോടുകൂടെ ജയിക്കുമെന്നുള്ള അവസ്ഥ ആവിർഭവിച്ചതു തന്നെ കത്തോലിക്കർക്കഭിമാനകരമല്ല. കമ്യൂണിസം ഇല്ലാതായിത്തീരണമെങ്കിൽ മുതലാളികൾ സാമ്പത്തികനീതി പാലിക്കണമെന്നു പതിമ്മൂന്നാം ലേയോൻ പാപ്പാമുതൽ സകല മാപ്പാപ്പാമാരും ഉദ്ബോധിപ്പിച്ചിട്ടുള്ളതാണ്. കമ്യൂണിസം സ്വീകരിച്ചിട്ടുള്ള നിരീശ്വരത്വത്തെ അവർ പ്രതിഷേധിക്കയും ശപിക്കയും ചെയ്തിട്ടുമുണ്ട്. കമ്മ്യൂണിസത്തെക്കുറിച്ചു പള്ളികളിലും പുറത്തും പ്രസംഗിക്കുന്ന വൈദികരെല്ലാം കമ്യൂണിസ്ററുകളോടു വലിയ ദ്വേഷം പ്രകടിപ്പിക്കയും അവരെ ശപിക്കയും ചെയ്യാറുണ്ട്. എന്നാൽ മുതലാളികൾ തൊഴിലാളികളുടെ നേരെ സാമ്പത്തികനീതി പുലർത്തേണമെന്നു മാപ്പാപ്പാമാർ ചെയ്തിട്ടുള്ള ഉദ്ബോധനങ്ങളെക്കുറിച്ച് ഇവർ ഒന്നുംതന്നെ പറയാറില്ല. കമ്യൂണിസത്തിന്റെയും സോഷ്യലിസത്തിന്റെയും ഏവംവിധങ്ങളായ മററു സി

ധാന്തങ്ങളുടേയും ദോഷങ്ങളെല്ലാം കണ്ടുപിടിച്ചുപ്രസിദ്ധം ചെയ്യുന്നതിന് സർവദാ സന്നദ്ധരായിരിക്കുന്ന മോ. നടുവത്തുശേരിപോലും ഇവയ്ക്കു് നിദാനമായ മുതലാളികളുടെ നടപടികളെക്കുറിച്ചു് എന്തെങ്കിലും പറഞ്ഞിട്ടുള്ളതായി ഞാൻ കണ്ടിട്ടില്ല. കത്തോലിക്കാവൈദികരുടെ ഈ നയത്തെ പ്രതിയോഗികൾ എങ്ങനെ വ്യാഖ്യാനിക്കുമെന്നും പ്രയോഗിക്കുമെന്നുംവൈദികർ തന്നേ ആലോചിച്ചു നോക്കണം.

മാർപ്പാപ്പാ തിരുമനസ്സിൽനിന്നു കഴിഞ്ഞ ഇററലിയിലെ തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യുന്നതിന് സന്യാസികൾക്കും സന്യാസിനികൾക്കും നൽകിയ കല്പനയിൽനിന്നു രാഷ്ട്റീയകാര്യങ്ങളിൽ എന്തും പറയാമെന്നും എന്തും ചെയ്യാമെന്നുമുള്ള ഒരു നിഗമനത്തിലാണ് കുസുമംപത്രാധിപർ എത്തിച്ചേർന്നിരിക്കുന്നതെന്നു കാണുന്നു. ദീപിക, കുസുമം മുതലായി കത്തോലിക്കാ വൈദികസംഘങ്ങളുടെ വകയെന്നു മുദ്രയടിക്കപ്പെട്ടിട്ടുള്ള പത്രങ്ങളിൽ രാഷ്ട്രക്ഷോഭം ജനിപ്പിക്കുന്നതിനുതകുന്ന സകല തന്ത്രങ്ങളും പ്രയോഗിച്ചു ജനങ്ങളെ ഇളക്കിമറിക്കാമെന്നാണ് അദ്ദേഹം പരിശുദ്ധപിതാവിൻെറ ആ നിർദ്ദേശത്തിൽനിന്നു ഗ്രഹിച്ചിരിക്കുന്നതു്. ഇങ്ങനെ രാഷ്ട്രക്ഷോഭം ജനിപ്പിക്കുന്നതു് കത്തോലിക്കാസഭയുടെ ഗുണത്തിനാണെന്നു പത്രാധിപന്മാർക്കു തോന്നിയാൽ എന്തും ചെയ്യാം എന്നാണദ്ദേഹത്തിൻെറ പക്ഷം. പക്ഷെ ഇററലിയിലെ തിരഞ്ഞെടുപ്പു സംബന്ധിച്ചു പരിശുദ്ധ പിതാവ് നൽകിയ നിർദ്ദേശത്തിൻെറ ഒടുവിലത്തെ രണ്ടുമൂന്നു വാക്യങ്ങൾ കുസുമം പത്രാധിപർ വിസ്മരിക്കുന്നു. ഈയിടെ ആ നിർദ്ദേശം പല കത്തോലിക്കാ മലയാളപത്രങ്ങളിലും പ്രസിദ്ധം ചെയ്തിരുന്നല്ലൊ. അതിൻെറ ഒടുവിലത്തെ രണ്ടു വാക്യങ്ങൾ താഴെ ഉദ്ധരിക്കുന്നു:

"ദേവാലയത്തിലെ പ്രസംഗപീഠത്തിൽനിന്നു ദൈവവചനം പ്രസംഗിക്കുകയെന്ന ഉൽകൃഷ്ടവും പരിശുദ്ധവുമായ ഉദ്യോഗം അനുഷ്ഠിക്കുമ്പോൾ രാഷ്ട്രീയകക്ഷികളുടെ ബാലിശമായ പ്രശ്നങ്ങളിലേയ്ക്കും അഹൃദ്യങ്ങളായ മത്സരങ്ങളിലേയ്ക്കും താണുപോകാതിരിക്കാൻ നിങ്ങൾ സൂക്ഷിക്കണം. എന്തുകൊണ്ടെന്നാൽ അവ ആത്മാവിനെ അസ്വസ്ഥമാക്കുകയും വൈരത്തെ വർദ്ധിപ്പിക്കുകയും സ്നേഹത്തെ ക്ഷയിപ്പിക്കുകയും നിങ്ങളുടെ അന്തസ്സിനുതന്നെ ഹാനി തട്ടിക്കുകയും നിങ്ങളുടെ പരിശുദ്ധമായ സേവനങ്ങളെ വിഫലീഭവിപ്പിക്കുകയും ചെയ്യും." (അപ്പാദേശ് 5-12-51)

ഇവിടെ 'ദേവാലയത്തിലെ പ്രസംഗപീഠങ്ങളിൽനിന്നു' പ്രസംഗിക്കുമ്പോൾ രാഷ്ട്രീയപ്രശ്നങ്ങളിലേയ്ക്കു താണുപോകരുതെന്നു മാത്രമേ പരിശുദ്ധപിതാവ് പറയുന്നുള്ളുവെങ്കിലും ഉപദേശത്തിൻെറ വ്യാപ്തി അതിൽ വളരെ കൂടുതലാണെന്നു ആലോചിച്ചാൽ കാണാവുന്നതാണ്. വൈദികർ

രാഷ്ട്രീയമത്സരങ്ങളിൽ പങ്കെടുത്തു തങ്ങളേയും തങ്ങൾ യാതൊരു സ്ഥാപനത്തിൻെറ പ്രതിനിധികളായിരിക്കുന്നുവോ അതിനെയും വിദ്വേഷത്തിനും പ്രതികാരത്തിനും ലക്ഷ്യമാക്കരുതെന്നാണ് പരിശുദ്ധപിതാവിൻെറ ആശയം എന്നുള്ളതു് സ്പഷ്ടമാണ്. വൈദികരാൽ നടത്തപ്പെടുന്നവയെന്നു പ്രസിദ്ധങ്ങളായ പത്രങ്ങളും മാസികകളും ഈ ആശയത്തിൽ ഉൾപ്പെടുന്നു. നമ്മുടെ രാഷ്ട്രത്തിൽ നടന്ന കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ദീപിക സ്വീകരിച്ച നയത്തിൻെറ ഫലം എന്തായിരുന്നുവെന്നു നാം കണ്ടുകഴിഞ്ഞല്ലൊ. ഇത്തരം പരിണാമങ്ങളെ ഉദ്ദേശിച്ചുകൊണ്ടാണു പരിശുദ്ധപിതാവു തൻെറ ഈ ആശയം പ്രകടിപ്പിച്ചിരിക്കുന്നതു്.

കത്തോലിക്കാസഭയുടെയും നമ്മുടെ മെത്രാന്മാരുടെയും നാമത്തിൽ വിദ്യാഭ്യാസപ്രക്ഷോഭണം നടത്തുന്നതിൻെറ ഫലം പരിശുദ്ധപിതാവു ദ്ദേശിക്കുന്നവിധത്തിൽ വന്നുകൂടുമെന്നുള്ള തീവ്രമായ ഭയംകൊണ്ടാണ് ഞാൻ ആ പ്രക്ഷോഭണത്തെ പ്രതിഷേധിച്ചതു്.

വൈദികരും പൌരന്മാരല്ലേ? മററു പൗരന്മാരെപ്പോലെ രാഷ്ട്രീയകാര്യങ്ങളിൽ പങ്കെടുക്കുന്നതിനും കക്ഷിപിടിച്ചു പ്രവർത്തിക്കുന്നതിനും അവക്കും അവകാശമില്ലേ? ഈ അവകാശം അവക്കില്ലെന്നു പറയുവാൻ നിവൃത്തിയില്ല. എങ്കിലും ഒരു വൈദികനു കേവലം പൌരനെന്നതിൽ കവിഞ്ഞുള്ള ഒരു ഭൂമികയുണ്ടു്. അദ്ദേഹത്തിനു തൻെറ ശുശ്രൂഷയ്ക്കർപ്പിക്കപ്പെട്ടിരിക്കുന്ന ജനങ്ങളെ സ്വഹിതമനുസരിച്ച് നയിക്കുന്നതിനോ അപനയിക്കുന്നതിനോ വേണ്ട ചില സൌകര്യങ്ങളുമുണ്ടല്ലൊ. ഒരു വൈദികൻ ഒരു കക്ഷിപിടിച്ചുകൊണ്ടു തൻെറ സ്വാധീനശക്തി പ്രയോഗിച്ചാൽ അതിൽ നിയമവിരുദ്ധമായി ഒന്നുമില്ലെങ്കിലും എതിർകക്ഷികൾക്കതിൽ പരിഭവവും അമർഷവുമുണ്ടാകുമെന്നുള്ളതു നിശ്ചയമാണ്. ആ വൈരം വൈദികൻ എന്തിൻെറ പ്രതിനിധിയായിരിക്കുന്നുവോ അതിൻെറ നേരെയായിത്തീരാവുന്നതുമാണ്. സ്ഫടികഗൃഹങ്ങളിൽ പാക്കുന്നവർ കല്ലെറിയരുതെന്നൊരു പഴഞ്ചൊല്ല് ഇംഗ്ലീഷിലുണ്ടല്ലൊ. മനുഷ്യർ എന്ന നിലയിൽ നമുക്കു സിദ്ധമായിരിക്കുന്ന അവകാശങ്ങൾ പ്രയോഗിക്കുമ്പോൾ സ്ഥാനവശാൽ നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വങ്ങളെ നാം വിസ്മരിക്കരുതു്.

എൻെറ വാദങ്ങൾ താല്പര്യതിമിരംമൂലം ശരിയായിട്ടു ഗ്രഹിക്കാഞ്ഞിട്ടോ അല്ലെങ്കിൽ അവയെ യഥാതഥം ഗ്രഹിച്ചിട്ടും എന്നെ പരിഹസിക്കുന്നതിനുവേണ്ടി അന്യഥാകരിച്ചുകൊണ്ടാണ് കുസുമം പത്രാധിപർ സൂക്തികൾകൊണ്ടു ശോഭിക്കേണ്ടതായ തൻെറ മാസികത്തെ ദുരുക്തികൾ കൊണ്ടു മലിനമാക്കിയിരിക്കുന്നതു്.

7. വാദത്തിൽ വിജയത്തിന് ഏററം പററിയതു പരിഹാസമാണെന്നുള്ള അഭിപ്രായമാണു കുസുമം പത്രാധിപക്കുള്ളതു്. കുടുംബദീപം പത്രാധിപരായിരുന്ന കാലത്തും അദ്ദേഹത്തിൻെറ ആദശം ഇതുതന്നെയായിരുന്നു. ഇദ്ദേഹത്തെ പത്രാധിപത്യത്തിനു കുറിച്ചു മാററിയിരിക്കുന്നതുപോലെ കാണുന്നതിനാൽ സുറിയാനി കർമ്മലീത്താസഭയുടെ ഭാരവാഹികൾ ഈ നയത്തെ ആനുകൂല്യത്തോടെ വീക്ഷിക്കുന്നില്ലയോ എന്നൊരു ശങ്ക ജനിച്ചുപോകുന്നു. എന്നാൽ പരിഹാസങ്ങളെ ഭയന്നു സത്യങ്ങളിൽനിന്നു പലായനം ചെയ്യാത്ത മനുഷ്യരും ഉണ്ടെന്നുള്ള വാസ്തവം നാം വിസ്മരിക്കരുതു്. ക്രിസ്തു തന്നേ സത്യത്തിനുവേണ്ടി പരിഹാസങ്ങൾ മാത്രമല്ല മഹാപീഡകളും സഹിച്ചുവെന്നു നമുക്കറിയാമല്ലൊ. അനുത്തമമായ ഈ മാതൃകയിൽനിന്നു സത്യത്തിനു വേണ്ടി പരിഹാസാദികൾ സഹിക്കുന്നതു സുകൃതമാണെന്നു വിചാരിക്കുന്നവരുമുണ്ടെന്നു കുസുമം പത്രാധിപരുടെ സ്വഭാവമുള്ളവക്കു ധരിക്കുവാൻ പ്രയാസമുണ്ടായിരുന്നേക്കാം.

“പുളിംകുന്നിലെ പണ്ഡിതശ്രേഷ്ഠൻ” ഇത്യാദി വിശേഷണങ്ങൾ എനിക്കു നൽകിക്കൊണ്ടു് പത്രാധിപർ ദ്യോതിപ്പിക്കുവാനുദ്യമിക്കുന്ന പരിഹാസം ഉഗ്രമാണെങ്കിലും അതു് എന്നിൽ പരിഭവം ജനിപ്പിക്കുന്നില്ല. കുസുമം വായനക്കാരുടെ മണ്ഡലത്തിനു പുറത്തും പത്രാധിപരുടെ ഇത്തരം ഉൽകൃഷ്ടാശയങ്ങൾക്കു പ്രസിദ്ധിയുണ്ടാകട്ടെ എന്നു കരുതിയാണു് അദ്ദേഹത്തിൻെറ പ്രത്യാഖ്യാനം മുഴുവൻ ഈ ലഘുലേഖയിൽ ഒരനുബന്ധമായി ഞാൻ ചേത്തിരിക്കുന്നതു്.

എന്നാൽ എന്നെ പരിഹസിക്കുന്നതിനു കാരണമാക്കുന്നതിനായി അദ്ദേഹം ചില അസത്യങ്ങൾ പ്രയോഗിക്കുന്നുണ്ടു്. അദ്ദേഹത്തിൻെറ സത്യരാഹിത്യത്തിനൊരുദാഹരണം പറയാം: “മംഗലപ്പുഴ സെമ്മിനാരി പോലുള്ള വൈദികവിദ്യാലയങ്ങൾക്കല്ലാതെ ന്യൂനപക്ഷക്കാർ നടത്തുന്ന സാധാരണ സ്കൂളുകൾക്കു് ഗവമ്മെൻറിൽനിന്നു ഗ്രാൻറിനു അഹതയില്ല” എന്നു ഞാനെവിടെയോ പറഞ്ഞിരിക്കുന്നുവെന്നു പത്രാധിപർ പറയുന്നു. ഞാനിങ്ങനെ ഒരിടത്തും പറഞ്ഞിരിക്കാനിടയില്ല. സമുദായഹിതാനുസാരമുള്ള വിദ്യാലയത്തിനുദാഹരണമായി മംഗലപ്പുഴ സെമ്മിനാരി ഞാൻ ചൂണ്ടിക്കാണിച്ചുവെന്നുള്ളതു് വാസ്തവമാണു്. സമുദായഹിതാനുസാരമുള്ള വിദ്യാലയങ്ങൾക്കു് ഗ്രാൻറു് നൽകിക്കൊള്ളണമെന്നൊരു വ്യവസ്ഥ ഭരണഘടനയിലില്ലെന്നും എന്നാൽ അത്തരം ഏതെങ്കിലും വിദ്യാലയത്തിന് ഗവർമ്മെൻറു് ഗ്രാൻറു് നൽകുന്നുണ്ടെങ്കിൽ അത്തരം മററു വിദ്യാലയങ്ങൾക്കും ഗ്രാൻറിനവകാശമുണ്ടായിത്തീരുമെന്നും ഞാൻ എവിടെയോ പറഞ്ഞിട്ടുണ്ടു്. സ്വാത്ഥത്താൽ പ്രേരിതനായിട്ടു് പ്രതിയോഗിയുടെ അ

ശയമെന്തെന്നു ഗ്രഹിക്കുവാൻ ഉദ്യമിക്കാതെ പരിഹാസത്തിനായി പത്രാധിപർ മുതിരുന്നു. ഇത്തരം പ്രവൃത്തികൾ ഞാൻ ധരിച്ചിരിക്കുന്ന നിസ്സാരമായ ധമ്മശാസ്ത്രമനുസരിച്ചു 'കുമ്പസാരിക്കുവാനുള്ള കോപ്പു'കളാണു്. പത്രാധിപരുടെ ധമ്മശാസ്ത്രം അത്ര നിഷ്കൃഷ്ടമല്ലെന്നു് അദ്ദേഹത്തിൻെറ ഉപന്യാസം ആദിമുതൽ അന്തംവരെ പ്രഖ്യാപനം ചെയ്യുന്നു.

# "കുസുമം" പത്രാധിപരും മി. ഐ. സി. ചാക്കോയും.

സി. കെ. ജോസഫ്

ഇക്കഴിഞ്ഞ സെപ്റ്റംബർമാസത്തിലെ "കർമ്മലകുസുമ"ത്തിൽ "ശ്രീ: ഐ. സി. ചാക്കോ 'കുസുമ'ത്തിൻെറ നേരെ" എന്ന തലക്കെട്ടിൽ 'കുസുമം'പത്രാധിപർ ഒരു ലേഖനം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതായി ഞാൻ കണ്ടു. പനമ്പള്ളി പദ്ധതി, കത്തോലിക്കാ വിദ്യാഭ്യാസപ്രക്ഷോഭണം, ഒത്തുതീർപ്പു്, അതിൻെറ രാഷ്ട്രീയപ്രത്യാഘാതങ്ങൾ എന്നീ വിഷയങ്ങളിൽ തല്പരനായിരുന്ന ഞാൻ, ആവക വിഷയങ്ങളോടു ബന്ധപ്പെട്ടിരുന്ന "കമ്മലകുസുമം" പത്രാധിപരുടെ മുൻപറഞ്ഞ ലേഖനവും സശ്രദ്ധം രണ്ടുമൂന്നാവൃത്തി വായിച്ചു.

ലേഖനം വായിച്ചുകഴിഞ്ഞപ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ആണു് ആഴമായി എൻെറ മനസ്സിൽ പതിഞ്ഞതു്.

(1) മി. ഐ. സി. കുസുമത്തെപ്പററി നടത്തിയ പരാമർശനങ്ങളെ വിമർശിക്കുന്നു എന്ന പേരിൽ അദ്ദേഹം കത്തോലിക്കവിദ്യാഭ്യാസപ്രക്ഷോഭണത്തിനെതിരായി സ്വീകരിച്ച നിലപാടിനെയാണു് ലേഖകൻ വിമശിക്കുന്നതു്.

(2) വിദ്യാഭ്യാസ പ്രക്ഷോഭണത്തെ സംബന്ധിച്ചുള്ള മി. ഐ. സി. യുടെ അഭിപ്രായത്തിൻെറ യഥാർത്ഥ സ്വഭാവം ലേഖകൻ ഗ്രഹിച്ചിട്ടുള്ളതായി കാണുന്നില്ല.

(3) വിദ്യാഭ്യാസപ്രക്ഷോഭണത്തിനെതിരായി അദ്ദേഹം സ്വീകരിച്ച നിലപാടിൽ, ലേഖകനുണ്ടായ അമർഷത്തിൽനിന്നും, രോഷത്തിൽനിന്നും ഉടലെടുത്ത ഈ ലേഖനത്തിൽ, വിദ്യാഭ്യാസപ്രക്ഷോഭണത്തിനെതിരായി അദ്ദേഹം ഉന്നയിച്ച വാദങ്ങളേയോ യുക്തികളേയോ ഖണ്ഡിക്കുവാൻ ഒരു ചെറിയ ശ്രമംപോലും ചെയ്തുകാണുന്നില്ല.

(4) ലേഖനം തികച്ചും പരിഹാസപരമാണ്.

(5) വളരെ ഗൗരവമേറിയ ആരോപണങ്ങൾ, തികഞ്ഞ നിരുത്തരവാദിത്വത്തോടുകൂടി ലേഖനത്തിൽ അത്യന്തം വിലക്ഷണമായി നാലു പാടും വലിച്ചെറിഞ്ഞിരിക്കുന്നു. എന്നാൽ അവയിൽ ഒന്നുപോലും സ്ഥാപിക്കുവാൻ ലേഖകൻ ശ്രമിച്ചുപോലും കാണുന്നില്ല.

(6) കത്തോലിക്കരിൽ ആക്കുംതന്നെ അഭിപ്രായവ്യത്യാസം ഇല്ലാത്തതും, മി. ഐ. സി. ഒരിക്കലും അഭിപ്രായവ്യത്യാസം രേഖപ്പെടുത്തിയിട്ടില്ലാത്തതും ആയ ചില സത്യങ്ങളെ എടുത്ത് അദ്ദേഹം അതിനെ എതിക്കുന്നുവെന്ന മട്ടിൽ ദീർഘമായി അവയെപ്പററി ഉപന്യസിച്ച്, അദ്ദേഹത്തെപ്പററി കത്തോലിക്കരുടെയിടയിൽ തെററിദ്ധാരണ പരത്തുവാൻ ശ്രമിക്കുന്നു.

## വിദ്യാഭ്യാസപ്രക്ഷോഭണത്തെപ്പററി
## മി: ഐ. സി. യുടെ അഭിപ്രായം

മി. ഐ. സി. ചില ലേഖനങ്ങൾ വഴിയും, രണ്ട് ലഘുലേഖകൾ വഴിയും, വിദ്യാഭ്യാസ പദ്ധതിയെപ്പററിയും, കത്തോലിക്ക വിദ്യാഭ്യാസ പ്രക്ഷോഭണത്തെപ്പററിയും ഉള്ള തൻെറ അഭിപ്രായം വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. ആവക ലേഖനങ്ങളും ലഘുലേഖകളും വായിച്ചതിൽ എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞടത്തോളം അദ്ദേഹത്തിൻെറ അഭിപ്രായം താഴെ പറയുംപോലെയാണ്. മി. ഐ. സി. യുടെ അഭിപ്രായത്തിൽ പനമ്പള്ളിയുടെ അദ്ധ്യാപക വേതനപദ്ധതി സമീചീനമാണ്. പക്ഷെ കത്തോലിക്കരിൽ ചിലർ പനമ്പള്ളി പദ്ധതിയിൽ മൗലികാവകാശധ്വംസനമുണ്ടെന്നഭിപ്രായപ്പെട്ടു. മൗലികാവകാശം ഒരു നിയമപ്രശ്നം ആണ്. അതുകൊണ്ട് പദ്ധതി കോടതിയുടെ പരീക്ഷണത്തിന് സമപ്പിക്കപ്പെടേണ്ടതാണ്. നിയമപ്രശ്നങ്ങൾക്ക് സമാധാനം ഉണ്ടാക്കേണ്ട സമുചിതമായ മാർഗ്ഗം അതാണ്. പക്ഷെ മൗലികാവകാശധ്വംസനമുണ്ടെന്നു വാദിച്ചവർ ആ ഉചിതമായ മാർഗ്ഗം സ്വീകരിക്കുന്നതിന് വിമുഖരായി കാണപ്പെട്ടു. ആ വൈമുഖ്യം യുക്തിഹീനവും, മനസ്സിലാക്കുവാൻ പ്രയാസമുള്ളതുമായി അദ്ദേഹത്തിനു തോന്നി. ഒരു കോടതിയുടെ പരീക്ഷണത്തിൽ അവരുടെ വാദം നിലനിൽക്കുമോ എന്നുള്ള സംശയം കൊണ്ടാണവർ കോടതിയെ സമീപിക്കുവാൻ മടിച്ചതെങ്കിൽ, അവർ ആ വാദം അവസാനിപ്പിക്കേണ്ടതായിരുന്നു. എന്നാൽ അവർ ആ വാദം ഉപേക്ഷി

ച്ചില്ല. നിയമപ്രശ്നത്തെ ഒരു സാമുദായിക പ്രശ്നമായി മാററുവാൻ അ വർ ബോധപൂർവം ശ്രമിച്ചുതുടങ്ങി. കോടതിയെ സമീപിക്കുന്നതിനു പകരം, സംഘടിത സാമുദായികശക്തി സംഭരിച്ച് ഗവർമ്മെൻറിനെ ഭീഷണിപ്പെടുത്തി, നിയമപ്രശ്നത്തിനു പരിഹാരം കണ്ടുപിടിക്കുവാൻ ശ്രമമായി. ഈ ആവശ്യത്തിലേയ്ക്കു് നിയമപ്രശ്നത്തെ ഒരു സാമുദായികരാഷ്ട്രീയപ്രശ്നമായി മാററി. അതു് തികച്ചും ഒരു പൊതുജനവഞ്ചനയായിരുന്നു. എന്നാൽ ആ ജനവഞ്ചന അവിടെയും നിന്നില്ല. വെറും സാമുദായികമൊ, രാഷ്ട്രീയമോ ആയ അടിസ്ഥാനത്തിൽ പ്രക്ഷോഭണം നടത്തിയാലും, സാമുദായികാംഗങ്ങൾക്ക് ശരിയെന്നു തോന്നുന്ന അഭിപ്രായം സ്വീകരിക്കുവാൻ സ്വാതന്ത്ര്യം ഉണ്ടായിരിക്കും. തൻമൂലം സാമുദായികരംഗങ്ങളിൽ നിന്നു് പ്രക്ഷോഭണത്തിനെതിർ സ്വരം ഉണ്ടായേക്കാം. കത്തോലിക്കാ മതതത്വങ്ങൾക്കോ, വിശ്വാസത്തിനോ പദ്ധതി എതിരല്ലെന്നു് അധികൃതമായി പ്രസ്താവിക്കപ്പെട്ടിരുന്നെങ്കിലും, പ്രക്ഷോഭകർ അതിനെ ഒരു മതപ്രശ്നമായി രൂപാന്തരപ്പെടുത്തി. അങ്ങനെ വെറും ഒരു നിയമപ്രശ്നം എന്ന നിലയ്ക്കു് പദ്ധതിയെ എതിർക്കുവാൻ തുടങ്ങിയവർ, നിയമാനുസൃതം അതിനു പരിഹാരം നേടുവാൻ ശ്രമിക്കാതെ, അസാന്മാർഗ്ഗികമായ സാമുദായികാടിസ്ഥാനത്തിലുള്ള പ്രക്ഷോഭണമാർഗ്ഗം സ്വീകരിച്ചു.

പത്രാധിപർ ഇതൊന്നും ഗ്രഹിച്ചിട്ടുള്ളതായി തോന്നുന്നില്ല. ഉണ്ടെങ്കിൽ തന്നെയും, കത്തോലിക്ക വിദ്യാഭ്യാസപ്രക്ഷോഭണത്തെ സംബന്ധിച്ച് അദ്ദേഹം ഉന്നയിച്ച ആരോപണങ്ങൾക്ക്—അതായതു് (1) പദ്ധതിക്കെതിരായി ഉന്നയിച്ച വാദം നിയമപരമായിരുന്നു. (2) നിയമപരമായ പ്രശ്നങ്ങൾക്ക് പരിഹാരം തേടേണ്ടതു് കോടതി മുഖാന്തരമാണ്. (3) അതിനു പകരം ഒരു സാമുദായിക പ്രക്ഷോഭണം അഴിച്ചുവിട്ടു് അതിനു പരിഹാരം നേടുവാൻ ചെയ്ത ശ്രമം തികച്ചും ദുർമ്മാർഗ്ഗപരമായിരുന്നു. (4) സാമുദായികാടിസ്ഥാനത്തിലുള്ള സംഘടിതശക്തിമൂലം, നിയമപ്രശ്നങ്ങൾക്കോ, രാഷ്ട്രീയ പ്രശ്നങ്ങൾക്കോ സമാധാനം നേടുവാനുള്ള ശ്രമം, പ്രത്യേകിച്ചും ന്യൂനപക്ഷങ്ങളെ സംബന്ധിച്ച് അപകടകരമാണ്. തൻമൂലം പ്രക്ഷോഭണം സമുദായദ്രോഹപരവും ആത്മഹത്യാപരവുമാണ്. (5) ഒരു നിയമപ്രശ്നത്തെ രൂപംമാററി ഒരു സാമുദായികപ്രശ്നം ആക്കിയതു് തികച്ചും ഒരു ജനവഞ്ചനയായിരുന്നു. (6) എല്ലാററിലും ഉപരിയായി ഈ ദുർമ്മാർഗ്ഗപരവും, ജനവഞ്ചനാത്മകവും, ആത്മഹത്യാപരവും, സമുദായദ്രോഹകരവുമായ പ്രക്ഷോഭണത്തിന് സമുദായാംഗങ്ങളിൽ നിന്നുണ്ടായേക്കാവുന്ന എതിർപ്പുകളെ നിശ്ശബ്ദമാക്കുന്നതിനുവേണ്ടി, പ്രക്ഷോഭകർ

മതാധികാരികളുടെ നാമങ്ങളും, വചനങ്ങളും ഇഷ്ടംപോലെ ദുർവ്യാഖ്യാനം ചെയ്തത് തികച്ചും ആ പാവന സ്ഥാനങ്ങളോടും, വിശ്വാസികളോടും പ്രയോഗിച്ച ഒരു കൊടിയ വഞ്ചനയായിരുന്നു—ഒരു സമാധാനവും പറയുന്നില്ല. പ്രക്ഷോഭകരും, അവരുടെ ഏജൻറന്മാരും ഒട്ടുവളരെ കടലാസും മഷിയും ചിലവാക്കികഴിഞ്ഞെങ്കിലും, ഇന്നും, മി. ഐ. സി. യുടെ പ്രക്ഷോഭണത്തെ സംബന്ധിച്ചുള്ള ആരോപണങ്ങൾ, ചോദ്യംചെയ്യപ്പെടാതെ നാട്ടുകാരുടെ മുമ്പിൽ ഉത്തരം ആവശ്യപ്പെട്ടുകൊണ്ടു നില്ക്കുയാണ്.

മി. ഐ. സി. യുടെ "അദ്ധ്യാപകപ്രശ്നം" തുടങ്ങിയവയെ വിമർശിച്ച് അഭിവന്ദ്യനായ നടുവത്തുശേരിൽ അച്ചൻ തുടങ്ങി, "കർമ്മലകുസുമം" പത്രാധിപർ വരെയുള്ളവരിൽ ആരുംതന്നെ, അദ്ദേഹത്തിൻെറ പ്രക്ഷോഭണത്തെപ്പററിയുള്ള ആരോപണങ്ങൾക്ക് സമാധാനം പറയുവാൻ ശ്രമിച്ചുകാണുന്നില്ല. ആകെക്കൂടെയുള്ള സമാധാനം, മി. ഐ. സി. ഒരു സമുദായ ദ്രോഹിയാണ്, മതവിദ്വേഷിയാണ്, തിരുമേനിമാരോട് അനാദരവു കാണിച്ചവനാണ്, കത്തോലിക്കാകോൺഗ്രസ്സിനെ കുററം പറഞ്ഞവനാണ് പടുവൃദ്ധനാണ് അതാണ്, ഇതാണ് എന്നൊക്കെയുള്ളതാണ്. അദ്ദേഹത്തിൻെറ ആരോപണങ്ങളെ വ്യക്തമായി യുക്തിപൂർവം ഖണ്ഡിക്കരുതോ? എതിരാളികളുടെ ന്യായങ്ങളെയും, യുക്തികളെയും നാം ഖണ്ഡിക്കുന്നത് നാം പറയുന്നതാണ് ശരിയെന്ന് ആളുകളെ ബോദ്ധ്യപ്പെടുത്തി വിശ്വസിപ്പിക്കുന്നതിനാണല്ലോ. എന്നാൽ മി. ഐ. സി. ചാക്കൊ തിരുമേനിമാരോട് അനാദരവു കാണിച്ചവനാണെന്ന്,—അദ്ദേഹം അങ്ങനെ ചെയ്തിട്ടുണ്ടെങ്കിലും, ഇല്ലെങ്കിലും—വിശ്വാസികളോടു പറഞ്ഞുകഴിഞ്ഞാൽ, അദ്ദേഹത്തിൻെറ വിദ്യാഭ്യാസ പ്രക്ഷോഭണത്തെപ്പററിയുള്ള അഭിപ്രായം എത്ര ശരിയായിരുന്നാലും, അതു സർവാബദ്ധമാണെന്നും, പൈശാചികമാണെന്നും, വിശ്വാസികൾ ധരിച്ചുകൊള്ളും. എന്നാൽ പാവപ്പെട്ട കത്തോലിക്കരുടെ ഈ ദുർബലവശം ശരിക്കു ഗ്രഹിച്ചിട്ടുള്ള വിമർശകർ, യുക്തിയ്ക്കും ന്യായങ്ങൾക്കും വേണ്ടി ബുദ്ധിമുട്ടാതെ, ആളുകളുടെ വിശ്വാസത്തെ ചൂഷണംചെയ്ത്, അവരെക്കൊണ്ടു് മി. ഐ. സി. യുടെ ആരോപണങ്ങൾ തെററാണെന്ന് വിശ്വസിപ്പിക്കുകയാണ്. മി. ഐ. സി. ഇതുവരെ പറഞ്ഞിട്ടുള്ളതും, ഇനി മരണപര്യന്തം പറയാനിടയുള്ള എല്ലാ കാര്യങ്ങളും, സർവാബദ്ധമാണെന്നും, ആയിരിക്കുമെന്നും, യാതൊരു യുക്തിയും, ന്യായവും, ഉന്നയിക്കാതെതന്നെ കത്തോലിക്കരെക്കൊണ്ടു് വിശ്വസിപ്പിക്കാമെന്നുണ്ടെങ്കിൽ, യുക്തികളും ന്യായങ്ങളും അന്വേഷിച്ച് വിമർശകർ എന്തിനു ബുദ്ധിമുട്ടണം. "കർമ്മലകുസുമം" പത്രാധിപക്ക് ഈ കുറുക്കുവഴി നല്ല പരിചയമാണ്.

## "കർമ്മലകുസുമം" പത്രാധിപരുടെ വിമർശനത്തിൻെറ പോക്ക്.

"അദ്ധ്യാപകപ്രശ്നം" എന്ന പേരുംപറഞ്ഞ് കത്തോലിക്ക മെത്രാന്മാരുടെയും, കത്തോലിക്കപത്രങ്ങളുടെയും, കത്തോലിക്കകോൺഗ്രസ്സിൻെറയും, വിശിഷ്യ കോൺഗ്രസ്സ് പ്രസിഡൻറിൻെറയും, കത്തോലിക്ക വിദ്യാഭ്യാസത്തിൻെറയും, കത്തോലിക്ക അവകാശങ്ങളുടെയും മേൽ, കുറേനാളായി കുതിരകയററം നടത്തുന്ന ശ്രീ. ചാക്കോ ഒരു കത്തോലിക്ക മാസികയായ "കർമ്മലകുസുമ"ത്തിൻെറയും അതിൻെറ പത്രാധിപരുടെയും നേരെ തെററിച്ചുളിക്കയും മോർവീപ്പിക്കയും ചെയ്യുന്നതിൽ ഞങ്ങൾക്ക് ഒട്ടും വിസ്മയമില്ല." പത്രാധിപരുടെ തനിസ്വരൂപം ഈ വാചകത്തിൽ ശരിക്ക നിഴലിച്ചുനിൽക്കുന്നു. കത്തോലിക്കാമെത്രാന്മാരുടെ ഇടയലേഖനങ്ങളെ പ്രക്ഷോഭകർ അവരുടെ താല്പര്യങ്ങൾക്ക് അനുസരിച്ച് ദുർവ്യാഖ്യാനം ചെയ്തുതുടങ്ങിയപ്പോൾ ശ്രീമാൻ ഐ. സി. ചാക്കോ അതിനെ പരാമർശിച്ചു.

കത്തോലിക്കകോൺഗ്രസ്സ് പ്രസിഡൻറിൻെറ അഭിപ്രായങ്ങളിൽ പിശകുണ്ടെന്നു തോന്നിയപ്പോൾ അദ്ദേഹം അതിനെ യുക്തിപൂർവ്വം വിമർശിച്ച് തെററുകൾ ചൂണ്ടിക്കാണിച്ചു. പ്രക്ഷോഭണത്തിന് ശക്തി വർദ്ധിപ്പിക്കുവാൻ ബോധപൂർവ്വം കള്ളവാർത്ത പ്രചരിപ്പിച്ച കത്തോലിക്ക പത്രത്തിൻെറ അപഥസഞ്ചാരത്തെ അദ്ദേഹം നിശിതമായി വിമർശിച്ചു. "അദ്ധ്യാപകപ്രശ്നം" തുടങ്ങിയ ലഘുലേഖകളിലോ, ലേഖനങ്ങളിലോ, അദ്ദേഹം കത്തോലിക്ക വിദ്യാഭ്യാസത്തെപററി എന്തെങ്കിലും പ്രതിപാദിച്ചതായി ഞാൻ കണ്ടില്ല. വിദ്യാഭ്യാസപ്രക്ഷോഭകർ കത്തോലിക്കക്കില്ലാത്ത അവകാശങ്ങൾ ഉണ്ടെന്ന് അവരെ തെററിദ്ധരിപ്പിച്ച് പടനീക്കത്തിന് ആഹ്വാനം ചെയ്തപ്പോൾ, ആ വഞ്ചന അദ്ദേഹം യുക്തിപൂർവ്വം പൊളിച്ചുകാണിച്ചു. ആരുടെയെങ്കിലും അഭിപ്രായങ്ങളിൽ പിശകുണ്ടെന്നാത്മാർത്ഥമായി വിശ്വസിക്കുന്ന ഒരാൾ, യുക്തിപൂർവ്വം ബഹുജനങ്ങളെ തെററുകൾ ചൂണ്ടിക്കാണിച്ചു മനസ്സിലാക്കുന്നതു് കുതിരകയററമായി താറടിക്കുന്നതു്, ഒന്നുകിൽ യുക്തിയെ യുക്തികൊണ്ടു് ഖണ്ഡിക്കുവാനുള്ള കഴിവുകേടുകൊണ്ടോ, അല്ലാത്ത പക്ഷം, സ്വപക്ഷീയരെ തെററിദ്ധരിപ്പിക്കുവാനുള്ള ആഗ്രഹംകൊണ്ടോ ആയിരിക്കാം.

"കർമ്മലകുസമം" പത്രാധിപരുടെ ഈ ലേഖനത്തിൽ വളരെയധികം ആരോപണങ്ങൾ മി. ഐ. സി. യുടെ നേരെ വലിച്ചെറിഞ്ഞിട്ടുണ്ടു്. ആരോപണങ്ങൾ നടത്തുവാൻ ആർക്കും അവകാശം ഉണ്ടു്. പക്ഷെ കൊ

ണ്ടുവരുന്ന ഓരോ ആരോപണവും തെളിയിക്കുവാനുള്ള ഉത്തരവാദിത്വവും ബാദ്ധ്യതയും കൂടിയുണ്ടെന്നുള്ള കാര്യം വിസ്മരിച്ചുകളയുന്നതു് ശരിയല്ല. അങ്ങനെ ചെയ്യേണ്ടതൊരു സാധാരണ മര്യാദയുമാണു്. അങ്ങനെ ചെയ്യാത്തപക്ഷം, അതു് തികച്ചും മര്യാദകേടാണെന്നു് മറ്റുള്ളവർ വിചാരിക്കും. "അദ്ധ്യാപകപ്രശ്നം" എന്ന പേരുംപറഞ്ഞു്...........ഞങ്ങൾക്കൊട്ടും വിസ്മയമില്ല" എന്നുള്ള വാചകത്തിൽ അടങ്ങിയിരിക്കുന്ന ആരോപണം എത്രയോ ഗൌരവമുള്ളതാണു്. അതിലൊന്നും തെളിയിക്കപ്പെട്ടിട്ടില്ല. ഇത്തരം തെളിയിക്കപ്പെടാത്ത നിരവധി ആരോപണങ്ങൾ വേണമെങ്കിൽ എടുത്തു ചൂണ്ടിക്കാണിക്കാം. ചുരുക്കത്തിൽ, തെളിയിക്കപ്പെടാത്ത വ്യക്തവും, വ്യംഗ്യവുമായ ഒരു ആരോപണസമുച്ചയം തന്നെയാണു്, "കർമ്മലകുസുമം" പത്രാധിപരുടെ ലേഖനം.

മറ്റൊരു വിദ്യകൂടി ലേഖകൻ കരുതിക്കൂട്ടി പ്രയോഗിച്ചിരിക്കുന്നതായി കാണുന്നു. കത്തോലിക്കരുടെ ചില വിശ്വാസ സത്യങ്ങളെ എടുത്തു് ദീർഘമായി ഉപന്യസിക്കുക. അതിനിടക്കു് മി. ഐ. സി. ആവക വിശ്വാസങ്ങൾക്കു് എതിരാണെന്നോ, അവയൊക്കെ നിസ്സാരമായി കരുതുന്നുവെന്നോ, കത്തോലിക്കർ തെറ്റിദ്ധരിക്കത്തക്കവിധത്തിൽ അത്ര വ്യക്തവും വ്യംഗ്യവുമായ സൂചനകൾ നൽകുന്നു: ഉദാ—"ദൈവത്തിന്റെ സഭയെ ഭരിക്കുവാൻ പരിശുദ്ധാരൂപിയാൽ നിയമിതരാണു് മെത്രാന്മാർ എന്നാണു് കത്തോലിക്കരുടെ വിശ്വാസം" മി: ഐ. സി. കത്തോലിക്ക മെത്രാന്മാരെയും കത്തോലിക്ക കോൺഗ്രസിനെയും മറ്റും കുതിര കയറുന്ന ആളാണെന്നു പത്രാധിപർ ആദ്യംതന്നെ വായനക്കാരെ മനസ്സിലാക്കിയിട്ടുണ്ടു്. മി. ഐ. സി. യുടെ ലേഖനത്തെവിമർശിക്കുമ്പോൾ, സാമാന്യ കത്തോലിക്കർക്കെല്ലാം അറിയാവുന്ന ഒരു കാര്യം, അതായതു്, "ദൈവത്തിന്റെ സഭയെ ഭരിക്കുവാൻ പരിശുദ്ധാരൂപിയാൽ നിയമിതരാണു് മെത്രാന്മാർ എന്നാണു് കത്തോലിക്കരുടെ വിശ്വാസം" എന്നുള്ളതു് എടുത്തുപറയുന്നതിൽ പത്രാധിപക്കു് ഒരുദ്ദേശം ഉള്ളതായി കാണുന്നു. മി. ഐ. സി. ഒരു നല്ല കത്തോലിക്കനല്ലെന്നും, കത്തോലിക്ക വിശ്വാസങ്ങളെ, അത്ര കാര്യമായി ഗണിക്കുന്നവനല്ലെന്നും, ഒരു സൂചന വായനക്കാർക്കു് നൽകുകയല്ലേ ചെയ്യുന്നതു്. ആദ്യം ഒരു സൂചനകൊടുത്തശേഷം അടുത്തപടി, അദ്ദേഹം ആ അഭിപ്രായം വളരെ വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു. "വൈദീകരുടെയും, വൈദീകാദ്ധ്യക്ഷന്മാരുടെയും, പ്രവർത്തനങ്ങളെപറ്റി പരസ്യമായ വിമർശനങ്ങൾ നടത്തുവാൻ, മി. ഐ. സി. യെ പോലെയുള്ള കത്തോലിക്കർക്കേ സാധിക്കയുള്ളു. ഇത്തരം പരസ്യമായ വൈദികവിമർശനം 2000—കൊല്ലത്തെ കേരളസഭാചരിത്രത്തിൽ എപ്പോഴെങ്കിലും, ഒരു ക

ത്തോലിക്കനിൽ നിന്നുണ്ടായിട്ടുണ്ടോഎന്നു ഞങ്ങൾ സംശയിക്കുന്നു." ഒരു കൊള്ളരുതാത്ത കത്തോലിക്കനാണ്, അതുമല്ല കേരളക്കരയിൽ ഇന്നുവരെയും ഉണ്ടായിട്ടുള്ള കത്തോലിക്കരിലേക്കും കൊള്ളരുതാത്തവനാണ് ശ്രീ ചാക്കൊ, എന്നാണ് "കമ്മലകുസുമം" പത്രാധിപരുടെ ഏററവും മിതമായ അഭിപ്രായം. കത്തോലിക്കരിൽ എത്രപേർ ഈ അഭിപ്രായത്തോടു യോജിക്കുന്നുണ്ടായിരിക്കും? "കമ്മലകുസുമം" പത്രാധിപർ ഉൾപ്പെടുന്നസന്യാസസമൂഹാംഗങ്ങളിൽ എത്രപേർ ഈ അഭിപ്രായത്തോടു യോജിക്കുന്നുണ്ടായിരിക്കും?

"കമ്മലകുസുമം" പത്രാധിപരുടെ ശാന്തവും, സുചിന്തിതവും, ആത്മാത്ഥവുമായ അഭിപ്രായം ഇതുതന്നെയാണോ? വാദപ്രതിവാദങ്ങളിൽ ഏപ്പെടുമ്പോൾ, എതിരാളികളെപ്പററി, അവരവർ പോലും വിശ്വസിക്കാത്ത അഭിപ്രായങ്ങൾ തട്ടിവിടുന്നവരുണ്ട്. അത്തരം അഭിപ്രായപ്രകടനങ്ങൾ തനിക്കും, താനുൾപ്പെടുന്ന സന്യാസസമൂഹത്തിനും യോജിച്ചതാണോ എന്ന്, വന്ദ്യനായ "കമ്മലകുസുമം" പത്രാധിപർ ചിന്തിച്ചുനോക്കുന്നതു് പ്രയോജനകരമായിരിക്കുമെന്നു തോന്നുന്നു.

## എന്താണീ വൈരുദ്ധ്യം.

"ദീപിക" കത്തോലിക്കർ ഇഷ്ടപ്പെടുന്ന ഒരു നല്ല കത്തോലിക്കപത്രമാണ്. "കുസുമം" കേരള കത്തോലിക്കരുടെ പരിലാളനങ്ങൾ അനുഭവിച്ചുപോരുന്ന ഒരൊന്നാംതരം കത്തോലിക്ക മാസികയാണ്. ശ്രീ ചാക്കൊ കേരള കത്തോലിക്കരുടെ അഭിമാനസ്തംഭം തന്നെയാണെന്നുള്ളതു് ഒരു പരമാത്ഥമാണ്. ഇന്നും മി. ചാക്കോ കേരള കത്തോലിക്ക വൈദിക സമൂഹത്തിൽ ഭൂരിപക്ഷത്തിൻെറയും ബഹുമാനപാത്രമാണ്. കത്തോലിക്ക വിദ്യാഭ്യാസ മാനേജ്മെൻറും ശ്രീമാൻ ചാക്കോയും തമ്മിൽ എന്തെങ്കിലും അഭിപ്രായ വ്യത്യാസമുണ്ടായിരുന്നതായി നമുക്കറിവില്ല. പക്ഷെ ഇന്നു് ശ്രീമാൻ ചാക്കോയും, കത്തോലിക്ക വിദ്യാഭ്യാസ മാനേജ്മെൻറിൻെറ വക്താക്കളുമായി ഒരു വലിയ പൊരുത്തക്കേടു് നാം ദർശിക്കുന്നു. "കുസുമം" പത്രാധിപർ പറയുന്നു ശ്രീമാൻ ചാക്കൊ സമുദായദ്രോഹിയാണ്, മതദ്രോഹിയാണ്, വൈദികവിദ്വേഷിയാണെന്നൊക്കെ. ഒരു ദിവസം ഉണന്നെഴുന്നേററപ്പോൾ ശ്രീ ചാക്കോയുടെ സ്വഭാവം പാടെ മാറിപ്പോയോ? ഇവരുടെ ഈ അഭിപ്രായ വ്യത്യാസത്തിൻെറ രഹസ്യം എന്താണ്? വിദ്യാഭ്യാസ മാനേജ്മെൻറുകൾക്ക് വിവിധ താല്പര്യങ്ങൾ ഉണ്ട്. അതിൽ ഏതു് താല്പര്യത്തെ സംബന്ധിച്ചാണ് ഇവർ തമ്മിലുള്ള വൈരുദ്ധ്യം.

ആദർശപരവുംതാതചികവുമായ താല്പര്യങ്ങൾ, ഭരണപരമായ താല്പര്യങ്ങൾ, സാമ്പത്തികതാല്പര്യങ്ങൾ, ഇവയാണ് വിദ്യാഭ്യാസമാനേജുമെൻറുകളുടെ സാമാന്യതാല്പര്യങ്ങൾ. ഓരോ മാനേജുമെൻറും, അതിൻെറ സ്വഭാവം അനുസരിച്ച് ഇവയിൽ ഏതെങ്കിലും ഒന്നിന് കൂടുതൽ മുൻഗണനകൊടുത്തുവെന്നു വരാവുന്നതാണ്. ആദർശപരവും, താതചികവുമായ താല്പര്യത്തിന് കത്തോലിക്കമാനേജുമെൻറു കൂടുതൽ മുൻഗണനകൊടുക്കുന്നുണ്ടെങ്കിലും സാമ്പത്തികവും ഭരണപരവുമായ താല്പര്യങ്ങളും പരിരക്ഷിക്കുന്നതിൽ ഉത്സുകരാണ്. കത്തോലിക്കസഭാതതചങ്ങൾക്കും ആദർശങ്ങൾക്കും അനുയോജ്യമായ അന്തരീക്ഷത്തിൽ കുഞ്ഞുങ്ങളെ വിദ്യ അഭ്യസിപ്പിക്കുകയെന്നുള്ളതാണ് കത്തോലിക്ക മാനേജ്മെൻറുകളുടെ ആദർശപരവും താതചികവുമായ താല്പര്യം. കത്തോലിക്ക അന്തരീക്ഷത്തിൽ, അതായത് തികച്ചും സാന്മാർഗ്ഗികമായഒരന്തരീക്ഷത്തിൽകുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസം നല്കണമെന്നുള്ള കത്തോലിക്കവിദ്യാഭ്യാസാദർശത്തിനുവേണ്ടി ഏതു ത്യാഗവും സഹിക്കുവാൻ താൻ തയ്യാറാണെന്ന് തൻെറ പ്രവർത്തനങ്ങൾകൊണ്ടു മി. ഐ. സി. തെളിയിച്ചിട്ടുണ്ട്. ശ്രീമാൻ ചാക്കൊയും കത്തോലിക്ക വിദ്യാഭ്യാസമാനേജ്മെൻറും തമ്മിൽ യാതൊരു പൊരുത്തക്കേടും അക്കാര്യത്തിൽ ഇല്ല. അതുകൊണ്ടു് കത്തോലിക്ക മാനേജ്മെൻറിൻെറ മറേറതോ താല്പര്യം സംബന്ധിച്ചാണ് ഇവർ തമ്മിലുള്ള പൊരുത്തക്കേട്. ഭരണപരമായ കാര്യത്തിൽ തിരുവിതാംകൂറിലെ മറെറല്ലാ മാനേജ്മെൻറുകളേപ്പോലെ കത്തോലിക്ക മാനേജുമെൻറും സേചച്ഛാധിപത്യപരമായ വ്യവസ്ഥയിൽ തല്പരരാണ്. മാനേജ്മെൻറുകളും, അദ്ധ്യാപകരുമായുള്ള ശിക്ഷണപരവും വേതനപരവുമായ ബന്ധം തികച്ചും മാനേജരുടെ ഇഷ്ടത്തിനും യുക്തത്തിനും വിധേയമായിരിക്കണമെന്നുള്ളതാണ് ആ തല്പര്യം. തികച്ചും സേചച്ഛാധിപത്യപരമായ ഒരു രാജ്യഭരണ വ്യവസ്ഥയിൽ മുളച്ചുവളന്ന തിരുവിതാംകൂറിലെ വിദ്യാഭ്യാസ മാനേജുമെൻറുകൾ സേചച്ഛാധിപത്യപരമായഭരണബന്ധങ്ങൾ പുലത്തിപോന്നിരുതിലോ, പുലത്തിക്കൊണ്ടു പോകുവാൻ ആഗ്രഹിക്കുന്നതിലോ, അസംഗതമായോ, ആകസ്മികമായോ യാതൊന്നുംതന്നെയില്ല. മാനേജ്മെൻറ് അദ്ധ്യാപക ബന്ധങ്ങൾ വ്യവസ്ഥാപിതമാക്കുന്നതിനെ മാനേജ്മെൻറുകൾ ഇഷ്ടപ്പെടുന്നില്ല. പനമ്പള്ളിപദ്ധതി മാനേജ്മെൻറും അദ്ധ്യാപകരും തമ്മിൽ നിലവിലിരിക്കുന്ന സേചരാധിപത്യബന്ധത്തെ നീക്കി, അതിനെ വ്യവസ്ഥാപിതവും ജനാധിപത്യപരവുമാക്കുവാൻ വേണ്ടി കരുപ്പിടിപ്പിച്ചിട്ടുള്ളതാണ്. സേചച്ഛാധിപത്യ ഭരണവ്യവസ്ഥയ്ക്കു് അനുകൂലമായി രാജ്യത്തിനകത്തു് കെട്ടിപ്പടുത്തിരുന്ന എല്ലാ സാമൂഹ്യബന്ധങ്ങളെയും, ജനാധിപത്യപരമായി മാ-

റേറണ്ടതു് ജനാധിപത്യഭരണവിജയത്തിനനപേക്ഷണീയമാണു്. ജനാധിപത്യപരമായ ഒരു ഭരണക്രമവും സ്വേച്ഛാധിപത്യപരമായ സാമൂഹ്യബന്ധങ്ങളും തമ്മിൽ യാതൊരു പൊരുത്തവും ഇല്ല. രാജ്യശ്രേയസ്സിനും സമാധാനത്തിനും ഇന്നാവശ്യമായിരിക്കുന്നതു് നമ്മുടെ എല്ലാ സാമൂഹ്യബന്ധങ്ങളെയും ജനാധിപത്യപരമാക്കി ജനാധിപത്യ-സാമൂഹ്യനീതി കൈവരുത്തുകയെന്നുള്ളതാണു്. ആ ചരിത്രപരമായ കടമ നിർവ്വഹിക്കുവാൻ വേണ്ടി ധീരന്മാരും നേർബുദ്ധികളുമായ ഭരണാധിപന്മാരും ചിന്തകന്മാരും ശ്രമിക്കുമ്പോൾ, സ്വേഛാധിപത്യപരമായ സാമൂഹ്യബന്ധളിൽ പഴകിയിരിക്കുന്നവരും അവരുടെസേവകപരിഷകളും രാജ്യത്തിനകത്തുള്ള എല്ലാ പിന്തിരിപ്പൻശക്തികളെയും ഇളക്കിവിട്ടു് ആ ശ്രമത്തെ പരാജയപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. എല്ലാ സാമൂഹ്യരംഗങ്ങളിലും ജനാധിപത്യബന്ധങ്ങൾ സ്ഥാപിച്ചു് രാജ്യത്തിനകത്തു് ജനാധിപത്യസാമൂഹ്യനീതി കൈവരുത്തുവാൻ ശ്രീ. ചാക്കോ ആഗ്രഹിക്കയും പ്രവർത്തിക്കയും ചെയ്യുന്നു. സ്വേഛാധിപത്യബന്ധങ്ങളിൽ പഴകിയവർ തങ്ങളുടെ സാമൂഹ്യബന്ധങ്ങളെ കാലോചിതമായി രൂപാന്തരപ്പെടുത്തുവാൻ മടിക്കുന്നു. മാനേജ്മെൻറു് ഫ്യൂഡൽതാല്പര്യങ്ങൾ സ്വസമുദായത്തിൻെറതാണെങ്കിലും, അല്ലെങ്കിലും, അവസാനിപ്പിക്കേണ്ടതാണെന്നദ്ദേഹം കരുതുന്നു. ഫ്യൂഡൽ സാമൂഹ്യബന്ധങ്ങൾ നിലനിറുത്തിക്കൊണ്ടു് ഇന്നു ലോകത്തിൽസാമൂഹ്യനീതി കൈവരുത്തുക അസാദ്ധ്യമാണെന്നദ്ദേഹം അറിയുന്നു. സാമൂഹ്യനീതിയുടെ പേരിൽ കത്തോലിക്കമാനേജ്മെൻറിൻെറ ഫ്യൂഡൽതാല്പര്യങ്ങളെ അദ്ദേഹം എതിർക്കുന്നു. കത്തോലിക്കമാനേജ്മെൻറു് അതിനു പ്രതികാരമായി, ശ്രീ. ചാക്കോയെ ഒരു മതദ്രോഹിയായും വൈദികവിദ്വേഷിയായും താറടിക്കുന്നു. അതാണു് ശ്രീ. ചാക്കോയും, കത്തോലിക്ക മാനേജ്മെൻറു് വക്താക്കളും തമ്മിലുള്ള വൈരുദ്ധ്യം. പ്രശ്നങ്ങൾ കൂട്ടിക്കുഴച്ചു് ശ്രീമാൻ ചാക്കോയെ കബളിപ്പിക്കുവനേൻ എളുപ്പമല്ല. ദുഷ്പ്രചരണം കൊണ്ടു് നിശ്ശബ്ദനാക്കുവാനും സാദ്ധ്യമല്ല. അത്രയും അറിഞ്ഞിരിക്കുന്നതുനല്ലതാണു്.

## പ്രക്ഷോഭണം:
## ഒരു തിരിഞ്ഞുനോട്ടം.

പനമ്പിള്ളിപ്പദ്ധതിക്കെതിരായി കത്തോലിക്കർ നടത്തിക്കൊണ്ടിരുന്ന പ്രക്ഷോഭണം ഇപ്പോൾ അവസാനിച്ചിരിക്കയാണല്ലോ. അതിൻെറ ഫലവും നാം കണ്ടുകഴിഞ്ഞു. കത്തോലിക്കാസഭയുടെ യോദ്ധാക്കളായി പ്രക്ഷോഭണം നയിച്ചുകൊണ്ടിരുന്നവരുടെ യഥാർത്ഥതാല്പര്യം എന്തായിരുന്നു

വെന്നും അവരുടെ അനന്തരപ്രവൃത്തികളിൽനിന്നു പ്രത്യക്ഷമായി. അന്തരീക്ഷം നിർമ്മേഘവും ശാന്തവുമായിത്തീൎന്നിരിക്കയും ചെയ്യുന്നു. ഇപ്പോൾ നമുക്കു ശാന്തമായും വ്യക്തമായും കാൎയ്യങ്ങളെ വീക്ഷിക്കുവാൻ സാധിക്കുമെന്നു് ഞാൻ വിചാരിക്കുന്നു.

പ്രക്ഷോഭണങ്ങൾക്കെല്ലാം ഓരോ ലക്ഷ്യമുണ്ടായിരിക്കണമല്ലോ. ഈ പ്രക്ഷോഭണത്തിന്റെ ലക്ഷ്യമെന്തായിരുന്നു? അദ്ധ്യാപകന്മാർ വളരെക്കാലം നടത്തിക്കൊണ്ടിരുന്ന നിവേദനങ്ങളുടെ ഫലമായിട്ടു് അവരുടെ ശമ്പളം കൂട്ടുന്നതിനുവേണ്ടി ഗവൺമെന്റു ഒരു പദ്ധതി സ്വീകരിച്ചു. ആ പദ്ധതി കത്തോലിക്കൎക്കു് ദോഷകരമായിരുന്നുവെന്നു തന്നേ സങ്കല്പിക്കുക. അതു കത്തോലിക്കരുടെ മൗലികാവകാശങ്ങളെ ധ്വംസിക്കുന്നതായിരുന്നുവെന്നും സങ്കല്പിക്കാം. രണ്ടാമത്തേ ഈ ന്യൂനത പരിഹരിക്കുന്നതിന്നു ശാന്തമായ മാൎഗ്ഗമുണ്ടല്ലോ. അതിനെന്തിനു പ്രക്ഷോഭണം? കാൎയ്യസിദ്ധിക്കു ശാന്തമായ ഒരു മാൎഗ്ഗം സുലഭമായിരിക്കുമ്പോൾ കലഹത്തിനൊരുമ്പെടുന്നതു സന്മാൎഗ്ഗികമായിരിക്കുമെന്നു പറയുവാൻ പാടില്ലല്ലോ.

മൗലികാവകാശങ്ങളുടെ സീമയിൽ പെടാത്ത ഒരു ദോഷം പരിഹരിക്കുന്നതിനു പ്രക്ഷോഭണം ആവശ്യമായി വന്നേക്കാം. എന്നാൽ ഇവിടെ പല കാൎയ്യങ്ങളും ആലോചിക്കുവാനുണ്ടു്. ഒന്നാമതായി, നാം ദോഷമെന്നു വിചാരിക്കുന്നതു യഥാൎത്ഥമായി ദോഷം തന്നെയാണോ എന്നു നിൎണ്ണയിക്കണം. പനമ്പിള്ളിപ്പദ്ധതിയിൽ കോടതിവഴിയായി പരിഹരിക്കപ്പെടുവാൻ പാടില്ലാത്ത ദോഷം ഉണ്ടെന്നു തന്നേ സങ്കല്പിക്കുക. എങ്കിൽ ഒരു പരിഹാരമാൎഗ്ഗം പ്രക്ഷോഭണം തന്നേ. എന്നാൽ ആൎക്കെതിരായിട്ടു്!

എന്റെ ദൃഷ്ടിയിൽ ഇവിടെയാണു പ്രക്ഷോഭണനേതാക്കന്മാൎക്കൊരു പ്രമാദം പററിയതു്. പ്രക്ഷോഭണത്തിൽ ഉത്സാഹപൂൎവ്വം പങ്കെടുത്തിരുന്നവരെല്ലാം സർ. സി. പി. രാമസ്വാമിയയ്യൎക്കെതിരായി നടന്നുകൊണ്ടിരുന്ന പ്രക്ഷോഭണത്തിൽ പരിചയിച്ചിട്ടുള്ളവരായിരുന്നു. രാമസ്വാമിയയ്യർ തിരുവിതാംകൂറിനോടു സ്ഥായിയായ എന്തെങ്കിലും ബന്ധമോ ബാന്ധവമോ ഇല്ലാത്ത ഒരു വ്യക്തി. അദ്ദേഹത്തിനെന്തു പിണഞ്ഞാലും നമുക്കൊന്നും വരുവാനില്ലായിരുന്നു. അദ്ദേഹം ജനക്ഷേമത്തേക്കാൾ സ്വക്ഷേമത്തെയാണു നോക്കിയിരുന്നതെന്നു് അദ്ദേഹത്തിന്റെ പാദസേവകൊണ്ടു ജീവിതം സമ്പാദിച്ചിരുന്നവരൊഴിച്ചു സകലരും സമ്മതിക്കുമായിരുന്നു. അദ്ദേഹത്തിന്റെ പരാജയംകൊണ്ടു രാഷ്ട്രത്തിനു യാതൊരു ദോഷവും വരുവാനില്ലായിരുന്നു. പ്രത്യുത, രാഷ്ട്രത്തിനു വലിയ നന്മ വരുവാനിടയുമുണ്ടായിരുന്നു. സി. പി. ക്കെതിരായ പ്രക്ഷോഭണത്തെ

മാതൃകയായി എടുത്തുകൊണ്ടു നമ്മുടേതെന്നു നാം അഭിമാനിച്ചിരുന്ന ഒരു രാഷ്ട്രീയകക്ഷിക്കെതിരായി പ്രക്ഷോഭണം ഇളക്കിവിട്ടതു നേതാക്കന്മാരുടെ ഒരു വലിയ പ്രമാദമായിരുന്നു. മന്ത്രിമാരുടെ പ്രമാദങ്ങളെ (അപനയങ്ങൾ എന്നു തന്നെയിരിക്കട്ടെ) പരസ്യമായി വിമർശിക്കാറുണ്ടായിരുന്ന ശ്രീമാൻ സി. നാരായണപിള്ള മുതലായവരുടെ ഋജുബുദ്ധിതപത്തെ ഞാൻ അഭിനന്ദിക്കുന്നുണ്ടെങ്കിലും അവരുടെ നയത്തെ അതുപോലെ അഭിനന്ദിക്കുവാൻ കാരണം ഞാൻ കാണുന്നില്ല. കത്തോലിക്കരുടെ പ്രക്ഷോഭണവും ശ്രീ. നാരായണപിള്ള പോലെയുള്ള മഹാരഥന്മാരുടെ വിമർശനങ്ങളുമാണു കോൺഗ്രെസ്സിനെ ക്ഷീണിപ്പിക്കയും ഐക്യമുന്നണിക്കാർ മുതലായവർക്കു വിജയസാദ്ധ്യത കൂട്ടുകയും ചെയ്തതെന്നാണെൻെറ പക്ഷം.

പ്രക്ഷോഭണനേതാക്കന്മാർക്കു പ്രമാദം പററിയെന്ന് ഞാൻ മുകളിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ പ്രമുഖ നേതാക്കന്മാരുടെ കാര്യത്തിൽ സംഭവിച്ചതു പ്രമാദമല്ലായിരുന്നു. പ്രക്ഷോഭണത്തിനു മുൻപ് കത്തോലിക്കാ കോൺഗ്രെസ്സിൻെറ പ്രെസിഡെൻറും അദ്ദേഹത്തിൻെറ ഉപദേഷ്ടാക്കളും സ്വീകരിച്ചിരുന്ന നയമെന്താണെന്നാലോചിക്കുക. നിസ്സാരഹേതുക്കൾ ഉന്നയിച്ചുകൊണ്ടു നാ: കോൺഗ്രസ്സിനെയും ആ കക്ഷിയുടെ മന്ത്രിമാരെയും പരസ്യമായി അപലപിക്കയെന്നുള്ളതു ക: കോ: പ്രെസിഡെൻറിൻെറ പരിപാടിയായിരുന്നു. ആ പരിപാടിയെ അനുകൂലിക്കുന്ന ചില നേതൃചരന്മാർ അദ്ദേഹത്തിൻെറ പുറകിലുമുണ്ടായിരുന്നു. ഇങ്ങിനെയിരിക്കെയാണു പനമ്പിള്ളിപ്പദ്ധതി പ്രത്യക്ഷമായത്. മാനേജർമാരുടെ സ്വേച്ഛാവർത്തനങ്ങളെ നിയന്ത്രിക്കുന്ന ചില നിബന്ധനകൾ ആ പദ്ധതിയിലുണ്ടായിരുന്നു. ഇതിൽ കത്തോലിക്കാ മാനേജർമാരിൽ ഒരു വർഗ്ഗം അതൃപ്തമായി. ഈ അതൃപ്തിയെ കരണമാക്കിക്കൊണ്ടു കത്തോലിക്കരെ ഒരു പ്രക്ഷോഭണത്തിനിളക്കിവിടുവാൻ വേണ്ട യുക്തികൾ നാ: കോൺഗ്രസ്സ്‌വൈരികൾ ഉന്നയിച്ചുതുടങ്ങി. ഈ യുക്തികൾ സ്വാഹിതാനുസാരമായിരുന്നതിനാൽ അതൃപ്തരായ മാനേജർമാർ ഭവിഷ്യത്തുകളെക്കുറിച്ചാലോചിക്കാതെ അവരെ കത്തോലിക്കാസഭയുടെ യോദ്ധാക്കളും രക്ഷകന്മാരുമായിട്ടു വരിച്ചു. പ്രക്ഷോഭണവുമാരംഭിച്ചു.

ശുദ്ധഗതിക്കാരായ പലരും ഉദ്ഗതിക്കും പ്രശസ്തിസമ്പാദനത്തിനും ഇതുതന്നേ അവസരമെന്നു കണ്ടു മററു ചിലരും പ്രക്ഷോഭണത്തെ ഉത്തേജിപ്പിച്ചു. ഈ ഉത്സാഹമെല്ലാം ശ്രീ പനമ്പിള്ളിക്കെതിരായിട്ടായിരുന്നുവെന്നാണു നേതാക്കന്മാർ അനുചരന്മാരെ പറഞ്ഞുമനസ്സിലാക്കിയിരുന്നത്. പക്ഷേ ശ്രീ. പനമ്പിള്ളി നാ: കോൺഗ്രസ്സിൻെറ തിരഞ്ഞെടുക്കപ്പെട്ട ഒരു മന്ത്രിയായിരുന്നു. ശ്രീ. പനമ്പിള്ളി അവഹേളിക്കപ്പെടുന്ന

തിനോടുകൂടെ അദ്ദേഹത്തിൻെറ സഹമന്ത്രിമാരും അവരെ നിയോഗിച്ച നാ: കോൺഗ്രസ്സും അവഹേളിപ്പെട്ടുന്നുണ്ടെന്നു പ്രക്ഷോഭകന്മാരിൽ ആരും കണ്ടില്ല. നാ: കോൺഗ്രസ് കത്തോലിക്കരുടെ രക്തത്താലും ധനത്താലും പരിപുഷ്ടവും രക്ഷിതവുമാണെന്ന് വാദിക്കാറുള്ളവരെ മാത്രം ഉദ്ദേശിച്ചാണു ഞാനിതു പറയുന്നത്. നാ: കോൺഗ്രസ്സ് തുലയട്ടെ എന്നായിരുന്നു ചിലരുടെ ഉദ്ദേശമെന്നെനിക്കു കാണുവാൻ കഴിയും.

പനമ്പിള്ളിപ്പദ്ധതിയുടെ ന്യൂനത പ്രക്ഷോഭണംകൊണ്ട് എങ്ങനെ പരിഹരിക്കപ്പെട്ടുമെന്നായിരുന്നു പ്രക്ഷോഭണതത്പരന്മാരുടെ പ്രതീക്ഷ? ശക്തിമത്തായ കത്തോലിക്കാസമുദായത്തിൻെറ സാഹായ്യം നഷ്ടപ്പെട്ടാൽ നാ: കോൺഗ്രസ്സ് പൊടിയുകയും തങ്ങളുടെ സ്ഥാനം നഷ്ടപ്പെട്ടുകയും ചെയ്യുമെന്നുള്ള ഭയംകൊണ്ടു ഗവമ്മെൻറു കത്തോലിക്കരുടെ ഹിതമനുസരിച്ചു പദ്ധതിയിൽ ഭേദം വരുത്തുമെന്നായിരുന്നു ചിലരുടെ പ്രതീക്ഷ. ഇതു് അസാദ്ധ്യമായ ഒരു പ്രതീക്ഷയായിരുന്നുവെന്നു സാഹചര്യങ്ങളെക്കുറിച്ചു ചിന്തിക്കുന്നവർക്കെല്ലാം കാണാം. ഒരു സമുദായത്തിൻെറ ഭീഷണിക്കു വഴങ്ങിയാൽ ആ സമുദായം എത്രതന്നേ ശക്തിമത്തായിരുന്നാലും മന്ത്രിസഭ മററു സമുദായങ്ങളുടെ ദൃഷ്ടിയിൽ ഗഹ്ണീയമായിത്തീരുമെന്നുള്ളതു് നിശ്ചയമാണ്. കത്തോലിക്കരുടെ മാത്രം സഹായംകൊണ്ടു നാ: കോൺഗ്രസ്സിനു തിരുവിതാംകൂർ-കൊച്ചിയിൽ ഭൂരിപക്ഷമായി നിൽക്കുവാൻ സാധിക്കയില്ല. അതു മററു സമുദായങ്ങളുടെ ബഹുമാനത്തെയും അനുഭാവത്തെയും അവശ്യം ആശ്രയിക്കേണ്ടിയിരിക്കുന്നു. കത്തോലിക്കരുടെ ഭീഷണിക്കു വഴങ്ങിക്കൊടുത്താൽ അതു മററു സമുദായങ്ങളുടെ ദൃഷ്ടിയിൽ പരിഹാസ്യവും വർജ്ജ്യവുമായിത്തീരുമായിരുന്നു. ഈ ഭയങ്ങൾ രണ്ടിൻെറയും മദ്ധ്യത്തിലാണു കത്തോലിക്കാ പ്രക്ഷോഭണംമന്ത്രിസഭയെ കുടുക്കിയതു്. ഈ പരിണാമത്തെ ഉദ്ദേശിച്ചുകൊണ്ടു തന്നെയാണു പ്രമുഖനേതാക്കന്മാർ പ്രക്ഷോഭണത്തെ ഉത്തേജിപ്പിച്ചുകൊണ്ടിരുന്നതും. സമുദായത്തിനു വരാവുന്ന ദോഷങ്ങളെ അവഗണിച്ചുകൊണ്ടു സ്വാത്ഥസിദ്ധിക്കുവേണ്ടി അതിനെ കരണമാക്കുന്നവരോടു യോജിക്കുവാൻ നിവൃത്തിയില്ലായിരുന്നവരെ പരിഹസിച്ചു സാധൂകരണം നേടുവാൻ ശ്രമിക്കുന്നതു് അപനയത്തിനു പുറമേ മറെറാരപനയമായിരിക്കും.

പ്രക്ഷോഭണത്തിൻെറ നയവൈകല്യം പോകട്ടെ. അതിൽ സന്മാർഗ്ഗവൈകല്യമുണ്ടായിരുന്നില്ലേ എന്നു നോക്കാം. പനമ്പിള്ളിപ്പദ്ധതിയെന്നു പറയുന്നതു സാക്ഷാൽ കത്തോലിക്കരും കൂടി നിർദ്ദേശിച്ചുകൊടുത്ത ഒരു പദ്ധതിയാണ്. പാപ്പ്വത്ത് കമ്മററിയാണ് ആ നിർദ്ദേശം ഗവമ്മെൻറിൻെറ മുൻപിൽ അവതരിപ്പിച്ചതു്. ആ കമ്മററിയിൽ

മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും, ഡോ. ദെരേരെ മെത്രാനും, എസ്. ബി. കോളെജ് പ്രിൻസിപ്പാൾ ഫാ: വില്യവും കത്തോലിക്കരുടെ പ്രതിനിധികളായിട്ടുണ്ടായിരുന്നു. ഇവർ അയോഗ്യരായ പ്രതിനിധികളായിരുന്നുവെന്നാരും പറയുമെന്നു തോന്നുന്നില്ല. സക്കാരിൽനിന്ന് അദ്ധ്യാപകന്മാക്കു തൃപ്തികരമായ ശമ്പളം കൊടുത്തുകൊള്ളാമെന്ന് ഏൽക്കുന്നപക്ഷം ഫീസുപിരിവ് മുഴവൻ സക്കാരിലേക്കു കൊടുത്തുകൊള്ളാമെന്നു പാപ്‌വത്ത് കമ്മററിയുടെ റിപ്പോർട്ടിനാൽ നമ്മുടെ പ്രതിനിധികൾ സമ്മതിച്ചിരുന്നതാണ്. ശ്രീ. പനമ്പിള്ളി അദ്ധ്യാപകപ്രശ്നം തീരുമാനത്തിനെടുത്തപ്പോൾ ഈ സമ്മതം അദ്ദേഹത്തിൻെറ മുൻപിലുണ്ട്. പുതിയ കത്തോലിക്കാപ്രതിനിധികളുടെ അഭിലാഷമനുസരിച്ചു ഫീസുപിരിവിൻെറ ഇരുപതു ശതമാനം പലചെലവുകൾക്കായി മാനേജർമാർ എടുത്തുകൊള്ളാമെന്നദ്ദേഹം വ്യവസ്ഥ ചെയ്തു. ഇതാണു ശ്രീ. പനമ്പിള്ളി വരുത്തിയ വ്യത്യാസം. ഇതാണു ശ്രീ. പനമ്പിള്ളിയുടെ അപരാധം. ഇതിനാണു കത്തോലിക്കർ അദ്ദേഹത്തെ അവമാനിക്കുവാൻ ഒരുമ്പെട്ടത്. സന്മാർഗ്ഗനിഷ്ഠരെന്നു സർവ്വദാ ഉദ്ഘോഷിക്കുന്ന കത്തോലിക്കരാണിതു ചെയ്തതും.

എന്നാൽ ഈ പ്രക്ഷോഭണത്തിൽ യാതൊരു ഭാഗവും വഹിക്കാതെ നി. വ. ദി. ശ്രീ. ഡോ: ദെരേരെ മെത്രാൻ പാപ്‌വത്ത് കമ്മിററിയിൽ താൻ നൽകിയിരുന്ന സമ്മതമനുസരിച്ചും പ്രക്ഷോഭണത്തെ അവഗണിച്ചും ഫീസുപിരിവു സക്കാരിനു കൊടുത്തുകൊണ്ടിരുന്നു. ഇങ്ങനെ ചെയ്യുന്നതു് കത്തോലിക്കാ ഐകമത്യത്തിനു വിപരീതമായിരിക്കുമെന്നദ്ദേഹം വിചാരിച്ചില്ല.

ഫാ. വില്യമിൻെറ കാര്യം പറഞ്ഞാൽ അദ്ദേഹം ഡോ: ദെരേരെയെപ്പോലെ ഒരു സ്വതന്ത്രാധികാരിയല്ല. പ്രക്ഷോഭണവും സന്മാർഗ്ഗവും തമ്മിലുണ്ടായ വൈരുദ്ധ്യത്തിൽ മൗനം അവലംബിക്കുന്നതിനു മാത്രമേ അദ്ദേഹത്തിനു കഴിവുണ്ടായിരുന്നുള്ളു. സാഹചര്യങ്ങൾ തന്നിൽ ആരോപിച്ച മൗനം അദ്ദേഹം പാലിച്ചുകൊണ്ടിരിക്കയുംചെയ്തു.

പനമ്പിള്ളിപ്പദ്ധതിക്കെതിരായി ഉന്നയിക്കപ്പെടാറുണ്ടായിരുന്ന ഒരു വാദം അദ്ധ്യാപകന്മാരുടെ ശമ്പളം മാനേജർമാരുടെ ഇഷ്ടവും നിയന്ത്രണത്തിനും അധീനമായിട്ടല്ലാതെ നൽകപ്പെട്ടാൽ അദ്ധ്യാപകന്മാർ അനുസരണമില്ലാത്തവരും കൃത്യവിലോപികളും ആയിത്തീരുമെന്നായിരുന്നു. മാനേജർമാർ ഭാവന ചെയ്തിരുന്ന ഈ ദോഷത്തെ പരിഹരിക്കുന്നതിനായിട്ടാണ് ഗവർമ്മെൻറു സഹായം ഗ്രാൻറായിട്ട് അവക്കുതന്നെ കിട്ടേണ്ടതാണെന്നുള്ള വാദം തീവ്രമായി ഉന്നയിക്കപ്പെട്ടതു്. സ്വാഭിമാനത്തിനായി വെറും കൂലിവേലക്കാർപോലും പൊരുതിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു

ഏവംവിധമായ ഒരു വ്യവസ്ഥ അവരെ തൃപ്തരാക്കുകയില്ലെന്നു മാത്രമല്ല അവരിൽ പ്രതിഷേധബുദ്ധി ജനിപ്പിക്കയും തൻമൂലം വിദ്യാലയങ്ങളുടെ ശിക്ഷണവും കാര്യക്ഷമതയും കുറയുകയും ചെയ്യുമെന്ന് കാണുവാൻ പ്രയാസമില്ല. അദ്ധ്യാപകന്മാർ സാമാന്യമായി വിനീതരും വിദ്യാസമ്പന്നരുമാണല്ലോ. അവക്കു സാമാന്യമായി കൃത്യാകൃത്യവിവേചനം ചെയ്യുവാൻ കഴിയുമെന്നു നാം വിചാരിക്കണം. അവക്കു അഭിമാനഭംഗമുണ്ടാകാത്ത വിധത്തിൽ മാനേജർമാർ മര്യാദയോടും സ്നേഹത്തോടും ക്രടെയും പക്ഷപാതരഹിതമായും അവരോടു പെരുമാറിയാൽ ശിക്ഷണവും കാര്യക്ഷമതയുമെല്ലാം താനേ വന്നുകൊള്ളും.

ഏവംവിധങ്ങളായ വാദങ്ങൾ മാനേജർമാർ ഉന്നയിക്കുന്നതു് സ്വേച്ഛാപ്രഭുത്വത്തിലുള്ള വാഞ്ഛകൊണ്ടാണെന്ന് ഇതിനെക്കുറിച്ചു തീരുമാനം ചെയ്യുവാനുള്ളവക്കു തോന്നിപ്പോയെങ്കിൽ അതിൽ വിസ്മയത്തിനവകാശമില്ല. ശമ്പളം കൊടുക്കുന്ന കാര്യത്തിൽ മാനേജർമാർ തങ്ങളോടു പല അനീതികളും കാണിക്കുന്നുണ്ടെന്നാണ് അദ്ധ്യാപകന്മാർ അധികാരികളുടെ പക്കൽ സമപ്പിച്ചിട്ടുള്ള സങ്കടങ്ങളിലൊന്നെന്നും നാം ഓക്കണം. ശമ്പളം കൊടുക്കുന്നവനു മാത്രമേ ശമ്പളം വാങ്ങിക്കുന്നവരെ നിയന്ത്രിക്കാൻ പാടുള്ളു എന്ന വാദത്തിൽ വലിയ വിശ്വാസമുള്ളവരുമല്ല സക്കാരുദ്യോഗസ്ഥന്മാർ. തങ്ങൾ ഒരു കാശും ശമ്പളംകൊടുക്കാത്തവരെയാണെല്ലോ അവർ നിയന്ത്രിക്കാറുള്ളതു്.

മാനേജർമാർ വി. ജോൺ ബാപ്റ്റിസ്റ്റ് ദെ സാളെയുടെ മാതൃകയെ അനുകരിച്ചാൽ ന്യായമായ സകല ശിക്ഷണത്തിനും അദ്ധ്യാപകന്മാർ വിധേയരായിക്കൊള്ളും.

# അനുബന്ധങ്ങൾ

## അനുബന്ധം 1.

## ശ്രീ. ഐ. സി. ചാക്കോ "കുസുമ" ത്തിൻെറ നേരെ

( പത്രാധിപർ )

"ദീപിക സുറിയാനികത്തോലിക്കാ കർമ്മലീത്താ സന്ന്യാസിസഭ വക ഒരു പത്രമാണ്. ആ സഭയുടെ വകയായിത്തന്നെ "കർമ്മലകുസുമം" എന്നൊരു മാസികം മാന്നാനത്തുനിന്നും പ്രസിദ്ധം ചെയ്യുന്നുണ്ട്. ഇതു ഭക്തികാര്യങ്ങളെ മാത്രം പ്രതിപാദിക്കുന്ന ഒരു മാസികമാണ്. എന്നാൽ ഈ കാര്യത്തിൽ (കത്തോലിക്കാ വിദ്യാഭ്യാസകാര്യത്തിൽ) ഒരു വ്യതിയാനം ആവശ്യമാണെന്ന് അതിൻെറ പത്രാധിപക്കു തോന്നി. പനമ്പള്ളി പദ്ധതിയിൽ മൗലികാവകാശധ്വംസനമുണ്ടെന്നുള്ള ഒരു വാദം ചിലർ ഉന്നയിച്ചിരുന്നു. അതു ശരിയല്ലെന്നു ഞാൻ എവിടെയോ ഒന്നു പറഞ്ഞുപോയി. കുസുമം പത്രാധിപർ കോപാവിഷ്ടനായി. സുപ്രീംകോടതി വക്കീലായ ശ്രീ മാനുവൽ പൈകട മുതലായ മഹാ നിയമപണ്ഡിതന്മാരുടെ അഭിപ്രായത്തിനെതിരായ ഒരഭിപ്രായം പുറപ്പെടുവിച്ച ഞാൻ അനമണ്ഡനും ഉദ്ധതനും ആണെന്നും മററും പറഞ്ഞ് ഒരു ലേഖനം അദ്ദേഹം തൻെറ കുസുമത്തിൽ പ്രസിദ്ധം ചെയ്തു തൻെറ കോപത്തിനു ശമനം വരുത്തുവാൻ ശ്രമിച്ചു. അതുകൊണ്ടും അരിശം തീരാഞ്ഞിട്ട് അപ്നാദേശിൻെറ ചില കുത്സാവചനങ്ങൾ ഉദ്ധരിച്ചു പ്രസിദ്ധംചെയ്തു തൻെറ കോപം ശമപ്പിച്ചു. ഇതൊന്നും കർമ്മലകുസുമത്തിനു പററിയതല്ലായിരുന്നു." ഇങ്ങനെയാണു ശ്രീ. ഐ. സി. ചാക്കോ ബി. എസ്സ്സി. (ലണ്ടൻ) സി. എ., ഏ. ആർ. എസ്സ്. എ., എ. ആർ. സി. എസ്സ്. 1951 ജൂണിൽ പ്രസിദ്ധം ചെയ്ത 'അദ്ധ്യാപകപ്രശ്നം' എന്ന പുസ്തകത്തിൽ പ്രസ്താവിച്ചു കാണുന്നത്.

# “കൎമ്മലകുസുമം” ചെയ്ത തെററ്

“അദ്ധ്യാപകപ്രശ്നം” എന്ന പേരുംപറഞ്ഞു കത്തോലിക്കാമെത്രാന്മാരുടെയും, കത്തോലിക്കാ പത്രങ്ങളുടെയും കത്തോലിക്കാ കോൺഗ്രസിന്റെയും വിശിഷ്യ കോൺഗ്രസ്സ് പ്രസിഡണ്ടിന്റെയും കത്തോലിക്കാ വിദ്ദ്യാഭ്യാസത്തിന്റെയും കത്തോലിക്കാ അവകാശങ്ങളുടെയും മേൽ കുറേനാളായി കുതിരകയററം നടത്തുന്ന ശ്രീ. ചാക്കോ ഒരു കത്തോലിക്ക മാസികയായ “കൎമ്മലകുസുമ”ത്തിന്റെയും അതിന്റെ പത്രാധിപരുടെയും നേരെ നെററി ചുളിക്കുകയും മോർ വീപ്പിക്കുകയും ചെയ്യുന്നതിൽ ഞങ്ങൾക്ക് വിസ്മയം ഒട്ടുമില്ല. “ദീപിക” സുറിയാനികത്തോലിക്കാ കൎമ്മലീത്താ സന്ന്യാസി സഭവക ഒരു പത്രമാണ് എന്ന മഹാ രഹസ്യം വെളിപ്പെടുത്തുവാൻ പണ്ഡിതനായ ശ്രീ. ചാക്കോ ബദ്ധപ്പെടേണ്ടതില്ലായിരുന്നു. കൎമ്മലകുസുമം കൎമ്മലീത്തരുടെ വകയാണെന്നും അതു മാന്നാനത്തു നിന്നാണു പ്രസിദ്ധം ചെയ്യുന്നതു് എന്നും തന്റെ ലഘുലേഖാപ്രേമികൾക്ക് കുസുമത്തെ പരിചയപ്പെടുത്തുവാൻ ശ്രീ. ചാക്കോ ചെയ്ത ശ്രമത്തിനു നമസ്കാരം. എന്നാൽ, ‘അതു ഭക്തികാൎയ്യങ്ങളെ മാത്രം പ്രതിപാദിക്കുന്ന ഒരു മാസികമാണെന്നും, ശ്രീ. ഐ. സി. ചാക്കോ ‘ആനമണ്ടനും ഉദ്ധതനും’ ആണെന്നു പറഞ്ഞു കുസുമംപത്രാധിപർ ഒരു ലേഖനമെഴുതി ഐ. സി. യോടുള്ള കോപത്തിനു ശമനം വരുത്തുവാൻ ശ്രമിച്ചു എന്നും മററും അദ്ദേഹം പറയുന്നതു് വെറും “ഫലി”ങ്ങളായിട്ടേ കരുതേണ്ടതുള്ളു.

“ദൈവത്തിന്റെ സഭയെ ഭരിക്കുവാൻ പരിശുദ്ധാരൂപിയാൽ നിയമിതരാണു് മെത്രാന്മാർ” എന്നാണു് കത്തോലിക്കരുടെ വിശ്വാസം. ഈ മെത്രാന്മാർ കത്തോലിക്കരോടു പറഞ്ഞു കത്തോലിക്കാ താല്പൎയ്യങ്ങളെ അപകടത്തിലാക്കുന്നതാണു് പനമ്പള്ളിയുടെ വിദ്ദ്യാഭ്യാസപദ്ധതി എന്നു്. ഭാരത്തിലെ സകല കത്തോലിക്കാ മെത്രാന്മാരും ഏകകണ്ഠമായി അഭിപ്രായപ്പെട്ടു പനമ്പള്ളിപദ്ധതി അവിഹിതമാണെന്നു്; ഇന്ത്യൻ ഭരണഘടനയനുസരിച്ചുള്ള ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ ധ്വംസനം ചെയ്യുന്ന പ്രവൃത്തിയാണു് അതു് എന്നു്! ഒന്നിനു പിന്നാലെ മറെറാന്നായി പുറപ്പെട്ടുകൊണ്ടിരുന്ന കേരളീയ മെത്രാന്മാരുടെ ഇടയലേഖനങ്ങളിൽ, മനസ്സാക്ഷിപ്രകാരം സ്വീകരിക്കാവതല്ലാത്ത പല വ്യവസ്ഥകളും പനമ്പള്ളിപദ്ധതിയിൽ ഉണ്ടെന്നും ആ പദ്ധതി നമ്മുടെ അവകാശങ്ങളോടുള്ള കഠിനമായ ഒരു കയ്യേററമാണെന്നും വ്യക്തമായി പ്രകാശിപ്പിക്കുകയുണ്ടായി. ക്രിസ്തുവിന്റെ പ്രതിപുരുഷന്മാരായ ഈ മെത്രാന്മാരുടെ പ്രസ്താവനകളുടെ വെളിച്ചത്തിൽ കൎമ്മലകുസുമം അതിന്റെ പത്രനയാവൃതിക്കുള്ളിൽ

മാത്രം വിഹരിച്ചുകൊണ്ട് ഒരു കത്തോലിക്കാമാസികത്തിന്റെ ധമ്മം നിർവഹിക്കുവാൻ, കത്തോലിക്കാ വിദ്യാഭ്യാസത്തിനുവേണ്ടി സപാരമുയത്നവാൻ, മടിച്ചില്ല എന്നതിൽ ഞങ്ങൾ എന്നും അഭിമാനം കൊള്ളുകതന്നെ ചെയ്യും. ചില ഉന്നത സ്ഥാനങ്ങളിൽനിന്നു തന്നെ കുസുമത്തിന്റെ എളിയ സേവനത്തെ അഭിനന്ദിച്ചിട്ടുള്ളതു് ഇവിടെ ഞങ്ങൾ നന്ദിപൂർവ്വം സ്മരിക്കുന്നു. എന്നാൽ ശ്രീ. ഐ. സി. യുടെ ദൃഷ്ടിയിൽ നിർഭാഗ്യവശാൽ കുസുമം കുററക്കാരിയാണ്.

## "ഇതൊന്നും കുസുമത്തിനു പററിയതല്ലായിരുന്നു"

എന്നാണല്ലൊ ശ്രീ. ഐ. സി. യുടെ വാദം. "ഭക്തികാര്യങ്ങളെ മാത്രം പ്രതിപാദിക്കുന്ന ഒരു മാസികമാണ് "കുസുമം" എന്നു സ്ഥാപിച്ചുകൊണ്ടാണ് ആ പണ്ഡിതവൃദ്ധൻ കുസുമത്തെ ശകാരിക്കുവാനൊരുമ്പെടുന്നതു്. കുസുമത്തിന്റെ നയം നിശ്ചയിക്കുവാനുള്ള അവകാശം അതിന്റെ പ്രവത്തകൎക്ക് സദയം വിട്ടുകൊടുക്കുമാറാകണമെന്ന് അദ്ദേഹത്തോടു ഞങ്ങൾക്കൊരപേക്ഷയുണ്ട്. പരിശുദ്ധ പിതാക്കന്മാർ വിശിഷ്യ ആധുനിക മാർപ്പാപ്പാമാർ കത്തോലിക്കാ പത്രമാസികങ്ങളുടെ നയത്തെപ്പററി ചെയ്തിട്ടുള്ള പ്രസ്താവനകളിലേയ്ക്കു ശ്രീ. ചാക്കോയുടെ ശ്രദ്ധയെ ഈ അവസരത്തിൽ സാദരം ക്ഷണിച്ചുകൊള്ളുന്നു.

കർമ്മെലകുസുമത്തിന്റെ പ്രസിദ്ധീകരണം സമാരംഭിക്കുവാൻ വൈദികാനുമതി നൽകിക്കൊണ്ടു് 1903 ജനുവരി 17-ാംനു- സുഭഗസ്മരണാർഹനായ മാക്കിയിൽ മത്തായി മെത്രാൻ തിരുമനസ്സുകൊണ്ടു് കുസുമത്തിന്റെ ജനിതാവായ കട്ടക്കയത്തിൽ കൊച്ചുചാണ്ടിയച്ചനു് അയച്ച കത്തിലെ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം. "താൻ അപേക്ഷിച്ചിരിക്കുംപ്രകാരം ഈ കാലത്തു് ഒരു കത്തോലിക്കാ മാസികപ്പത്രം പ്രസിദ്ധം ചെയ്യുവാൻ അത്യാവശ്യമാകുന്നു എന്നു് നാമും ബോധിക്കുകയും അതു വേണ്ടുംവിധം നടത്തപ്പെട്ടു കാണ്മാൻ നാം ആഗ്രഹിക്കയും ചെയ്യുന്നു. എന്നാൽ ആയതു ഒന്നാമതു് തങ്ങളുടെ ക്രിസ്തീയകടമകളെ വേണ്ടുംവണ്ണം അറിഞ്ഞു നിറവേററുവാൻ ശ്രമിക്കാത്ത മന്ദഗതികളായ നമ്മുടെ സത്യക്രിസ്ത്യാനികളെ സന്മാർഗ്ഗത്തിലും സത്യവേദഭക്തിയിലും ഉയത്തുന്നതിന് പ്രയോജനകരമായിരിക്കേണ്ടതാകയാൽ Messenger of the Sacred Heart, Ave Maria, Catholic Missions ഇത്യാദി കത്തോലിക്കാ മാസികപ്പ

ത്തുങ്ങളെ അനുകരിച്ചും കാലോചിതമായും കാര്യോചിതമായും അവയെ ഉദാഹരിച്ചും മററു പല നല്ല സംഗതികളെ എഴുതിച്ചേർത്തും നല്ല സ്ഥിതിയിൽ ഈ മാസിക പത്രത്തെ നടത്തേണ്ടതാകുന്നു." കർമ്മേലകുസുമത്തിന്റെ നയവും ചൈതന്യവും ഈ വാചകത്തിൽ തിരുമേനി നിർദ്ദേശിച്ചുതന്നിട്ടുണ്ട്. ഏതാണ്ട് അൻപതുവർഷക്കാലമായി കുസുമം ഈ നയംതന്നെ തുടർന്നുപോരുകയും ചെയ്യുന്നു. കർമ്മേലകുസുമത്തിന്റെ ഒന്നാമത്തെ ലക്കത്തിൽതന്നെ കത്തോലിക്കാവിദ്യാഭ്യാസത്തിനുവേണ്ടി ആ മാസികാശിശു കരഞ്ഞിട്ടുണ്ട്. സാക്ഷ്യത്തിനായി കുസുമം ഒന്നാംപുസ്തകം രണ്ടാം ലക്കത്തിൽനിന്ന് ഒരു വാചകം ഇവിടെ ഉദ്ധരിക്കുന്നു: "ചെറുപ്പത്തിൽ തന്നെ കുട്ടികളെ പഠിപ്പിക്കുന്നതിനും അവരുടെ ആത്മാവുകളിൽ പുണ്യങ്ങളുടെ വിത്തു വിതയ്ക്കുന്നതിനുംവേണ്ടി വിവേകത്തോടുകൂടെ നടത്തപ്പെടുന്ന ഒരു സ്ഥാപനം മററുള്ള എല്ലാവറേറക്കാൾ എത്രയും ആവശ്യമുള്ളതും പ്രയോജനകരമായും സർവ്വരുടേയും ആദരവിനും സഹായത്തിനും പാത്രമുള്ളതായും വിചാരിക്കപ്പെട്ടുവരുന്നു." കുസുമം പിറന്നിട്ട് അമ്പത്താറു ദിവസംപോലുമായിട്ടില്ല ഇങ്ങനെ പറയുമ്പോൾ എന്നുള്ളതും സ്മർത്തവ്യമത്രേ. പഴയ ലക്കങ്ങൾ പരിശോധിച്ചാൽ കാണാം "ഭക്തികാര്യങ്ങളെ മാത്രം പ്രതിപാദിക്കുന്ന ഒരു മാസികയാണ്" കർമ്മേലകുസുമം എന്നു ശ്രീ. ചാക്കോ പറയുന്നതു് തെററാണെന്ന്. "കത്തോലിക്കാ സഭയും പ്രജാപ്രഭുത്വവും" (Vol. 18) "തിരുസഭയും രാജ്യഭരണവും" (Vol. 18) കേരളീയ ക്രിസ്ത്യാനികളുടെ രാഷ്ട്റീയനില (Vol. 25) "ജനാധിപത്യത്തിനു നാം ഒരുങ്ങണം" (Vol. 44) "ബ്രിട്ടീഷ് മലബാറിലെ വിദ്യാലയങ്ങൾ" (Vol. 43) ഇങ്ങനെ ഭക്തികാര്യങ്ങൾ മാത്രമല്ലാത്ത എത്രഎത്ര ലേഖനങ്ങളാണ് കുസുമത്തിന്റെ ജനനംമുതൽ പനമ്പള്ളിപ്പദ്ധതിയുടെ ആവിർഭാവംവരെ അതിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ളതു്? കുസുമത്തിന്റെ ഒന്നാംലക്കംമുതൽ കാണാം യുദ്ധവാർത്തകൾ പ്രസിദ്ധം ചെയ്തുപോരുന്നതു്. പരമാർത്ഥം ഇതായിരിക്കെ "ഭക്തികാര്യങ്ങളെ മാത്രം പ്രതിപാദിക്കുന്ന ഒരു മാസികമാണ്" കുസുമം എന്നു അദ്ദേഹം വീൺമൊഴി പറയുന്നതിന്റെ കാരണം പനമ്പള്ളിക്കും ശ്രീ. ഐ. സി. ക്കും എതിരു നിൽക്കുന്ന കുസുമത്തെ അതിന്റെ സഭാവകാശവാദ പ്രവർത്തനത്തിൽനിന്നു അകററിനിർത്തുവാൻ മോഹിച്ചാണോ ആവോ? കുസുമത്തെ ഭീഷണിപ്പെടുത്തുവാൻവേണ്ടിആണോ ആവോ? ഭക്തിക്കും തിരുസഭയ്ക്കും വേണ്ടിയാണ് കുസുമം സമർപ്പണം ചെയ്തിരിക്കുന്നതു്. ആ നയം അതു അന്യൂനം പാലിച്ചുകൊണ്ടുപോകുവാൻ പരിശ്രമിക്കുന്നതുമാണ്. മതത്തോട് അഭേദ്യമായി യോജിച്ചുനില്ക്കുന്ന അതിപ്രധാനമായ ഒരു സംഗതിയാണ് കത്തോലിക്കക്ക് വിദ്യാഭ്യാസം. അതി

നാൽ ശ്രീ. ഐ. സി. യുടെ ഭീഷണികേട്ട കത്തോലിക്കാ വിദ്യാഭ്യാസാദി കാൎയ്യങ്ങളിൽ മൗനം അവലംബിക്കുവാൻ പോകുന്നില്ല കുസുമം എന്നു അദ്ദേഹം ധരിച്ചുകൊള്ളട്ടെ.

"ഈ കാൎയ്യത്തിൽ ഒരു വ്യതിയാനം ആവശ്യമാണെന്നു് അതിന്റെ (കുസുമത്തിന്റെ) പത്രാധിപക്കു തോന്നി" എന്നു ശ്രീ ഐ. സി. പറയുന്നതും ശരിയല്ല. കത്തോലിക്കാ പത്രമാസികകളുടെ ഏററം പ്രധാനമായ ഒരു കടമയല്ലയോ സഭയ്ക്കുവേണ്ടി, സഭയുടെ വിദ്യാഭ്യാസത്തിനു വേണ്ടി വാദിക്കുക എന്നതു്? ഈദൃശ അതിപ്രധാനങ്ങളായ സംഗതികളിൽ ഒരു കത്തോലിക്കാ പത്രം സഭയുടെ ആദൎശങ്ങളും അവകാശങ്ങളും സംരക്ഷിക്കുവാൻ വേണ്ടി പത്രനയത്തിൽ വ്യതിയാനം വരുത്തിയാൽത്തന്നെ അതു ധൎമ്മ്യമാകാതിരിക്കുമോ എന്നു പണ്ഡിതനായ ശ്രീ. ചാക്കോയോടു ഞങ്ങൾ ചോദിച്ചുകൊള്ളുന്നു. ആശ്രമഭിത്തികൾക്കുള്ളിൽ നിന്നു മരണപരിയന്തം പുറത്തുവരുവാൻ നിയമം നിരോധിക്കുന്ന ഏകാന്ത സന്യാസിമന്ദിരങ്ങളിലെ കന്യാസ്ത്രീകളോടു രാഷ്ട്രീയനേതാക്കന്മാരെ തിരഞ്ഞെടുക്കുന്നതിനു പുറത്തുവന്നു വോട്ടുചെയ്യുവാൻ പന്ത്രണ്ടാംപീയൂസ് അടുത്തകാലത്തു ആജ്ഞാപിച്ചതും സന്യാസിമാരെ അൽമായ വേഷത്തിൽ തിരുമേനി വിദ്യാഭ്യാസരംഗത്തേക്കു പറഞ്ഞയച്ചതും മററും കുസുമം ഭക്തികാൎയ്യങ്ങൾ മാത്രമേ പ്രതിപാദിക്കാവൂ എന്നു ശഠിക്കുന്ന മി. ചാക്കോയിക്കജ്ഞാതമായിരിക്കാൻ നിവൃത്തിയില്ലെന്നാണു ഞങ്ങളുടെവിശ്വാസം. കത്തോലിക്കാ വിദ്യാഭ്യാസം അപകടത്തിലാകുന്ന സന്ദർഭത്തിൽ ഒരു കത്തോലിക്കാ പത്രത്തിനു മിണ്ടാനവകാശമില്ലെങ്കിൽ പിന്നെ എന്തിനാണാവോ അതു ജീവിക്കുന്നതു്? അങ്ങനെ ഒരു നയം സ്വീകരിക്കുന്ന പത്രമാസികകൾക്കുവേണ്ടി ആണോ തന്റെ ഉടുവസ്ത്രം പോലും പണയം വയ്ക്കാൻ സന്നദ്ധനാണെന്നു പതിനൊന്നാം പീയൂസ് തിരുമേനി ഉദീരണം ചെയ്തിട്ടുള്ളതു്? "പനമ്പള്ളിപ്പദ്ധതിയിൽ പാവനമായ ഏതു മൌലികാവകാശമാണു് ഭഞ്ജിക്കപ്പെട്ടിരിക്കുന്നതു് എന്നു മനസ്സിലാക്കുവാൻ പ്രയാസമായിരിക്കുന്നു" എന്നു വാദിച്ച ശ്രീ. ഐ. സി. ആ പദ്ധതിക്കെതിരുനിൽക്കുന്ന കത്തോലിക്കാ മെത്രാന്മാരോടും കത്തോലിക്ക ജനസാമാന്യത്തോടും കത്തോലിക്കാ പത്രമാസികകളോടും അമർഷം പ്രദർശിപ്പിക്കുന്നതിൽ ഞങ്ങൾക്കു് വിസ്മയമില്ല. കത്തോലിക്കാ വിദ്യാഭ്യാസത്തിനുവേണ്ടി വാദിച്ചതിനു് കുസുമത്തോടു ഇതൊന്നും "കമ്മേലകുസുമത്തിനു പററിയതല്ലായിരുന്നു" എന്നു പറഞ്ഞ ഐ. സി. യുടെ വാക്കുകൾതന്നെ കടമെടുത്തുകൊണ്ടു ഞങ്ങളും പറയുന്നു, ഇതൊന്നും ശ്രീ ഐ. സി. ക്കു പററിയതല്ലായിരുന്നു എന്നു്. ആകാശം ഇടിഞ്ഞുവീണാലും ഇതു നടത്തുകതന്നെ ചെയ്യും

എന്നുവച്ചിരുന്ന 'പനമ്പള്ളിപ്പദ്ധതി കഴിച്ചുമൂടപ്പെട്ടി'ട്ടും പദ്ധതിയെപ്പറ്റി 'ഞാൻ പിടിച്ച മുയലിന്നു രണ്ടു കൊമ്പ്" എന്ന മട്ടിൽ "പറഞ്ഞതു തന്നെ ഞാൻ ഇപ്പോഴും പറയും" എന്നു സത്യനാദത്തിൽ എഴുതിയിരുന്നതു് ശ്രീ ഐ. സി. ക്കു പററിയതാണോ? എന്നു ഞങ്ങൾ ചോദിച്ചുകൊള്ളുന്നു. വൈദികാദ്ധ്യക്ഷന്മാരുടെ ഔദ്യോഗികപ്രവൎത്തനങ്ങളെ പരസ്യമായി വിമർശിച്ചതും ആക്ഷേപിച്ചതും ഒരു കത്തോലിക്കനായ ഐ. സി. ക്കു പററിയതാണോ? കത്തോലിക്കാതിരുസഭ അഹംകാരിയാണെന്നു (സത്യനാദം Vol 75. No. 31,) താറടിക്കാൻ ശ്രമിക്കുന്ന അഹങ്കാരം കത്തോലിക്കാസഭയുടെ മകനാണെന്നു പറയുന്ന അദ്ദേഹത്തിനു പററിയതാണോ? പനമ്പള്ളിപ്പദ്ധതിയെയും സവനറോളയെയും സാധൂകരിക്കുവാൻ വേണ്ടി പരിശുദ്ധ പിതാക്കന്മാരായ XI-ാം പീയൂസിനെയും VI-ാം അലക്സാണ്ടറെയും അനാദരപൂർവം രംഗത്തു കൊണ്ടുവന്നു സഭയുടെമേലവജ്ഞയുളവാകത്തക്ക പ്രസ്താവനകൾ ചെയ്തതു് ഒരു കത്തോലിക്കനായ ഐ. സി. ക്കു പററിയാതാണോ? ദേശബന്ധുവിൻെറയും കൌമുദിയുടെയും ചങ്ങാത്തം പിടിച്ചുകൊണ്ടു ഗുരുപ്പട്ടക്കാരെയും മേൽപ്പട്ടക്കാരെയും കുത്സാവചനങ്ങൾ പറയുവാൻ ആ പത്രപംക്തികളിലേക്കു കയറിയതു് "കത്തോലിക്കാസഭ പാറമേൽ സ്ഥാപിക്കപ്പെട്ടതാണെന്നു്" വിശ്വസിക്കുന്ന ഐ. സി. ക്കു പററിയതാണോ? ഇനിയും പലതുമുണ്ടു് ഐ. സി. ക്കു പററിയതാണോ എന്നു ചോദിക്കുവാനാണെങ്കിൽ.

## "കുസുമം പത്രാധിപർ കോപാവിഷ്ടനായി"

ഇതാണു് ഞങ്ങളുടെ പേരിലുള്ള വേറൊരു ചാർജ്ജ്. പനമ്പള്ളിപ്പദ്ധതിയെ തഴുകിത്തലോടുന്ന ശ്രീ ചാക്കോയുടെ പ്രവൎത്തനങ്ങളും പ്രസ്താവനകളും കുസുമം പത്രാധിപരെ ലജ്ജിപ്പിക്കുകയും ദുഃഖിപ്പിക്കുകയും ചെയ്തു എന്നു സമ്മതിക്കാതെ തരമില്ല. പക്ഷേ 'കോപാവിഷ്ടനായി' എന്നുള്ള ഐ. സി. യുടെ അനുമാനം ശരിയല്ല. ഒരുത്തമ കത്തോലിക്കനു അമർഷവും ഹൃദയവേദനയുമുളവാക്കാവുന്ന പല പ്രസ്താവനകളും ഐ. സി. ചെയ്യുകയുമുണ്ടായി. സംശയമില്ല. അതിൽ ചിലതു മാത്രം ഉദാഹരണത്തിനായി ഇവിടെ പറയാം:=

1. 'കത്തോലിക്കരെ നയിക്കുന്ന നേതാക്കന്മാൎക്കു് ബുദ്ധിഭ്രമം പിടിപെട്ടതുപോലെ കാണപ്പെടുന്നു.'

2. 'കത്തോലിക്കാ നേതാക്കന്മാർ കാൎയ്യാനുബന്ധങ്ങളെക്കുറിച്ചാ-

ലോചിക്കാതെ വക്കാണത്തിനിറങ്ങി പുറപ്പെട്ടതു് വലിയ ഒരു നയവൈകല്യമായിപ്പോയെന്നാണു് എനിക്കു തോന്നുന്നതു്.'

3. 'സവണറോളയെപ്പോലെ എന്നെയും മഹറോൻ ചൊല്ലി അഗ്നികുണ്ഡത്തിലിട്ടു ദഹിപ്പിക്കണമെന്നാണു് അപ്നാദേശ് പത്രാധിപരുടെ ആഗ്രഹം.'

4. 'ഗവമ്മെണ്ടു പദ്ധതിക്കെതിരായുള്ള പ്രക്ഷോഭണം ന്യായയുക്തമല്ലെന്നു പറയുന്നവരെയെല്ലാം കഠിനമായി അക്ഷേപിച്ചു് ഞായറാഴ്ചകളിലും ധ്യാനങ്ങളിലും പ്രസംഗിക്കുന്നവരിൽ അധികം സുറിയാനികമ്മെലീത്താ വൈദികരാണു്''

5. 'സകല കമ്മെലീത്ത വൈദികരും അവരുടെ ആയുധങ്ങളായ ദീപിക കമ്മെലകുസുമം മുതലായ പത്രങ്ങളും പ്രക്ഷോഭണത്തെ ഉത്തേജിപ്പിക്കുന്നുണ്ടല്ലോ.'

6. 'ചില കത്തോലിക്കാവൈദികന്മാർ ഈ പ്രക്ഷോഭണത്തെ ഒരു കുരിശുയുദ്ധം ആക്കിയിരിക്കുകയാണു്. അവർ സമാധാനത്തിൻെറ സന്ദേശം പ്രഖ്യാപിക്കുന്നതിനുള്ള പുൾപ്പിററുകളിൽനിന്നു യുദ്ധമാണു പ്രഖ്യാപനം ചെയ്യുന്നതു്.'

7. 'ഞാനീ വൃത്താന്തങ്ങൾ ഇവിടെ പറയുന്നതു് ഇങ്ങനെയുള്ള പ്രസംഗങ്ങൾക്കായി വൈദികന്മാർ പുൾപ്പിററുപയോഗിച്ചുതുടങ്ങിയാൽ അതു കാലക്രമേണ കത്തോലിക്കാസഭയ്ക്കു് ദോഷകരമായിത്തീരുമെന്നു കത്തോലിക്കരെ ഉൽബോധിപ്പിക്കുന്നതിനുവേണ്ടി മാത്രമാകുന്നു.'

8. 'കത്തോലിക്കർ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രക്ഷോഭണം കത്തോലിക്കാസമുദായത്തിനു അത്യന്തം ദോഷകരമാണു്.'

9. (പനമ്പള്ളി) 'പദ്ധതി ഏററം സമീചീനമാണെന്നാണു് എൻെറ പക്ഷം...............ഇതിനേക്കാൾ ന്യായമായ ഒരു പദ്ധതി ഉണ്ടാകുവാൻ സാധിക്കുമെന്നു തോൻന്നില്ല.'

10. 'കത്തോലിക്കാനേതാക്കന്മാർ സ്വീകരിച്ച മാർഗ്ഗം ഏററം ഗർഹണീയമാണെന്നു എനിക്കു തോന്നിയിരുന്നു.'

11. 'കത്തോലിക്കാ സഭയുടെ യോദ്ധാക്കളായി യോഗങ്ങളിൽ പ്രസംഗിക്കുന്നവർ കത്തോലിക്കാ ധമ്മശാസ്ത്രമനുസരിച്ചു് ഉത്തമമായ പശ്ചാത്താപത്തോടെ കുമ്പസാരിക്കുവാനുള്ള കോപ്പുകളാണു് പറഞ്ഞുകൂട്ടുന്നതു്.'

12. 'മക്കൾ അപ്പം ചോദിക്കുമ്പോൾ പിതാക്കന്മാർ കല്ലു കൊടുക്കുന്നില്ലെന്നും മുട്ട ചോദിക്കുമ്പോൾ തേളിനെ കൊടുക്കുന്നില്ലെന്നും സുവിശേഷത്തിൽ നാം കാണുന്നുണ്ടല്ലോ. കല്ലു് അപ്പമല്ലെന്നും തേൾ മുട്ടയ

ല്ലെന്നും ഒരു തത്വശാസ്ത്രവും ഗ്രഹിച്ചിട്ടില്ലാത്ത പാമരനുമറിയാം. അദ്ധ്യാപകന്മാർ വളരെക്കാലം കരഞ്ഞതിൻെറ ഫലമായി അവക്ക് അപ്പം കിട്ടുന്നതിനൊരു മാർഗ്ഗം പിതാക്കന്മാരെന്ന ഭാവമില്ലായിരുന്നിട്ടും ഗവമ്മെണ്ടു നിർദ്ദേശിച്ചു. ആ മാർഗ്ഗത്തിൽ പിതാക്കന്മാരിടപെടുകയാൽ അദ്ധ്യാപകന്മാക്കുണ്ടായിരുന്ന അപ്പം നഷ്ടപ്പെട്ടുവെന്നു മാത്രമല്ല അവർ തേളിൻെറ കുത്ത് ഏൽക്കേണ്ടതായും വന്നിരിക്കുന്നതു് കഷ്ടമായിരിക്കുന്നു.'

മെത്രാന്മാരുടെ പ്രസ്താവനയിൽ നയതന്ത്രക്കുറവുണ്ട്; അവരുടെ പ്രസ്താവനവഴി തങ്ങളുടെ പ്രശസ്തിയെ അവർ വദ്ധിപ്പിച്ചു രാഷ്ട്രത്തിൻെറ പ്രശസ്തിയെ മ്ലാനമാക്കുകയാണ്. കത്തോലിക്കാമെത്രന്മാർ സംഘാതമായി പ്രവത്തിക്കുമ്പോഠം പണ്ടു പ്രത്യക്ഷമാക്കാറുള്ള മുൻനോട്ടം ഈ വിഷയത്തിൽ ഇല്ല. കത്തോലിക്കാമെത്രാന്മാർ കത്തോലിക്കാ കോൺഗ്രസ് പ്രസിഡണ്ടിനാൽ നയിക്കപ്പെടുന്നു. അദ്ദേഹത്തിനവർ കീഴ്പ്പെട്ടുപോയി. മെത്രാന്മാരുടെ അന്ത്യശാസനം ബഹുമാനകരമായ ഒത്തുതീപ്പിനു വഴി അടച്ചു. ഇങ്ങനെയെല്ലാം ഐ. സി. തൻെറ "അദ്ധ്യാപക പ്രശ്നം" എന്ന ഗ്രന്ഥത്തിലും മററുമായി മെത്രാന്മാരെപ്പററി അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങഠം ചെയ്തിരിക്കുന്നതു് ഏതൊരു കത്തോലിക്കൻെറ വികാരങ്ങളെയാണ് മുറിപ്പെടുത്താതിരിക്കുക? വൈദികരുടെയും വൈദികാദ്ധ്യക്ഷന്മാരുടെയും ഔദ്യോഗിക പ്രവത്തനങ്ങളെപ്പററി പരസ്യമായ വിമശനങ്ങഠം നടത്തുവാൻ ഐ. സി. യെപ്പോലുള്ള കത്തോലിക്കക്കേ സാധിക്കുകയുള്ളു. ഇത്തരം പരസ്യമായ വൈദികവിമശം 2000 കൊല്ലത്തെ കേരളസഭാചരിത്രത്തിൽ എപ്പോഴെങ്കിലും ഒരു കത്തോലിക്കനിൽനിന്നുണ്ടായിട്ടുണ്ടോ എന്നുതന്നെ ഞങ്ങഠം സംശയിക്കുന്നു. പൊതുജനങ്ങഠംക്കു ഉതപ്പും പുരോഹിതസ്ഥാനത്തോടും മെത്രാന്മാരോടും പ്രതിപത്തിക്കുറവും ഉളവാക്കുന്ന ചാക്കോയുടെ മേൽ പ്രസ്താവിച്ചതരം പ്രസ്താവനകളാണ് കമ്മെലകുസുമം പത്രാധിപരെ ദുഃഖിതനും ലജ്ജിതനും ആക്കിത്തീത്തതു്. "പത്രാധിപർ കോപാവിഷ്ടനായി" എന്ന സമത്ഥന വാദ്ധക്യകാലത്തു അദ്ദേഹം ചമച്ച ഒരു കവിതയായിട്ടേ കരുതേണ്ടതുള്ളു.

കുസുമം പത്രാധിപരുടെ അരിശം അതുകൊണ്ടും തീരാഞ്ഞിട്ട് "അപ്പാദേശി"ലെ ചില കുത്സാവചനങ്ങഠം ഉദ്ധരിച്ചു കോപം ശമിപ്പിച്ചുവെന്നാണല്ലൊ പുളിംകുന്നിലെ പണ്ഡിതശ്രേഷ്ഠൻ തുടന്നു പറയുന്നതു്. "അദ്ധ്യാപകപ്രശ്നം" എന്ന പേരിൽ അദ്ദേഹം 1951 ജനുവരിയിൽ കോട്ടയം വി. ഇ. പ്രസ്സിലും 1951 ജൂണിൽ ആലപ്പുഴ ആർ. കെ. പ്രസ്സിലും അച്ചടിപ്പിച്ചു പ്രസിദ്ധംചെയ്ത പുസ്തകങ്ങഠം രണ്ടിലേക്കും വായനക്കാരുടെ ശ്രദ്ധയെ സാദരം ക്ഷണിച്ചുകൊള്ളുന്നു. അപ്പാദേശിലോ ഈ ലഘുലേഖ

കളിലൊ ഏതിലാണ കൂടുതൽ കുത്സാവചനങ്ങൾ കടന്നുകൂടിയിട്ടുള്ളതെന്നു അനുവാചകർ വിധിക്കട്ടെ. ഞങ്ങൾ മേലുദ്ധരിച്ച അദ്ദേഹത്തിൻെറ വാചകങ്ങളിൽ കുത്സനം കലന്നിട്ടുണ്ടോ എന്നു പത്രാധിപന്മാരെയൊക്കെ പ്രതിക്കൂട്ടിൽ കയററി വിചാരണ നടത്തുമെന്നു പറഞ്ഞു പേടിപ്പിക്കുന്ന ശ്രീ. ചാക്കോതന്നെ ശാന്തമായി ചിന്തിച്ചുനോക്കുന്നതു കൊള്ളാം. പത്രാധിപന്മാക്കും പണ്ഡിതന്മാക്കും ഒന്നുപോലെ സ്വാഗതം അരുളുവാൻ വൈമുഖ്യമില്ലാത്ത ഒരു സ്ഥാനമാണല്ലൊ പ്രതിക്കൂട് എന്നും ഓർമ്മിക്കണം.

## "ആനമണ്ടനും ഉദ്ധതനും"

മംഗലപ്പുഴ സെമ്മിനാരിപോലുള്ള വൈദിക വിദ്യാലയങ്ങൾക്കല്ലാതെ ന്യൂനപക്ഷങ്ങൾ നടത്തുന്ന സാധാരണ സ്കൂളുകൾക്ക് ഗവർമ്മെണ്ടിൽനിന്ന് ഗ്രാൻറിനു അഹ്തയില്ലെന്നും 'ഈ പ്രക്ഷോഭണം കൊണ്ടു നാമെങ്ങിനെയാണ ലക്ഷ്യത്തെ പ്രാപിക്കുവാൻ പോകുന്നതു്' എന്നുംമററും പറഞ്ഞ പണ്ഡിതശ്രേഷ്ഠൻ– ഒരു 'പൊന്നിൻകുരുത്തുരുക്കൽ' പദ്ധതി വിഭാവനംചെയ്ത ശ്രീ ഐ. സി. ചാക്കോ–'ആനമണ്ട'നാണെന്നും 'ഉദ്ധത'നാണെന്നും ഞങ്ങൾ പറഞ്ഞിട്ടില്ല എന്നതാണ പരമാത്ഥം. ശ്രീ. ചാക്കോതന്നെ അദ്ദേഹം 'ഒരു മണ്ടനുമായിരുന്നു' എന്ന് ദീപിക ആഴ്ചപ്പതിപ്പിൻെറ ഒന്നും രണ്ടും പുസ്തകങ്ങളിലായി ഒരു ലേഖനപരമ്പര മത്തങ്ങാശീർഷകത്തിൽ എഴുതിയിരുന്നതായി ഓർമ്മിക്കുന്നുണ്ട്. 'അഹങ്കാരം എന്ന ദോഷം' കത്തോലിക്കാ തിരുസ്സഭയ്ക്കുണ്ടെന്നു ലത്തീൻ പേച്ചിൽ പറഞ്ഞു മലയാളികളെ മനസ്സിലാക്കുന്ന പണ്ഡിതശിരോമണി മണ്ടനാണെന്ന് വിനീതനായ അദ്ദേഹമല്ലാതെ മററാരെങ്കിലും പറയുമോ?

## ഐ. സി. ചാക്കോയോ മാനുവൽ പൈകടയോ?

അഖിലഭാരത വിഖ്യാതന്മാരായ ശ്രീ. ദുർഗ്ഗാദാസ് ബാസു മുതലായ നിയമപണ്ഡിതശ്രേഷ്ഠന്മാരുടെ നിയമവ്യാഖ്യാനമാണ് ശ്രീ ചാക്കോയുടെ വ്യാഖ്യാനത്തേക്കാൾ സ്വീകാര്യമായിട്ടുള്ളതു് എന്നൊരു ധ്വനി കമ്മ്യൂലകുസുമത്തിലെ ലേഖനത്തിലുണ്ടായിരുന്നു. ഇപ്പോഴും ഞങ്ങൾ അങ്ങനെതന്നെ പറയുന്നു. അതു അദ്ദേഹത്തെ 'ആനമണ്ട'നാക്കാൻവേണ്ടി പറഞ്ഞതല്ല. ശ്രീ ചാക്കോ ഒരു നിയമ "വ്യാഖ്യാനസക്സസിനു പുറപ്പെട്ടതിൽ"

അത്ഭുതംകൊണ്ട നിയമജ്ഞനായ ശ്രീ മാനുവൽ പൈകട ഐ. സി. യുടെ ദൃഷ്ടിയിൽ "മഹാനിയമ പണ്ഡിത"നായിരിക്കയോ അല്ലാതിരിക്കയോ ചെയ്തുകൊള്ളട്ടെ. ഇന്നു ചാക്കോയുടെ അഭിപ്രായത്തിനൊ ഞങ്ങൾ പ്രകീർത്തിച്ച ശ്രീ പൈകടയുടെ അഭിപ്രായത്തിനോ ഏതിനാണ് വില കല്പിക്കേണ്ടത്? ശ്രീ ചാക്കോയോ ശ്രീ മാനുവലോ ആരാണ് "മിടുക്കൻ" നിയമജ്ഞസദസ്സിൽ? "ശ്രീ ചാക്കോ നൽകുന്ന സങ്കുചിതാത്ഥം തീത്തും അടിസ്ഥാനരഹിതമായ ഒരഭ്യാസമെന്നേ പറവാൻ തരമുള്ളു." എന്നു ശ്രീ പൈകട അന്നു പറഞ്ഞ (മലബാർമെയിൽ 1950 ഡിസംബർ 6) തല്ലേ കോൺഗ്രസ് പ്രസിഡണ്ട് ബാബു പുരുഷോത്തമദാസ് താണ്ഡൻ, എച്ച് സി. മുക്കർജി, ഇൻഡ്യാഗവർമ്മെൻറിൻെറ നിയമവകുപ്പുമന്ത്രി ഡോക്ടർ അംബദ്കർ, മി. എൻ. എം. ബുച്ച് മുതലായവർ ശരിവച്ചിരിക്കുന്നത്. ഈ വ്യുല്പന്നമതികൾ ശ്രീ ചാക്കോ മുക്തകണ്ഠം പ്രശംസിച്ച പനമ്പള്ളി പദ്ധതിയെ എങ്ങനെ സ്വീകരിച്ചു? നിയമത്തെ എങ്ങനെ വ്യാഖ്യാനിച്ചു? എന്നെല്ലാം നാം കണ്ടുകഴിഞ്ഞു. അതൊക്കെ പോകട്ടെ; ഈ അവസരത്തിൽ ശ്രീ ചാക്കോയെ ഞങ്ങൾ സാദരം അറിയിക്കുവാനാഗ്രഹിക്കുന്നത് ഇതാണ്:– നിസ്വാത്ഥവും നിഷ്കളങ്കവുമായ തിരുസഭാഭക്തിയാൽ പ്രേരിതരായി, ക്രിസ്തുപ്രശസ്തിയെ മാത്രം ലക്ഷ്യമാക്കി, കത്തോലിക്കാ വിദ്യാഭ്യാസത്തിൻെറ വിജയത്തിനുവേണ്ടി മുഖംനോക്കാതെ കാര്യം പറയേണ്ടത് ഒരു കത്തോലിക്കാ പത്രത്തിൻെറ ധർമ്മമാണെന്നുള്ള കത്തവ്യബോധത്താൽ മാത്രമല്ലാതെ ശ്രീ. ചാക്കോ പറഞ്ഞതുപോലെ പത്രാധിപരുടെ അരിശം തീക്കാൻവേണ്ടിയല്ല, ആരെയും ആനമണ്ടനാക്കാനുമല്ല, പനമ്പള്ളി പ്പദ്ധതിയെ താലോലിക്കുന്ന അദ്ദേഹത്തെ കർമ്മെലകുസുമം എതിർത്തത്. ദീപിക എതിർത്തത്. മലബാർമെയിൽ എതിർത്തത്. അപ്നാദേശ് എതിർത്തത്. സത്യദീപവും സത്യനാദവും എതിർത്തത്. അല്ല, കത്തോലിക്കരാകമാനം എതിർത്തതും വൈദികർ പ്രസംഗിച്ചതും മെത്രാന്മാർ സ്വരമുയർത്തിയതും; എല്ലാം തിരുസഭാഭക്തിയാൽ പ്രേരിതരായി മാത്രമായിരുന്നു. ഈ വിദ്യാഭ്യാസപ്രക്ഷോഭണം കത്തോലിക്കാസഭയുടെ അഹങ്കാരത്തള്ളലായി താറടിക്കുവാൻ ശ്രീ. ഐ. സി. ഇനിയെങ്കിലും ബദ്ധപ്പെടുകയില്ലെന്ന് പ്രതീക്ഷിക്കട്ടയോ? പ്രക്ഷോഭണമാണ് നമ്മുടെ പ്രശ്നത്തെ വിജയമകുടം ചൂടിച്ചത്. നിസ്തുക്കമായ ഒരു പരമാത്ഥം മാത്രമാണത്. അതു കർമ്മെലീത്തരുടേതു മാത്രമല്ലായിരുന്നുതാനും.

# കുമ്പസാരത്തിനു കോപ്പുകൂട്ടുന്നു.

നമ്മുടെ വിദ്യാഭ്യാസപ്രശ്നത്തിന്റെ വിജയത്തിനായി മെത്രാന്മാരോടു യോജിച്ചുനിന്നുകൊണ്ട് പ്രയത്നിക്കുകയും പ്രസംഗിക്കയും ചെയ്തവരെപ്പററി ശ്രീ ഐ. സി. പറയുന്നത് "കത്തോലിക്കാസഭയുടെ യോദ്ധാക്കളായി യോഗങ്ങളിൽ പ്രസംഗിക്കുന്നവർ കത്തോലിക്കാ ധർമ്മശാസ്ത്രമനുസരിച്ച് ഉത്തമമായ പശ്ചാത്താപത്തോടെ കുമ്പസാരിക്കുവാനുള്ള കോപ്പുകളാണ് പറഞ്ഞുകൂട്ടുന്നത്." എന്നാണെല്ലോ. കുമ്പസാരം!! ഐ. സി. പറയുന്ന ആ കത്തോലിക്കാ ധർമ്മശാസ്ത്രത്തിൽ കുമ്പസാരവും കുർബാനയുമെല്ലാം ആരോ ചിലരുടെ മാത്രം കുത്തകയായി മാററിവച്ചിരിക്കുകയല്ലല്ലോ! കത്തോലിക്കാസഭയുടെ യോദ്ധാക്കളായി പ്രസംഗിക്കുന്ന ഇവർ മാത്രമേ കുമ്പസാരത്തിനു കോപ്പുകൾ കൂട്ടുന്നുള്ളു എന്നാണോ ശ്രീ ചാക്കോ കരുതുന്നത്? കുമ്പസാരത്തിനു കോപ്പുകൂട്ടിക്കൂട്ടി മാത്രം ജീവിക്കുന്നതാണു അതിഭയങ്കരം. തെററുകൾ ഉണ്ടാകുക മനുഷ്യസഹജമാണ്. എന്നാൽ തെററു മനസ്സിലാക്കി പശ്ചാത്തപിക്കാത്തതും കുമ്പസാരിക്കാത്തതുമാണ് മഹാപരാധം. പശ്ചാത്താപവും കുമ്പസാരവും ദൈവാനുഗ്രഹങ്ങൾക്കു വഴിതുറക്കുകയാണു ചെയ്യുന്നത്. 'സുകൃതസുരഭിലമായ' ഒരു ജീവിതം നയിക്കുവാനും അടുത്തടുത്തുള്ള കുമ്പസാരം മുഴവൻകുമ്പസാരം ഇവ സഹായിക്കുന്നു. അനുദിനം കുമ്പസാരിച്ചിരുന്നവർ വിശുദ്ധന്മാരുടെ ഇടയിൽ തന്നെ ചുരുക്കമല്ല. ഈ വിദ്യാഭ്യാസപ്രക്ഷോഭണകാലത്ത്, അതിന്റെ വിജയത്തിനായി എത്രഎത്ര കുമ്പസാരവും കുർബാന കൈക്കൊള്ളലുമാണു അബലകളും കുഞ്ഞുങ്ങൾപോലും നടത്തിയിരുന്നത്? എത്രഎത്ര മുള്ളരഞ്ഞാണങ്ങളും കൊടാരവുകളുമാണ് പനമ്പള്ളിപദ്ധതിയെ ഭയന്ന് നിർമ്മലാത്മാക്കളുടെ പാവന ശരീരങ്ങളിൽ സജീവമായി പ്രവർത്തനം നടത്തിയിരുന്നത്? എത്രയോ ദിവ്യപൂജകൾ അർപ്പിക്കപ്പെട്ടു? കേരളത്തിന്റെ നാനാഭാഗത്തുമുള്ള വിഹാരികകളിൽ വിഹരിച്ചിരുന്ന ജപമാലകൾ എത്ര സഹസ്രമായിരുന്നെന്നോ? പിഞ്ചുകുഞ്ഞുങ്ങൾപോലും എത്ര ആയിരം ത്യാഗകുസുമങ്ങളാണ് ശേഖരിച്ച് സ്വർഗ്ഗത്തേയ്ക്കയച്ചിട്ടുള്ളതെന്നോ? എത്ര രാത്രിആരാധനകളും ഉപവാസങ്ങളും നടത്തപ്പെട്ടിരുന്നെന്നോ? ഇതെല്ലാം അറിയാവുന്നവക്കേ അറിഞ്ഞുകൂടു. മി. ചാക്കോ പറയുന്ന വിധത്തിലല്ലെങ്കിലും ഊർജ്ജിതമായ കുരിശുയുദ്ധം-പ്രാർത്ഥനായുദ്ധം—നടക്കുക തന്നെ ചെയ്തു. കരുണാവാരിധിയായ ദൈവം നമ്മുടെ പ്രാർത്ഥനാസമരത്തെ തൃക്കൺപാർത്തു. നമ്മുടെ ത്യാഗങ്ങൾ അവിടുന്നു സ്വീകരിച്ചു. വിദ്യാഭ്യാസപ്രശ്നത്തിൽ നമുക്കു വിജയം അരുളിയ ദൈവത്തിനു നമുക്കു

നന്ദിപറയാം. പരിശുദ്ധ പിതാവിൻെറയും അവിടുത്തോടു യോജിച്ചുനി ല്ക്കുന്ന മെത്രാന്മാരുടേയും അഭിലാഷംപോലെ സാക്ഷാലുള്ള കത്തോലിക്കാ ചൈതന്യത്തിൽ നമ്മുടെ കുഞ്ഞുങ്ങൾ വളൎന്നുവരത്തക്ക വിദ്യാഭ്യാസത്തി നു ഇനിയും നമ്മുടെ നാട്ടിൽ വിജയമുണ്ടാകുവാൻ പ്രതിരോധങ്ങളെ വക വക്കാതെ നമുക്കു പ്രയത്നിക്കാം. ഉള്ളഴിഞ്ഞു നമുക്കു പ്രാർത്ഥിക്കാം. ഇ താണ് ക്രിസ്തുഭക്തി. ഇതാണ് തിരുസഭാസേവനം.

(കർമ്മലകുസുമം സെപ്ററംബർ 1951)

---

സത്യനാദം ജൂലായി 28-7-51

## അനുബന്ധം 2

# പനമ്പിള്ളി പദ്ധതി കുഴിച്ചുമൂടിയതിൽ അഭിനന്ദനം

---

പനമ്പിള്ളി പദ്ധതി അതൎഹിക്കുന്നവിധം ത്യാജ്യകോടിയിൽ ത ള്ളപ്പെട്ടതു നന്നായി. അതു ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്കു വിരു ദ്ധമാണെന്നു ഇന്ത്യാഗവൺമെൻറിൻെറ വിദ്യാഭ്യാസ വകുപ്പിനും, നിയമവ കുപ്പിനും ബോദ്ധ്യമായതിനാൽ അതു തൽക്കാലം അതിൻെറ ജനയിതാവി നെപ്പോലെതന്നെ പുറംതള്ളപ്പെട്ടതിൽ സന്തോഷമൊ, സഹതാപമൊ എ ന്താണ് പ്രകടിപ്പിക്കേണ്ടതെന്ന് അറിഞ്ഞുകൂടാ. 'ബുദ്ധിയുള്ള പൊന്മാൻ അററിൻവക്കത്തു മുട്ടയിടും' എന്നതുപോലെയാകുന്നു ഈ പനമ്പിള്ളി പ ദ്ധതിയുടെ പുറപ്പാട്. ഭൂരിപക്ഷംവരുന്ന ക്രിസ്ത്യൻ മാനേജുമെൻറിനു ദ്രോഹകരമായ ഈ ഏൎപ്പാട്, കുശാഗ്രബുദ്ധിയും, നിയമജ്ഞനും, തൃശ്ശിനാ പ്പള്ളി സെൻറ് ജോസഫ്സ് കോളേജ് പൂൎവ്വവിദ്യാൎത്ഥിയും മററുമായ ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ എങ്ങിനെ തയ്യാറാക്കാൻ ഇടയായെന്നു ഇ ന്നുവരെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. അദ്ധ്യാപകന്മാൎക്കു ഗുണംചെയ്യു ന്നതിന് മാനേജർമാരെ ക്രൂച്ചുവിലങ്ങിൽ കെട്ടണമെന്നില്ലല്ലൊ. തിരുവി താംകൂറിലെ ചില ഹൈന്ദവനേതാക്കന്മാരെപ്പോലെ ക്രിസ്ത്യാനികളോടും അവരുടെ പ്രവൎത്തനങ്ങളോടും പനമ്പിള്ളിക്കു അവജ്ഞയൊ, നീരസമോ, അസൂയയൊ, മററുമില്ലാത്തതാണ്. ഗുണമായാലും, അല്ലെങ്കിലും തൻെറ അഭിപ്രായങ്ങൾ തുറന്നുപറയുന്ന ഒരു ഗുണം അദ്ദേഹത്തിലുണ്ട്. ഇക്കാ ൎയ്യത്തിൽ പനമ്പിള്ളിക്കു ദുഷ്പ്രേരണ നൽകിയതാരെന്നും, പദ്ധതിയി

ന്മേൽ പിടിച്ചുനില്ക്കുവാനുള്ള ദുശ്ശാഠ്യം എന്തുകൊണ്ടു നിലനിർത്തിയെന്നും ഒരു വിശദീകരണം ആവശ്യമാണ്. കാര്യവിവരവും, ത്രാണിയും, തന്റേടവും, പഠിപ്പും, പരിചയവുമുള്ള ഒരു മന്ത്രി ഇങ്ങനെ പരിഹാസപാത്രമാകുന്നതിൽ കൊച്ചീക്കാർക്കു ഖേദമുണ്ട്. പക്ഷേ, കത്തോലിക്കാസഭയെ എതിർത്ത നെപ്പോളിയനും, ബിസ്മാർക്കും, ഹിററ്ലരും, മുസ്സോലിനിയും എവിടെ? പനമ്പിള്ളിയെവിടെ?

പദ്ധതിയെ പൊക്കിപ്പിടിച്ചു പ്രകാശിപ്പിച്ചു ഖ്യാതി സമ്പാദിച്ച ചാക്കോച്ചനും, ജോസഫും മററും ഇപ്പോൾ എന്തു പറയും?

മാനേജ്മെൻറിൻെറ മൗലികാവകാശങ്ങൾക്കുവേണ്ടി സുധീരം ഡെൽഹിവരെ പൊരുതി വിജയം സമ്പാദിച്ച നേതാക്കന്മാർ അഭിനന്ദനാർഹന്മാർതന്നെ, നിശ്ചയം.

അദ്ധ്യാപകന്മാർക്കു വേണ്ടപോലെ ശമ്പളം കൂട്ടിക്കൊടുക്കുവാനുള്ള ശ്രമങ്ങളാണു ഇനി വേണ്ടതു്. എന്നാൽ പനമ്പിള്ളിയോടൊന്നിച്ചു സ്റ്റ്റൈക്കിനും, വക്കാണത്തിനും വഴിതെളിച്ചവർ ഇനിയെങ്കിലും അദ്ധ്യാപകവൃത്തിയുടെ മഹാത്മ്യങ്ങളും ചുമതലകളും ഗ്രഹിക്കുമെന്നു വിശ്വസിക്കട്ടയോ? കേവലം തൊഴിലാളിയെപ്പോലെ 'ഇങ്കിലാബും;' പറഞ്ഞു ചുററിനടന്നു പരാജയമടഞ്ഞവർ, മേലിൽ അച്ചടക്കബോധത്തോടും, കൃത്യനിഷ്ഠയോടും കൂടി സന്മാതൃക കാണിച്ചുകൊടുത്തു അദ്ധ്യയനം നടത്തുവാൻ ശ്രമിക്കട്ടെ! പല മാസങ്ങളായി നാട്ടിൽ അനാവശ്യ കുഴപ്പങ്ങൾക്കു ഇടകൊടുത്ത ഈ ദുഷിച്ച പദ്ധതി കുഴിച്ചുമൂടുവാൻ കേശവൻ മന്ത്രിസഭയ്ക്കു സാധിച്ചതു ഒരു ഭാഗ്യംതന്നെ. അതിൽ അവർ അഭിനന്ദനം നിശ്ചയമായും അർഹിക്കുന്നുണ്ട്.

(ഒരു രക്ഷകർത്താവ്)

(സത്യനാദം 18-8-51)

# കയറിയ കടവിൽതന്നെ

ഐ. സി. ചാക്കോ

'പനമ്പള്ളി പദ്ധതി കുഴിച്ചുമൂടിയതിൽ അഭിനന്ദനം' എന്നതലക്കെട്ടിൽ ജൂലായി 28-ാംതീയതിയിലെ 'സത്യനാദ'ത്തിൽ പ്രത്യക്ഷമായ ലേഖനം ഞാൻ വായിക്കയുണ്ടായി. അതിൽ ഈ വാക്യം കാണുന്നു: "പദ്ധതിയെ പൊക്കിപ്പിടിച്ചു പ്രകാശിപ്പിച്ചു ഖ്യാതി സമ്പാദിച്ച ചാക്കോച്ചനും, ജോസെഫും മററും ഇപ്പോൾ എന്തുപറയും?"

ഇതിലെ 'ചാക്കോച്ചൻ' ഞാനായിരിക്കണമല്ലോ. പറഞ്ഞതു

തന്നെ ഞാനിപ്പോഴും പറയും. പനമ്പിള്ളി പദ്ധതിയെ ഞാൻ പൊക്കിപ്പിടിച്ചു പ്രകാശിപ്പിച്ചിട്ടില്ല. എന്നാൽ അതിനെതിരായി കത്തോലിക്കർ നടത്തിയ പ്രക്ഷോഭണത്തിന്റെ പ്രകാരങ്ങളെ, അല്ലെങ്കിൽ വിധങ്ങളെ, ഞാൻ തീവ്രമായി പ്രതിഷേധിച്ചിട്ടുണ്ട്. ആ വിധത്തിലുള്ള പ്രക്ഷോഭണം വൈദികാദ്ധ്യക്ഷന്മാരുടെ നിയോഗമനുസരിച്ചാണെന്നു പ്രക്ഷോഭണനേതാക്കന്മാർ ധ്വനിപ്പിച്ചപ്പോൾ എന്റെ പ്രതിഷേധം തീവ്രതരമായെന്നും പറയാം.

യുദ്ധ്യമാനമായ (militant) കത്തോലിക്കാസഭയുടെ വാചാലമായ ഒരു വിഭാഗത്തിന്റെ നയവിശേഷങ്ങൾ കത്തോലിക്കാസഭയുടെ ആദർശങ്ങളെക്കുറിച്ച് എനിക്കുണ്ടായിരുന്ന ബോധത്തെ അത്യന്തം കലുഷമാക്കിത്തീർത്തു. കത്തോലിക്കാസഭ പാറമേൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണെന്നും ദൈവമായ അതിന്റെ സ്ഥാപകൻ അതിന്റെകൂടെ സദാ ഉണ്ടായിരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. ആ സഭ യഥാവിധി പ്രഖ്യാപിക്കുന്നവിശ്വാസസത്യങ്ങളും സന്മാർഗ്ഗതത്വങ്ങളും യഥാർത്ഥമാണെന്നും ഞാൻ വിശ്വസിക്കുന്നു. എന്നാൽ ഏവംവിധമായ ഈ സഭയിൽപോലും ദുഷ്കൃത്യങ്ങളുണ്ടാകുമെന്നു സഭതന്നേ സമ്മതിക്കയും ചെയ്യുന്നു.

സഭ ഇതു സമ്മതിക്കുന്നുണ്ടുവെന്നുള്ള എന്റെ അനുമാനം സഭയുടെ ചില ഔദ്യോഗികപ്രാർത്ഥനകളിൽ നിന്നാണു് ഞാൻ ഗ്രഹിക്കുന്നതു്. ഉദാഹരണമായിട്ടു താഴെകാണുന്ന പ്രാർത്ഥന ഉദ്ധരിക്കാം:--

"Da Ecclesiae tuae, quaesumus Domine,............
superbe non sapere, sed tibi placita humilitate proficere..."
(Roman Breviary for the 15th June)

ദൈവത്തിന്റെ സഭയെ അഹങ്കാരമില്ലാത്തതാക്കിത്തീർക്കണമെന്നും ദൈവത്തിനു ഹിതമായ വിനയം അതിനു പ്രയോജനകരമായി തീർക്കണമെന്നും സഭ സ്വർഗ്ഗസ്ഥനായ പിതാവിനോടു പ്രാർത്ഥിക്കുന്നു. വിശ്വാസസത്യങ്ങളും സന്മാർഗ്ഗതത്വങ്ങളും പ്രഖ്യാപനം ചെയ്യുന്നതിൽ സഭ പ്രമാദരഹിതമാണെങ്കിലും അഹങ്കാരമെന്ന ദോഷം സഭയ്ക്കുണ്ടാകാമെന്നാണല്ലോ ഈ പ്രാർത്ഥനയിൽനിന്നു നാം അനുമാനിക്കേണ്ടതു്.

പനമ്പിള്ളിക്കെതിരായി തിരു-കൊച്ചിയിലെ കത്തോലിക്കർ നടത്തിയ പ്രക്ഷോഭണത്തിന്റെ സ്വഭാവം കണ്ടപ്പോൾ ഈ പ്രാർത്ഥനയിൽ വിവരിക്കപ്പെട്ടിരിക്കുന്ന ദോഷം അവരെ പിടികൂടിയിരിക്കുന്നുവെന്നെനിക്കു തോന്നിപ്പോയി. ഇതിനെയാണു ഞാൻ പ്രതിഷേധിച്ചതു്. പ്രസംഗവശാൽ ഇത്ര വലിയ ക്ഷോഭത്തിനു പനമ്പിള്ളിപദ്ധതിയിൽ കാരണം കാണുന്നില്ലെന്നു ഞാൻ പറഞ്ഞിട്ടുണ്ടായിരിക്കാം. ഇപ്പോൾ സാധിച്ചി

രിക്കുന്നുവെന്നു പറയുന്നിടത്തോളം സാധിക്കുന്നതിനു വൈദികാദ്ധ്യക്ഷന്മാരുടെ പ്രസ്താവനയും അതനുസരിച്ചുള്ള മാനേജർമാരുടെ നിസ്സഹകരണവും മാത്രം മതിയായിരുന്നു.

വൈദികാദ്ധ്യക്ഷന്മാരുടെ പ്രസ്താവനയിൽ ആവശ്യപ്പെട്ടിരിക്കുന്നതു ഗവമ്മെൻറുസഹായം ഗ്രാൻറ്-ഇൻ-എയ്ഡ് ആയിട്ടു കിട്ടണമെന്നാണ്. അതു കിട്ടാത്തിടത്തോളം കാലം നാം കയറിയ കടവിൽതന്നെയാണല്ലൊ.

'കത്തോലിക്കാസഭയെ എതിർത്ത നെപ്പോളിയനും' മററുമെവിടെ എന്നു 'ഒരു രക്ഷകത്താവായ' ലേഖകൻ ചോദിക്കുന്നു. ഇങ്ങനെയുള്ള ചോദ്യങ്ങൾ അഹങ്കാരത്തിൽനിന്നു വരുന്നതല്ലയോ എന്നു അദ്ദേഹം ആത്മശോധനചെയ്തു നോക്കേണ്ടതാണ്. അജ്ഞാനവും ഇവയ്ക്കു കാരണമാകുന്നു. മുസ്ലീങ്ങളെ ഉന്മൂലനം ചെയ്യുമെന്നു പറഞ്ഞുപോയ കുരിശുയുദ്ധക്കാരെവിടെ? ക്രിസോസ്തോം മുതലായ മഹാരഥന്മാരാൽ പരിപുഷ്ടമായിരുന്ന ഗ്രീക്കുസഭ (കത്തോലിക്കാസഭ) യെവിടെ? വി. ആഗുസ്തിനോസു സ്ഥാപിച്ചു പോഷിപ്പിച്ച കാൻറർബറി സിംഹാസനമെവിടെ? എന്നിങ്ങനെ മററുള്ളവർ നമ്മോടു ചോദിച്ചാൽ നാം എന്തുത്തരം പറയും?

ഇതെല്ലാം അഹങ്കാരത്തിൻെറ ഫലമായിരിക്കാം. ദൈവത്തിൻെറ അഗാധങ്ങളായ രഹസ്യങ്ങളെ അപഗ്രഥനംചെയ്തു നോക്കുവാൻ ശ്രമിക്കാതിരിക്കയാണുത്തമം.

പനമ്പിള്ളി പദ്ധതി 'കുഴിച്ചുമൂടി' എന്നിങ്ങനെയുള്ള കുൽസാവചനങ്ങൾ കൂടാതെ ലേഖകനു തൻെറ ആശയങ്ങൾ പ്രകടിപ്പിക്കരുതാഞ്ഞോ? കുൽസാവചനങ്ങൾ യുക്തിവചനങ്ങളായിരിക്കയില്ലല്ലൊ.

---

സത്യനാദം 18-8-51

# ശ്രീ: ഐ. സി. ചാക്കോയ്ക്കു മറുപടി.

ഒന്നിലധികം ചാക്കോമാർ പനമ്പിള്ളി പദ്ധതിയുടെ പിന്നാലെ ഓടി. എങ്കിലും അതിനെ പൊക്കിപ്പിടിച്ച ചാക്കോച്ചൻ 'ഞാനായിരിക്കണ്ണ'മെന്നു ശ്രീ: ഐ. സി. സമത്ഥിച്ചാൽ പറയാനുള്ളതു് "തൊപ്പി

പാകമെങ്കിൽ ധരിക്കട്ടെ" എന്നാണ്. സുദീർഘമായ ലേഖനങ്ങൾ മൂലം പദ്ധതിയുടെ വശങ്ങളെ പ്രകീർത്തിച്ചു നീതീകരിച്ചതു 'പൊക്കിപ്പിടിക്കൽ' അല്ലെന്നു ജ്ഞാനവൃദ്ധനായ അദ്ദേഹം പറഞ്ഞാൽ സമ്മതിച്ചുകൊടുക്കാതിരിക്കാമോ. എന്തെന്നാൽ "പറഞ്ഞതുതന്നെ ഞാൻ ഇപ്പോഴും പറയും" എന്ന മനഃസ്ഥിതിയെ ബഹുമാനിക്കണം. ഇതു അഹങ്കാരംകൊണ്ടും, ദുശ്ശാഠ്യംകൊണ്ടും, പദ്ധതിപ്രീയംകൊണ്ടും മററുമല്ലെന്നു സമ്മതിച്ചില്ലെങ്കിൽ പിന്നെയും അദ്ദേഹം വല്ലതും പറയും. പദ്ധതിയൊ പൊളിഞ്ഞു: ഇനി എന്തിനു മൂപ്പീന്നിനെ മുഷിപ്പിക്കുന്നു! വിട്ടേക്കു, പത്രാധിപരെ, കാരണവരെ!

അഹങ്കാരമെന്ന ദോഷം പദ്ധതിക്കെതിരായ പ്രക്ഷോഭണത്തിൽ അദ്ദേഹം കണ്ട ക്ഷണംതന്നെ നമ്മെ വിനയം പഠിപ്പിക്കുവാൻവേണ്ടി തൻെറ ചുമതല നിറവേററിയതാണല്ലൊ 'മനോരമ'യിലും 'ദീനബന്ധു'വിലും മററും കണ്ട ആ ലേഖനപരമ്പരകൾ. നിർഭാഗ്യവശാൽ നമ്മുടെ മെത്രാപ്പോലീത്താമാരും, മെത്രാന്മാരുംകൂടി (അഹങ്കാരത്താലോ അജ്ഞതയാലൊയെന്നു ചാക്കോച്ചനല്ലെ അറിയൂ!) പദ്ധതി നമുക്കു സ്വീകാര്യമല്ലെന്നു പ്രഖ്യാപിച്ചു. ഒല്ലൂരെ കത്തോലിക്കർ അതു എലക്ഷനിൽ ഒരു പ്രശ്നമാക്കി. (അഹങ്കാരികൾ!) വിശ്വാസികളും ഗുരുപ്പട്ടക്കാരും പ്രക്ഷോഭണത്തിൽ പങ്കെടുത്തു. (എന്തൊരു അധഃപതനം! ക്ഷമിക്കണം, ചാക്കോച്ചാ, ഇവർ ചെയ്യുന്നതു ഇവർ അറിയുന്നില്ലാ!) ഇതൊന്നും പുളിങ്കുന്നിലെ വിജ്ഞാനിക്കു പിടിച്ചില്ലാ. തൻെറ വിദൂരദൃഷ്ടിയിലൂടെ വീക്ഷിച്ചപ്പോൾ മററുള്ളവരുടെ അഹങ്കാര ലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടു. അതിനെതിരായി അദ്ദേഹം പത്രത്തിൽ എഴുതിയതിൽ നല്ല ഉദ്ദേശമല്ലാതെ മററൊന്നുമില്ലെന്നു ഇപ്പോൾ തെളിഞ്ഞല്ലൊ. എന്നാൽ പനമ്പള്ളി പുറത്താകയും പദ്ധതി നിഷിദ്ധമാകയും ചെയ്തപ്പോൾ, അഹങ്കാരം വദ്ധിച്ചവരായതിൻെറ ഫലമായി 'പദ്ധതി കുഴിച്ചുമൂടി'യെന്നു എഴുതിപ്പോയ മഹാ പാപത്തിനുവേണ്ടി പശ്ചാത്താപം പ്രകടിപ്പിക്കണമെന്നു ചാക്കോച്ചൻ പറഞ്ഞാൽ ചെയ്യാതിരിക്കാൻ ആക്കും ധൈര്യംവരികയില്ലാ. അല്ലെങ്കിൽ "പറഞ്ഞതുതന്നെ ഞാൻ ഇപ്പോഴും പറയും." അതു കഠിനവും, അസഹ്യവുമായിരിക്കും. 'കുഴിച്ചുമൂടിയതു്' പനമ്പിള്ളിക്കുതന്നെ വിഷമമുണ്ടാക്കിയതായി അദ്ദേഹം പ്രസ്താവിച്ചു.

ശരി, ചാക്കോച്ചനു വിദൂരനമസ്കാരം ദൈവത്തിൻെറ രഹസ്യങ്ങൾ അദ്ദേഹമറിയുന്നതുപോലെ ആക്കറിയാം.

യാതൊരു ദുരുദ്ദേശവുമില്ലാതെ എത്രയോ വിഡ്ഢിത്തങ്ങൾ ലോകത്തിൽ നടക്കുന്നു. വെറും നല്ല കാര്യമായ അദ്ധ്യാപകവേതന വദ്ധനവിനു

വേണ്ടിയാണല്ലോ പദ്ധതിയെന്ന വയ്യാവേലിയെ പനമ്പിള്ളി രൂപീകരിച്ച
ത്. പരിശുദ്ധമായ ഉദ്ദേശത്തോടെആണ് അതിനെ ചിലരെല്ലാം പിന്താ
ങ്ങിയത്. പക്ഷെ നിർഭാഗ്യമെന്നു പറയട്ടെ; അഹങ്കാരികളുടെ പ്രേക്ഷാ
ഭണം വിജയിച്ചു വശായി! ഡ്റാക്കോയുടെ കോഡും, റൌലററ് ആക്
റ്റും പനമ്പിള്ളി പദ്ധതിയും ചരിത്രത്തിൽ നിലനിൽക്കും. ചാക്കോച്ച
നും!

ഇനിമേലിൽ സഭയിൽ അഹങ്കാരം കുറഞ്ഞും, ചാക്കോച്ചനിൽ വി
നയം വർദ്ധിച്ചും വരുവാൻ നമുക്കെല്ലാം പ്രാർത്ഥിക്കാം.

(ഈ വാദപ്രതിവാദത്തിനു ഇനി പത്രസ്ഥലം അനുവദിക്കുന്ന
തല്ല. (സ. പ)

—০—

സത്യനാദം 18-8-51

# വെറും കുറിപ്പുകൾ

അഗാധപണ്ഡിതനായ ശ്രീ. ഐ. സി. ചാക്കോയ്ക്കു അറിഞ്ഞുകൂ
ടാത്ത കാര്യമില്ലെന്നു തോന്നും അദ്ദേഹത്തിൻെറ ചില ലേഖനങ്ങൾ വാ
യിച്ചാൽ. കത്തോലിക്കാ വിദ്യാഭ്യാസപ്രശ്നത്തിൽ മെത്രാന്മാൎക്കു തെററുപ
ററിയാൽകൂടി, ശ്രീ ചാക്കോയ്ക്കു തെററു വരികയില്ല. പനമ്പിള്ളിപ്പദ്ധതി
ക്കാര്യത്തിൽ വിവേകിയായ ആ മന്ത്രിയെത്തന്നെ വഴിതെററിച്ചു കുഴിയി
ലിറക്കിയ അപൂർവ്വം ചില ക്രിസ്ത്യാനികളുടെ കൂട്ടത്തിൽ ചാക്കോച്ചനും മു
ണ്ടശ്ശേരിയുംമാത്രമേ അവശേഷിച്ചിട്ടുള്ളുവെന്നു തോന്നുന്നു. അതു പോകട്ടെ!

ഇപ്പോൾ ഇതാ ഇലവുംതിട്ട മലയിൽ മണ്ണെണ്ണയുണ്ടോയെന്നു ഒരു
ശങ്കയുള്ളതായി ചിത്രമെഴുത്തു ശ്രീ. കെ. എം. വറുഗീസ് ഒരു ലേഖനമെഴു
തിയതിനെ പ്രതിഷേധിക്കുന്നതിനായി ഒരു കാലത്തു തിരുവിതാംകൂറിൽ
മൈക്കോളജിസ്ററും വ്യവസായഡയറക്ടരുമായിരുന്ന വയോവൃദ്ധൻ ഇറ
ങ്ങിപ്പുറപ്പെട്ടിരിക്കുന്നു. പുളിങ്കുന്നു എന്ന കുന്നിനുമേൽ വേറൊരു കുന്നി
ന്മേലും കാലൂന്നുവാൻ വഹിയാത്ത ഐ. സി. അവിടെ കുത്തിയിരുന്നു പ
ത്രങ്ങളിലെഴുതുകയല്ലാതെ ഇലവുംതിട്ട മലയും പരിസരങ്ങളും കയറിയിറ
ങ്ങി ഗവേഷണം ചെയ്യുവാൻ നിവൃത്തിയില്ലാത്തഘട്ടത്തിൽ തോന്നിയതെ
ല്ലാം കുറിച്ചുവിട്ടുകൊണ്ടിരിക്കുന്ന സാഹസംഅത്യത്ഭുതമായിരിക്കുന്നു. ഇ
ന്ത്യയിൽ ചിലേടങ്ങളിൽ മണ്ണെണ്ണയുണ്ടാകാൻപാടില്ലെന്നില്ല. ഇലവന്തി
ട്ടമലയിൽ ആവശ്യമായ പര്യവേഷണങ്ങൾ ഉടനെ ആരംഭിക്കുന്നതിനു ഇ

ന്ത്യാഗവമ്മെൻറു് ഉത്സാഹിക്കമ്പോഠം പഴയ വ്യവസായതല്പരൻ അതിന്ന പ്രതിബന്ധമായി വരുന്നതു ശരിയൊ? ചിത്രമെഴുത്തിൻെറ മനോധമ്മത്തിൽ തെററുവന്നെങ്കിൽ അതപ്പോഠം തെളിയുമല്ലൊ. കിഴവന്മാക്കാണു ഇപ്പോഠംക്ഷമ അശേഷമില്ലാത്തതു്. മററു പ്രദേശങ്ങളിൽ അപൂർവമായ വസ്തുക്കഠം തിരുവിതാംകൂറിൽ സുലഭമായി പലതുമുണ്ടു്. അതിൽ ഒന്നു് മണ്ണെണ്ണയാവാൻ പാടില്ലെന്നില്ല. നിശ്ചയമായും മററൊന്നു് ശ്രീ. ഐ. സി. ചാക്കൊ തന്നെ.

## എൻെറ വയസ്സിനെക്കുറിച്ചു് ഒരു 'വെറുംകുറിപ്പു്'

(ഐ. സി. ചാക്കൊ)

(ഈ പ്രത്യാഖ്യാനം പ്രസിദ്ധംചെയ്യുതിന്നു സത്യനാദത്തിന്ന ദയവുണ്ടായില്ല. ഇതു വായിച്ചുകഴിയുമ്പോഠം കാരണം സ്പഷ്ടമാകും. തങ്ങഠം പറയുന്ന അബദ്ധങ്ങളെ ഗോപനം ചെയ്യുന്നതിനായി പ്രത്യാഖ്യാനങ്ങഠം പ്രസിദ്ധം ചെയ്യാതിരിക്കുന്നതിന്ന പത്രാധിപന്മാക്ക വകാശമുണ്ടല്ലൊ.)

'സത്യനാദ'ത്തിലെ 'വെറുംകുറിപ്പുകഠം' ഞാൻ സാമാന്യമായി വായിക്കാറുണ്ടു്. എന്നാൽ ഈ ആഗസ്റ്റ് 18-ാം തീയതിയിലെ 'വെറും കുറിപ്പുകഠം' ഞാൻ വായിക്കുന്നതിന്നിടയായില്ല. ആ ലക്കത്തിൽ 'ഒരു രക്ഷകത്താവ്' പ്രദർശിപ്പിച്ചിരുന്ന രത്നത്തിൻെറ ശോഭയാൽ അപഹൃതചിത്തനായിത്തീന്നു ഞാൻ മററു രത്നങ്ങഠം തേടിപ്പിടിക്കുവാൻ വിട്ടുപോയതായിരിക്കാം. എൻെറ പണ്ഡിതനായ ഒരു സ്നേഹിതൻ എൻെറ ശ്രദ്ധയെ അതിലേക്കാകർഷിച്ചതിന്ന ശേഷമാണു് ആ 'വെറും കുറിപ്പുകഠം' ഞാൻ വായിച്ചതു്. 'ഒരു രക്ഷകത്താവിൻെറ' രത്നത്തിൻെറ ശോഭയെ ഇതിൻെറ ശോഭ അതിശയിക്കുമെന്നു തോന്നുന്നു.

'ഒരു രക്ഷകത്താവി'ന്ന മറുപടി നൽകുവാൻ പത്രാധിപർ എന്നെ അനുവദിക്കുന്നില്ല. എന്നാൻ 'വെറും കുറിപ്പി'ൻെറ കാര്യത്തിൽ അങ്ങനെയൊരു നിരോധനം പത്രാധിപർ എനിക്കു നൽകിയിട്ടില്ലാത്തതിനാൽ ഈ കുറിപ്പു ഞാൻ അയച്ചുകൊള്ളുന്നു.

'വെറുംകുറിപ്പു'കാരനായ 'പി' എനിക്കെതിരായി പ്രയോഗിക്കു

ന്ന ആയുധങ്ങളിൽ മുഖ്യമായതു പരിഹാസമാണ്. ഈ ആയുധത്തിൻെറ പ്രത്യാഘാതങ്ങളെന്തെല്ലാമെന്നു 'പി' ആലോചിച്ചിട്ടുണ്ടായിരിക്കുമല്ലൊ. പരിഹാസം യുക്തിയായിരിക്കണമെന്നു വിചാരിക്കുന്ന ഒരുതരം വായനക്കാക്കു വേണ്ടിയായിരിക്കാം 'സത്യനാദം' നിലകൊള്ളുന്നതു്. അത്തരമല്ലാത്ത വായനക്കാരും 'സത്യനാദം' വായിക്കാറുണ്ടെന്നു എനിക്കു കിട്ടിയ ചില എഴുത്തുകളിൽ നിന്നു ഞാൻ മനസ്സിലാക്കുന്നു.

'പി'യുടെ ദൃഷ്ടിയിൽ യാതൊരു കായ്യത്തെക്കുറിച്ചും അഭിപ്രായം പറയുന്നതിന്ന് എന്നെ അയോഗ്യനാക്കിത്തീത്തിരിക്കുന്നതു് എൻെറ വയസ്സാണ്. എന്നെക്കാൾ വയസ്സു കൂടിയിരുന്ന ബെർണാഡ്ഷായ്ക്കു ഗഹനമായ പല കായ്യങ്ങളെക്കുറിച്ചും അഭിപ്രായം പറയാമായിരുന്നു. എന്നെക്കാൾ വയസ്സു കൂടുതലുള്ള ബെർട്രാൻഡ് റസ്സലിനു അഗാധങ്ങളായ തത്വവാദങ്ങൾ ചെയ്യാം. എന്നെക്കാൾ വയസ്സുകൂടിയ ചച്ചിലിനു ലോകമഹാകായ്യങ്ങൾ നയിക്കാം. സ്വദേശത്തേയ്ക്കു കടന്നു നോക്കിയാൽ എന്നെക്കാൾ വൃദ്ധനായ എറണാകുളം മെത്രാപ്പോലീത്താതിരുമനസ്സിലേക്ക് ഒരു തിരുപതയും സംസ്ഥാനവും ഭരിക്കാം. എന്നെക്കാൾ വൃദ്ധനായ ശ്രീ മാമ്മൻമാപ്പിളയ്ക്കു് 'മലയാളമനോരമ' നടത്താം. എന്നെക്കാൾ വൃദ്ധനായിരുന്ന ശ്രീ പി. സി. വക്കിക്കു 'സത്യനാദ'വും നടത്താമായിരുന്നു. 'ചാക്കോച്ചി'നു മാത്രം ഒന്നും പാടില്ല. "പുളിംകുന്ന് എന്ന 'കുന്നിനു' മേൽ വേറൊരു കുന്നിൻമേലും കാലൂന്നുവാൻ വഹിയാത്ത ഐ. സി." യാണു ഞാൻ. പരിഹാസത്തിനു പോലും തന്മയത്വം നൽകാത്ത ഒരു ദുർവ്വാദം.

ഇലവുംതിട്ട മലയിൽ മണ്ണെണ്ണയില്ലെന്നു ഞാൻ പറഞ്ഞതാണു ജരാജന്യമായ എൻെറ ബുദ്ധിമാന്ദ്യത്തിനു തെളിവായിട്ടു 'പി' കൊണ്ടുവരുന്ന ഒരുദാഹരണം. തൻെറ പരിഹാസത്തിനു തീക്ഷ്ണത കൂട്ടുന്നതിനായി ഇരുപത്തിയഞ്ചു വഷത്തോളം തിരുവിതാംകൂറിൻെറ ഒരററം മുതൽ മറേറ അററം വരെ ജിയൊളോജിക്കൽ സർവേ നടത്തുകയും നടത്തിക്കയും ചെയ്ത എന്നെ ഇങ്ങനെയുള്ള കായ്യങ്ങളോടു യാതൊരു ബന്ധവുമില്ലാത്ത ഒരു 'മൈക്കോളജിസ്റ്റ്' ആക്കിയിരിക്കുന്നു. തിരുവിതാംകൂറിലെ ശിലാകൂടങ്ങൾ തമ്മിലുള്ള സംബന്ധങ്ങളെയും അവയോടു സാഹചയ്യമുള്ള ധാതുക്കളെയും കുറിച്ചു നേരിട്ടു ഗവേഷണം നടത്തിയിട്ടുള്ള ഞാൻ 'വേറൊരു കുന്നിലും കാലൂന്നുവാൻ വഹിയാതെ പുളിംകുന്നിൽ ഇരിക്കയാണെങ്കിലും ഇലവുംതിട്ടമലയിൽ മണ്ണെണ്ണയുണ്ടെന്നുള്ള വാദം അസംഗതമാണെങ്കിൽ ആ അസാംഗത്യം ചൂണ്ടിക്കാണിക്കാതിരിക്കുന്നതു പൗരധമ്മത്തിനു വിപരീതമായിരിക്കയില്ലേ?

'പി, പറയുന്നു: "....ചിത്രമെഴുത്തിൻെറ മനോധമ്മത്തിൽ തെററു

വന്നെങ്കിൽ അതപ്പോൾ (അതായതു് മണ്ണെണ്ണയുണ്ടോ എന്നു കുഴിച്ചുനോക്കിയതിൻെറ ശേഷം) തെളിയുമല്ലോ. കിഴവൻമാക്കാണു ഇപ്പോൾ ക്ഷമ അശേഷമില്ലാത്തതു്." കിഴവന്മാരിൽനിന്നും രാഷ്ട്രം നികുതി പിരിക്കുന്നുണ്ടല്ലോ. ഓരോരുത്തരുടെ 'മനോധമ്മം' ശരിയോ തെററോ എന്നു നോക്കുന്നതിനായി ലക്ഷക്കണക്കിനു രാഷ്ട്രം ചെലവുചെയ്യണമെന്നു ചിലർ വാദിക്കുമ്പോൾ രാഷ്ട്രകോശത്തെ പോഷിപ്പിക്കുന്ന 'കിഴവൻ'മാക്കും അതിനെ പ്രതിഷേധിക്കാം.

പരിഹാസത്തിനായി മാത്രം'പി'ഉന്നയിക്കുന്ന അനത്ഥകങ്ങളായ വാദങ്ങളെല്ലാം ഖണ്ഡിക്കുന്നതിനു ഞാൻ ഒരുമ്പെടുന്നില്ല. വിദ്യാസമ്പന്നരായ വായനക്കാക്കു സ്വമേധയാ അവയുടെ ആനർത്ഥക്യം കണ്ടുപിടിക്കുവാൻ കഴിയും. എന്നാൽ ചില വൃത്താന്തങ്ങൾ (Facts) 'പി' തെററിച്ചുപറഞ്ഞിരിക്കുന്നതു തിരുത്തിയില്ലെങ്കിൽ വിദ്യാസമ്പന്നന്മാക്കും ശരിയായ നിഗമനങ്ങളിൽ ചെന്നെത്തുവാൻ പാടില്ലാതെ വരുമല്ലോ.

"പനമ്പിള്ളിപദ്ധതിക്കാര്യത്തിൽ വിവേകിയായ ആ മന്ത്രിയെത്തന്നെ വഴിതെററിച്ചു കുഴിയിലാക്കിയ"തു ഞാനും ശ്രീ. മുണ്ടശേരിയുമാണെന്നു 'പി' പറയുന്നു. അല്ലെങ്കിൽ അങ്ങനെ ചെയ്തവരിൽ അഭിപ്രായം മാററാതെ ഇപ്പോഴും നില്ക്കുന്നവർ ഞങ്ങൾ രണ്ടുപേരും മാത്രമാണെന്നു പരിഹാസപൂർവ്വം അദ്ദേഹം പറയുന്നു. പദ്ധതിയുടെ രൂപീകരണത്തിൽ ശ്രീ മുണ്ടശ്ശേരി വഹിച്ചിരുന്ന ഭാഗം എന്താണെന്നെനിക്കു് നിശ്ചയമില്ല. ഞാൻ ഒരു ഭാഗവും വഹിച്ചിട്ടില്ലെന്നെനിക്കു് നല്ല നിശ്ചയമുണ്ടു്. ശ്രീ പനമ്പിള്ളിയോടെനിക്കു് യാതൊരു പരിചയവുമില്ല. പദ്ധതിക്കാര്യത്തിൽ അദ്ദേഹമോ മററാരെങ്കിലുമോ എന്നോടാലോചിച്ചിട്ടുമില്ല. എനിക്കു് ഇക്കാര്യത്തിൽ യാതൊരു താല്പര്യവുമില്ലായിരുന്നുതാനും- പദ്ധതി പുറത്തുവന്നതിനുശേഷവും എനിക്കതിൽ യാതൊരു കൗതുകവുമില്ലായിരുന്നു. അതിനെതിരായി പ്രക്ഷോഭണമാരംഭിച്ചപ്പോഴാണു് അതിൽ എനിക്കു കൗതുകമുണ്ടായിത്തുടങ്ങിയതു്.

ഇങ്ങനെ കൗതുകം ജനിച്ചതിൻെറ ശേഷം പദ്ധതിയുടെ ചരിത്രവും സാഹചര്യങ്ങളും ഞാൻ പഠിക്കുവാൻ തുടങ്ങി. ശ്രീമാൻ പനമ്പള്ളിയെ 'വഴിതെററിച്ചു കുഴിയിൽ' ആക്കിയതു കത്തോലിക്കാതാല്പര്യങ്ങളുടെ പ്രതിനിധികളായി അദ്ദേഹത്തിനു് നിർദ്ദേശങ്ങൾ നൽകിയിരുന്ന വൈദികരായിരുന്നു എന്നുള്ള അനുമാനത്തിലാണു ഞാൻ എത്തിച്ചേർന്നതു്. ഇവരെയും 'കുഴിയിൽ' ആക്കുവാൻ മററു ചിലർ ശ്രമിച്ചു. അതിൻെറ ഫലമായിരുന്നു പ്രക്ഷോഭണം. 'കുഴിയിൽ'അയതു് ആരെല്ലാമായിരുന്നാലും അധർമ്മം ഏതു പക്ഷത്തായിരുന്നുവെന്നാണു് നാം നോക്കേണ്ടതു്. പരിഹാസംകൊണ്ടു് അധർമ്മം ധർമ്മമാക്കാൻ ശ്രമിക്കുന്നതു യോഗ്യമല്ല.